# താമരമൊട്ടുകൾ

വാല്യം 25 | ജൂൺ 2023 | ലക്കം 06 | Price ₹20



**ഈശോയുടെ മാധുര്യമുള്ള തിരുഹൃദയമേ;**
**അങ്ങ് എന്റെ സ്നേഹമായിരിക്കണമേ.**

## താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

# Bishop's Programme

## June 2023

| | | |
|---|---|---|
| 01 - 11 | | Abroad |
| 12 - 16 | | Eranakulam |
| 17 | 06.30 | Thamarassery |
| | 11.00 | Thamarassery |
| | 14.00 | Bethania |
| 18 | | Kakkayam |
| 19 - 20 | | Delhi |
| 21 | 10.00 | Thamarassery |
| | 15.00 | Kakkadampoyil |
| | 18.00 | Thamarassery |
| 22 | 10.00 | Thamarassery |
| | 16.00 | Kodanchery |
| 23 | 06.15 | Kunnamangalam |
| 25 | | Chembukadavu |
| 27 | 10.30 | Thamarassery |
| 28 | 09.30 | Thiruvambady |
| 29 | 09.00 | Thamarassery |
| 30 | 17.00 | PMOC |

വാല്യം 25 താമരമൊട്ടുകൾ ജൂൺ 2023 ലക്കം 06


# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)



"എന്നാൽ പടയാളികളിലൊരുവൻ അവന്റെ പാർശ്വത്തിൽ കുന്തം കൊണ്ട് കുത്തി. ഉടനെ അതിൽ നിന്ന് രക്തവും വെള്ളവും പുറപ്പെട്ടു. അതു കണ്ടയാൾ തന്നെ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. അവന്റെ സാക്ഷ്യം സത്യവുമാണ്"

(യോഹ.19:34-35)


നന്ദിയോടെ....
വികാരി ജനറാൾ സ്ഥാനത്തുനിന്നും മാറി മുക്കം ഇടവകയിലേക്ക് സ്ഥലം മാറിയ
ബഹു. ജോൺ ഒറവുങ്കര അച്ചനും
ചാൻസലർ സ്ഥാനത്തുനിന്നും മാറി ദീപികയുടെ ജനറൽ മാനേജരായി സ്ഥാനമേറ്റ
ബഹു. ജോർജ്ജ് മുണ്ടനാട്ട് അച്ചനും
താമരശ്ശേരി രൂപതയുടെ നന്ദിയും പ്രാർത്ഥനയും
സ്വാഗതം.... ആശംസകൾ....
താമരശ്ശേരി രൂപതയുടെ പുതിയ വികാരി ജനറാൾ
ബഹു. മോൺ. അബ്രഹാം വയലിൽ അച്ചനും
ചാൻസലർ ബഹു. ചെറിയാൻ പൊങ്ങൻപാറ അച്ചനും
താമരശ്ശേരി രൂപതയുടെ സ്വാഗതവും ആശംസകളും


രൂപതാദിനം 2023
28 ഏപ്രിൽ 2023
സെന്റ് മേരീസ് മരിയൻ
തീർത്ഥാടന കേന്ദ്രം
കോടഞ്ചേരി

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 387 |
| 2. | പ്രോഗ്രാം ജൂൺ 2023 | 389 |
| 3. | സർക്കുലർ 8/2023 | 391 |
| 4. | സർക്കുലർ 9/2023 | 392 |
| 5. | മെയ്ദിന സന്ദേശം 2023 | 396 |
| 6. | കച്ചേരിക്കാര്യം | 403 |
| 7. | വിശ്വാസപരിശീലനം | 410 |
| 8. | ലിറ്റർജി കമ്മീഷൻ | 414 |
| 9. | ബൈബിൾ അപ്പോസ്തോലേറ്റ് | 415 |
| 10. | സെമിനാരി വാർത്തകൾ | 416 |
| 11. | ഫാമിലി അപ്പോസ്തലേറ്റ് | 418 |
| 12. | കമ്യൂണിക്കേഷൻ മീഡിയ | 419 |
| 13. | ചെറുപുഷ്പ മിഷൻലീഗ് | 420 |
| 14. | അൾത്താര സംഘടന (SMART) | 423 |
| 15. | പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 425 |
| 16. | അൽഫോൻസ കോളേജ് തിരുവമ്പാടി | 426 |
| 17. | വിദ്യാഭ്യാസരംഗം | 427 |
| 18. | സ്റ്റാർട്ട് | 430 |
| 19. | ഏയ്ഡർ എഡ്യൂകെയർ | 433 |
| 20. | കെസിവൈഎം-എസ്എംവൈഎം | 435 |
| 21. | മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് | 439 |
| 22. | ഇൻഫാം | 440 |
| 23. | മാതൃവേദി | 441 |
| 24. | കരിസ്മാറ്റിക് മൂവ്മെന്റ് | 444 |
| 25. | ബഥാനിയ ധ്യാനകേന്ദ്രം | 445 |
| 26. | വികസനവേദി | 448 |
| 27. | യേശുനിധി | 450 |
| 28. | അജപാലനക്കുറിപ്പുകൾ | 451 |

# BIRTH DAY Greetings

Rev. Fathers

| | | | |
|---|---|---|---|
| ,, | Pannikottu Augustine | June | 6 |
| ,, | Madathikunnel Varghese | ,, | 11 |
| ,, | Maliyeckal Joseph | ,, | 13 |
| ,, | Pulickal Sibi Kurian | ,, | 14 |
| ,, | Koonanickal Joseph | ,, | 14 |
| ,, | Thekkumkattil Joseph | ,, | 15 |
| ,, | Mavely Mathew | ,, | 19 |
| ,, | Thuravackal Augustine | ,, | 19 |
| ,, | Chakkummoottil Philip | ,, | 21 |
| ,, | Kocheelath Abraham | ,, | 28 |
| ,, | Nirappel Mathew | ,, | 28 |
| ,, | Vattottutharappel Thomas | ,, | 29 |
| ,, | Thakidiyil Mathew | ,, | 30 |
| ,, | Vadakkel Joseph | ,, | 30 |

**Mar Remigiose Inchananiyil**

# Feast Day
## Greetings

Rev. Fathers

| | | |
|---|---|---|
| Pottananickal Ephrem | June | 9 |
| Chennikkara Antony | | 13 |
| Karikunnel Antony | | 13 |
| Kozhuvanal Antony | | 13 |
| Purayidam Antony | | 13 |
| Varakil Antony | | 13 |
| Nandalath Johnson | | 24 |
| Kizhakkekunnel Simon | | 29 |
| Poovathinkal Paul | | 29 |
| Poothermannil Peter | | 29 |
| Vallopilly Simon | | 29 |

**Mar Remigiose Inchananiyil**

# പ്രോഗ്രാം ജൂൺ 2023

| | | |
|---|---|---|
| 01 | വ്യാഴം | വി. ജസ്റ്റിൻ |
| 04 | ഞായർ | **പരി. ത്രിത്വത്തിന്റെ തിരുനാൾ** |
| 08 | വ്യാഴം | **പരി. കുർബാനയുടെ തിരുനാൾ** |
| | | വി. മറിയം ത്രേസ്യ |
| 11 | ശനി | ബർണബാസ് ശ്ലീഹ |
| | | **ബിഷപ് മങ്കുഴിക്കരി ഓർമ്മദിനം** |
| | | **ചരമദിനം : ഫാ. ജോസഫ് അരഞ്ഞാണിപുത്തൻപുര** |
| 13 | ചൊവ്വ | വി. അന്തോണീസ് |
| 16 | വെള്ളി | **ഈശോയുടെ തിരുഹൃദയ തിരുനാൾ** |
| 17 | ശനി | **മാതാവിന്റെ വിമലഹൃദയം** |
| | | **ചരമദിനം : ഫാ. പോൾ മൂശാരിയേട്ട്** |
| 21 | ബുധൻ | **ചരമദിനം : ഫാ. ജോസഫ് അടിപുഴ** |
| 22 | വ്യാഴം | വി. ജോൺ ഫിഷറും വി. തോമസ് മൂറും |
| 24 | ശനി | വി. യോഹന്നാൻ മാംദാനയുടെ ജനനം |
| | | **ചരമദിനം: മോൺ. സി. ജെ. വർക്കി കുഴിക്കുളം** |
| 29 | വ്യാഴം | **വി. പത്രോസ്, പൗലോസ് ശ്ലീഹന്മാർ** |


സ്വർഗ്ഗീയ യാത്രയുടെ 29-ാം വർഷം
11.06.1994
മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി
(താമരശ്ശേരി രൂപതയുടെ പ്രഥമ മെത്രാൻ)

*സർക്കുലർ 8/2023*

# മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി അനുസ്മരണം

മിശിഹായിൽ പ്രിയ ബഹു. വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ,

നമ്മുടെ രൂപതയുടെ പ്രഥമ മെത്രാനായിരുന്ന മാർ സെബാ സ്റ്റ്യൻ മങ്കുഴിക്കരിപ്പിതാവിന്റെ 29-ാം ചരമവാർഷികം ജൂൺ 11 നാണ്. രൂപതയുടെ തുടക്കം മുതൽ ദീർഘ വീക്ഷണത്തോടെ നേതൃത്വം നല്കുകയും തീഷ്ണതയോടെ നമ്മെ നയിക്കുകയും ചെയ്ത് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട അഭിവന്ദ്യ പിതാവിനെ ദൈവ തിരുമുമ്പിൽ അനുസ്മരിക്കാനും പ്രാർത്ഥിക്കുവാനും ഈയവസരം പ്രയോജനപ്പെടുത്തണം.

നമ്മുടെ രൂപതയിലെ എല്ലാ പള്ളികളിലും വി. കുർബാന അർ പ്പിക്കുന്ന സ്ഥാപനങ്ങളിലും സന്യാസഭവനങ്ങളിലും ജൂൺ 10 ന് മാർ മങ്കുഴിക്കരി അനുസ്മരണ ദിനമായി ആചരിക്കണം. മുൻകൂട്ടി പള്ളിയിൽ ദൈവജനത്തെ ഇക്കാര്യം അറിയിക്കുകയും അന്നേദിവ സം പള്ളിച്ചിലവിൽ വി. കുർബാനയും ഒപ്പീസും നടത്തുകയും ചെയ്യ ണം. കഴിയുന്നത്ര ആളുകൾ അന്നേദിവസത്തെ തിരുക്കർമ്മങ്ങളിൽ സംബന്ധിക്കുവാൻ ബഹു. വികാരിയച്ചന്മാർ പ്രോത്സാഹിപ്പിക്കു മല്ലോ.

രൂപതാതലത്തിൽ ജൂൺ 10 ന് രാവിലെ 10 മണിക്ക് കത്തീഡ്രൽ പള്ളിയിൽ വി. കുർബാനയും അനുസ്മരണപ്രാർത്ഥനയും ഉണ്ടാ യിരിക്കും. സാധിക്കുന്ന വൈദികരും സന്യസ്തരും മറ്റു വിശ്വാസി കളും ഈ തിരുക്കർമ്മങ്ങളിൽ പങ്കുചേരണമെന്ന് അഭ്യർത്ഥിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം,



**✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

താമരശ്ശേരി രൂപതയുടെ മെത്രാൻ

ഈ സർക്കുലർ 2023 ജൂൺ 4-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

*സർക്കുലർ 9/2023*

# എജ്യുകെയർ

മിശിഹായിൽ പ്രിയ മാതാപിതാക്കളേ, സഹോദരീ സഹോദരന്മാരേ, വത്സല മക്കളേ,

വിദ്യാഭ്യാസ രംഗത്ത് കത്തോലിക്ക സഭ നാളിതുവരെ നൽകിയ സംഭാവനകൾ വിസ്മരിക്കപ്പെടാവുന്നതല്ല. സഭയുടെ ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനങ്ങൾ പൊതു സമൂഹ നിർമ്മിതിയിൽ വഹിച്ച പങ്ക് അതുല്ല്യമാണ്. മൂല്ല്യാധിഷ്ഠിത വിദ്യാഭ്യാസം കാലാനുസൃതമായി, വിദ്യാർത്ഥികളുടെ സർവ്വോത്മുഖ വളർച്ചയെ ലക്ഷ്യമാക്കി നൽകുന്നതിൽ സഭ തന്റെ ഉത്തരവാദിത്വം എന്നും നിർവ്വഹിച്ചിട്ടുണ്ട്. നമ്മുടെ രൂപത വിദ്യാഭ്യാസമേഖലയിൽ വിവിധ പ്രസ്ഥാനങ്ങളിലൂടെ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി നിരവധി പദ്ധതികൾ നടപ്പിലാക്കി കഴിഞ്ഞു. രൂപത അതിന്റെ റൂബി ജൂബിലിയിലേക്ക് പ്രവേശിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ രംഗത്ത് ഈ വർഷം മുതൽ ഒരു പുതിയ ചുവടുവെയ്പ്പ് 'എജ്യുക്കെയർ' എന്ന പേരിൽ നാം ആരംഭിക്കുകയാണ്. വിദ്യാർത്ഥികൾ നേരിടുന്ന ഒരു വലിയ വെല്ലുവിളി ഓരോരുത്തരുടെയും കഴിവും അഭിരുചിയും അനുസരിച്ച് ഉന്നത പഠനത്തിന് ഏത് കോഴ്സ് തിരഞ്ഞെടുക്കണമെന്നതും ഏത് ജോലി മേഖലയിലേക്ക് പ്രവേശിക്കണമെന്നതുമാണ്. ചെറുപ്പം മുതലേ ഓരോകുട്ടിയേയും വ്യക്തിപരമായി പിന്തുടർന്നാൽ മാത്രമേ ഈ പ്രതിസന്ധിയിൽ അവരെ സഹായിക്കുവാൻ സാധിക്കൂ. അങ്ങിനെ താമരശ്ശേരി രൂപതയിലെ ഓരോ കുട്ടിക്കും അവരുടെ അഭിരുചിക്കും കഴിവിനും അനുസരിച്ച് വിവിധ വിദ്യാഭ്യാസ മേഖലകൾ തിരഞ്ഞെടുക്കുവാനും കാലാനുസൃതമായി രൂപപ്പെടുന്ന തൊഴിൽ സാധ്യതകൾക്കനുസരിച്ച് കോഴ്സുകൾ പൂർത്തിയാക്കുവാനും കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങളിലൂടെ അവരെ സഹായിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ വർഷം പ്ലസ് വൺ, പ്ലസ് ടു ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾച്ചേർക്കുന്നത്. പിന്നീട് താഴെയുള്ള ക്ലാസ്സുകളിലേക്ക് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ സാധിക്കും.

### പദ്ധതിയുടെ പ്രാധാന്യം

ക്രൈസ്തവ യുവജനങ്ങളും കുട്ടികളും അവരുടെ അഭിരുചികൾക്കനുസരിച്ചും കഴിവിനനുസരിച്ചും താൽപര്യത്തിനനുസരിച്ചും വിദ്യാഭ്യാസ തൊഴിൽ രംഗങ്ങളിലേക്ക് കടന്നു വരുന്നില്ല എന്നത് ഏതാനും കാലങ്ങളായി കണ്ടുവരുന്ന പ്രവണതയാണ്. ചില പ്രൊഫഷണൽ കോഴ്സുക

ളിലേക്ക് മാത്രമായി നമ്മുടെ വിദ്യാർത്ഥികൾ ചുരുങ്ങിപോകുന്നു. മാത്രമല്ല വിദേശരാജ്യങ്ങളിലേക്കുള്ള വിദ്യാഭ്യാസ - തൊഴിൽ കുടിയേറ്റവും ഈ കാലഘട്ടത്തിൽ ത്വരിതപ്പെട്ടിട്ടുണ്ട്. തൊഴിൽ സാധ്യതകളെയും അതിന് അടിസ്ഥാനമായ വിദ്യാഭ്യാസ മേഖലകളെയും കോഴ്സുകളെയും സ്ഥാപനങ്ങളെയും കുറിച്ച് കുട്ടികൾക്ക് നേരത്തെ തന്നെ ബോധ്യം നൽകി നമ്മുടെ നാട്ടിൽ തന്നെ പഠിച്ച് തൊഴിൽ കണ്ടെത്താൻ സഹായിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്.

തൊഴിലധിഷ്ഠിതമായ വിദ്യാഭ്യാസം, അഭിരുചി നിർണ്ണയം, കേന്ദ്ര-സംസ്ഥാന ഗവൺമെന്റ് തല മത്സരപരീക്ഷകൾക്കുള്ള തയ്യാറെടുപ്പ്, വിവിധ മത്സരപ്പരീക്ഷകൾക്കുള്ള പരിശീലനം, പ്ലസ് ടുവിന് ശേഷം മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഡ്മിഷൻ എടുക്കാനുള്ള സഹായം തുടങ്ങി ഒരു കുട്ടിക്ക് തൊഴിൽ ലഭിക്കുന്നതു വരെ നൽകുന്ന നിരന്തരമായ സഹായവും പരിശീലവുമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

നിലവിൽ ഇത്തരത്തിൽ വിദ്യാഭ്യാസ വികസനത്തിനായി രൂപതയിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കാൻ ആഗ്രഹിക്കുന്നത്. വിവിധ മത്സര പരീക്ഷകൾക്കും എൻട്രൻസ് പരീക്ഷകൾക്കുമായി കുട്ടികളെ ഒരുക്കുന്ന START ന്റെയും P.S.C., U.P.S.C., S.S.C., K.S. തുടങ്ങിയ പരീക്ഷകൾക്ക് കുട്ടികളെ പരിശീലിപ്പിക്കുന്ന ആൽഫ മരിയ അക്കാഡമിയുടെയും, മികച്ച സ്കോളർഷിപ്പോടുകൂടി ഇന്ത്യയിലെ നിലവാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നമ്മുടെ കുട്ടികൾക്ക് അഡ്മിഷൻ സ്വായത്തമാക്കുവാൻ സഹായിക്കുന്ന L.D.S. ന്റെയും സഹായം എജ്യുകെയർ സാക്ഷാത്ക്കരിക്കാൻ പ്രയോജനപ്പെടുത്താം.

## തൊഴിലധിഷ്ഠിത വിദ്യാഭ്യാസം

ഗവൺമെന്റ് മേഖലകളിലേക്കും സ്വന്തമായ സംരഭങ്ങളിലേക്കും താത്പര്യത്തോടെ ഇറങ്ങി പരിശ്രമിക്കേണ്ടത് ഈ കാലഘട്ടത്തിൽ അനിവാര്യമാണ്. മത്സര പരീക്ഷകളെക്കുറിച്ചും ജോലി സാധ്യതകളെക്കുറിച്ചുമുള്ള അറിവ് കുട്ടികൾക്ക് പത്താം ക്ലാസിന് മുന്നേ ലഭിച്ചാലേ അതിനനുസരിച്ചുള്ള കോഴ്സുകൾ അവർക്ക് തിരഞ്ഞെടുക്കാനാവൂ. തൊഴിൽ അധിഷ്ഠിതമായ വിദ്യാഭ്യാസമേഖലകളും കോഴ്സുകളും തിരഞ്ഞെടുക്കാൻ പരിശീലനം നൽകേണ്ടിയിരിക്കുന്നു. ഇത്തരത്തിൽ മത്സരപരീക്ഷകളിലേക്ക് കുട്ടികളെ തത്പരരാക്കിയും ഇന്ത്യയിലെ തന്നെ മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് കുട്ടികളെ എത്തിക്കുന്ന തരത്തിൽ വ്യക്തിപരമായി അറിവ് പകർന്ന് നൽകിയും കുട്ടികളെ പ്രബുദ്ധരാക്കേണ്ടതുണ്ട്.

### അഭിരുചി നിർണ്ണയം

ഒരു വിദ്യാർത്ഥിയുടെ അടിസ്ഥാനപരമായ കഴിവും താത്പര്യവും മനസിലാക്കി അവ വളർത്താൻ ആവശ്യമായ മേഖലകളിലേക്കും അതിനനുസൃതമായ തൊഴിലിലേക്കും നയിക്കുക എന്നത് അഭിരുചി നിർണ്ണയത്തിലൂടെ സാധ്യമാകുന്ന ഒന്നാണ്. എന്നാൽ ഇത് പലപ്പോഴും പ്രാവർത്തികമാക്കപ്പെടുന്നില്ല. ഒരാൾക്ക് ഇഷ്ടപ്പെട്ട തൊഴിൽ മേഖലയിൽ മികച്ച തസ്തികകൾ കണ്ടെത്താനും മനസിന് ഇണങ്ങുന്ന തൊഴിലിലേക്ക് പ്രവേശിക്കാനും ഇതിലൂടെ വേദിയൊരുങ്ങുന്നു. വരും വർഷങ്ങളിൽ ഇടവക തലത്തിൽ മാതാപിതാക്കളുടെ സാന്നിധ്യത്തിൽ കുട്ടികളുടെ അഭിരുചി നിർണ്ണയ പരിശോധന നടത്താൻ വേണ്ട ക്രമീകരണങ്ങൾ പദ്ധതിയുടെ ഭാഗമായി ചെയ്യുന്നു. രൂപതയിൽ ശുശ്രൂഷ ചെയ്യുന്ന സന്യസ്തരുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിൽ വരുത്തുന്നത്.

### എയ്ഡർ കണക്ട്

വിദ്യാഭ്യാസ കാലഘട്ടത്തിൽ മികച്ച മാനസിക പിന്തുണ നൽകി വിദ്യാർത്ഥികളെ ഊർജസ്വലരാക്കാൻ ഈ സംവിധാനത്തിലൂടെ സാധിക്കും. തിരഞ്ഞെടുക്കപ്പെട്ട 8 സന്യസ്തരുടെ സഹായത്തോടെ എല്ലാ വിദ്യർത്ഥികളോടും വ്യക്തിപരമായി സംസാരിക്കുകയും അവരുടെ വിദ്യാഭ്യാസത്തിനും വ്യക്തിത്വ വളർച്ചക്കും തടസം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തുകയും പരിഹരിക്കാൻ നിർദ്ദേശങ്ങളും സഹായങ്ങളും നൽകുകയും ചെയ്യുന്നു. മാനസിക ആരോഗ്യ മേഖലകളിൽ വ്യക്തിപരമായി നമ്മുടെ കുട്ടികളെ ശ്രദ്ധിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. കുടുംബപ്രശ്നങ്ങൾ, വ്യക്തിപരമായ പ്രശ്നങ്ങൾ, അമിതമായ ഉത്കണ്ഠ, അഡിക്ഷനുകൾ എന്നിങ്ങനെ കുട്ടികളുടെ ഭാവിയെ ബാധിക്കുന്ന വിധത്തിൽ അവരുടെ ജീവിതത്തിലുള്ള പ്രതിസന്ധികളെ അതിജീവിക്കാൻ അവരെ സഹായിക്കുക എന്നതാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്.

### 1. വിദ്യാപീഠം – രജിസ്ട്രേഷൻ

എജ്യുകെയർ പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ ഈ വർഷത്തെ പ്ലസ് വൺ, പ്ലസ് ടു തലത്തിൽ വേദപാഠം പഠിക്കുന്ന 3200 ഓളം കുട്ടികൾക്ക് 'വിദ്യാപീഠം' എന്ന വെബ്സൈറ്റിൽ അവരുടെ അടിസ്ഥാനവിവരങ്ങൾ രേഖപ്പെടുത്താനും, വ്യക്തിപരമായ ഓൺലൈൻ പ്രൊഫൈൽ നിർമ്മിക്കുവാനും സാധിക്കും. വേദപാഠ അദ്ധ്യാപകരുടെ സഹായത്തോടെയാണ് ഈ ആദ്യ ഘട്ടം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. വിദ്യാർത്ഥികളുടെ രജിസ്ട്രേഷനായി ആവശ്യപ്പെടുന്ന അടിസ്ഥാന വിവരങ്ങൾ ശേഖരിച്ച് നൽകി പ്ലസ് വൺ, പ്ലസ് ടു അദ്ധ്യാപകർ ഈ പദ്ധതിയിൽ സഹായിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഈ വെബ് സൈറ്റ് നമ്മൾ നടത്തിയ കമ്മ്യൂണിറ്റി സർവ്വേയുടെ അടിസ്ഥാനത്തിലായതിനാൽ അവരുടെ വീടുമായി ബന്ധപ്പെട്ടതായ അടിസ്ഥാന വിവര

ങ്ങൾ പ്രൊഫൈൽ നിർമ്മിക്കുമ്പോൾ തന്നെ ലഭ്യമാകുന്നതാണ്. അതിന്റെ ഫല മായി വിവിധ സ്കോളർഷിപ്പുകൾ, മൈനോരിറ്റി ലോണുകൾ, സംവരണങ്ങൾ, മത്സരപരീക്ഷകൾ എന്നിവയ്ക്കുള്ള അവരുടെ യോഗ്യതകൾ കൃത്യമായി വെബ് പേജിൽ കാണാൻ സാധിക്കുന്നു. വിദ്യാർത്ഥികളുടെ കരിക്കുലം വീത്തേ - സിസ്റ്റ ത്തിൽ രൂപീകരിക്കപ്പെടുകയും ആവശ്യസമയത്ത് ഉപയോഗപ്പെടുത്താനാകുകയും ചെയ്യുന്നു.

### 2. ക്ലസ്റ്റർ - ഗ്രൂപ്പ് രൂപീകരണം

പ്രത്യേക പരിശീലനം ലഭിച്ച വൈദികരുടെയും സന്യസ്തരുടെയും അത്മാ യരുടെയും നേതൃത്വത്തിൽ ഓരോ ഫൊറോനയി ലെയും കുട്ടികളെ ഉൾപ്പെടു ത്തിക്കൊണ്ട് ക്ലസ്റ്ററുകൾ രൂപീകരിക്കുകയും പരിശീലനം നൽകുകയും ചെയ്യു ന്നു. വിദ്യാർത്ഥികളുടെ പഠന മികവ്, നൈപുണ്യങ്ങൾ, കാര്യക്ഷമത എന്നിവ യുടെ അടിസ്ഥാനത്തിൽ അവരെ ഗ്രൂപ്പുകളായി തിരിച്ച് വിദ്യാഭ്യാസം, തൊഴിൽ എന്നീ മേഖലകളിലേക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നിരന്തരം നൽകുന്നു. പഠനമികവ് പുലർത്താൻ സാധിക്കാത്ത വിദ്യാർത്ഥികളെ തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസ മേഖലകളായ ഐ.ടി.ഐ., വിവിധ ഡിപ്ലോമ കോഴ്സുകൾ, പാരാമെ ഡിക്കൽ കോഴ്സുകൾ തുടങ്ങിയവയിലേക്ക് നയിക്കുവാനും സാധിക്കും. അങ്ങിനെ തൊഴിൽ അന്വേഷിക്കുന്നവർക്ക് മികച്ച തൊഴിൽ അവസരങ്ങൾ നേടി ക്കൊടുക്കാനും ഇതുവഴി സാധിക്കുന്നു.

കാലാന്തരത്തിൽ ഭാവി തലമുറയെ അവരുടെ കഴിവിനനുസരിച്ച് ചെറുപ്പം മുതൽ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി സമുദായത്തിന് ശക്തിപകരുന്ന തരത്തിൽ വളർത്തിയെടുക്കാൻ എജ്യുകെയർ വഴി സാധിക്കും. വളർന്നു വരുന്ന തലമുറയ്ക്ക് ദിശാബോധം നൽകി അവരെ വളർത്തുന്ന ഈ പദ്ധതി കാലത്തിന്റെ ആവശ്യ മാണ്. ബഹു. വികാരിയച്ചൻമാരുടെയും മതാധ്യാപകരുടെയും മാതാപിതാക്കളു ടെയും പരിപൂർണ്ണമായ സഹകരണം ഈ പദ്ധതിയുടെ വിജയത്തിനായി ഞാൻ അഭ്യർത്ഥിക്കുന്നു. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം നിങ്ങളുടെ വൽസല പിതാവ്,



**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

---

NB: ഈ സർക്കുലർ ജൂൺ 4-ാം തീയതി ഞായറാഴ്ച രൂപതയിലെ എല്ലാ പള്ളിക ളിലും വി. കുർബാന അർപ്പിക്കപ്പെടുന്ന സ്ഥാപനങ്ങളിലും വി. കുർബാന മദ്ധ്യേ വായി ക്കുകയോ ഇതിലെ ആശയങ്ങൾ പങ്കുവെക്കുകയോ ചെയ്യേണ്ടതാണ്.

# മെയ്ദിന സന്ദേശം 2023

## 2023-ലെ ദൈവവിളികൾക്കായുള്ള പ്രാർഥനാദിനത്തിനുവേണ്ടിയുള്ള പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ സന്ദേശം

### ദൈവവിളി: കൃപയും ദൗത്യവും

പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ, പ്രിയപ്പെട്ട യുവതീയുവാക്കന്മാരേ,

1964-ൽ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സമ്മേളനമധ്യേ വിശുദ്ധ പോൾ ആറാമൻ പാപ്പാ ദൈവവിളിക്കായുള്ള പ്രാർഥനാദിനം സ്ഥാപിച്ചശേഷം ഇപ്പോൾ അറുപതാമത്തെ തവണയാണ് നാം ഇത് ആഘോഷിക്കുന്നത്. ഇന്നത്തെ ലോകത്തിൽ ക്ലേശങ്ങളുടെയും പ്രത്യാശകളുടെയും, വെല്ലുവിളികളുടെയും നേട്ടങ്ങളുടെയും മധ്യേ, ദൈവജനത്തിലെ അംഗങ്ങളായ നാം വ്യക്തികളും സമൂഹങ്ങളും എന്ന നിലയിൽ, നമ്മെ ഓരോരുത്തരെയും കർത്താവ് ഭരമേല്പിക്കുന്ന വിളിയോടും ദൗത്യത്തോടും പ്രതികരിക്കുന്നതിൽ, നമ്മെ സഹായിക്കുന്നതിനു ദൈവപരിപാലനയുടെ ഭാഗമായിത്തന്നെ ഉരുത്തിരിഞ്ഞതായിരുന്നു ആ പുതിയ സംരംഭം.

ഈ വർഷം നിങ്ങളുടെ വിചിന്തനത്തിനും പ്രാർഥനയ്ക്കുമായുള്ള മാർഗദർശകവിഷയമായി ഞാൻ നിങ്ങൾക്കു നല്കുന്നത്, "ദൈവവിളി കൃപയും ദൗത്യവും" എന്നതാണ്. ദൈവത്തിന്റെ വിളിയെന്നത് കൃപയാണെന്ന്, സമ്പൂർണ ദാനമാണെന്ന്, ആശ്ചര്യപൂർവം ഓർക്കാനുള്ള ഒരു അമൂല്യ അവസരമാണ് ഈ ദിനം; അതോടൊപ്പം സുവിശേഷം അന്യരിലേക്ക് എത്തിക്കാനുള്ള നമ്മുടെ സമർപ്പണത്തിന്റെ അവസരം കൂടിയാണിത്. സാക്ഷ്യംനല്കുന്ന ഒരു വിശ്വാസത്തിലേക്കാണ് നാം വിളിക്കപ്പെടുന്നത്; കൂദാശകളിലും സഭാത്മക കൂട്ടായ്മയിൽ നാം അനുഭവിക്കുന്ന കൃപയുടെ ജീവിതത്തെ ലോകത്തിലുള്ള നമ്മുടെ പ്രവർത്തനവുമായി അത് നമ്മെ ഏറെ ബന്ധിപ്പിക്കുന്നു. പ്രേഷിതത്വം ദൈവത്തിന്റെതന്നെ പ്രവൃത്തിയാണെന്നുള്ള നിരന്തര ബോധ്യമുള്ള ക്രിസ്ത്യാനികൾ ആത്മാവിനാൽ നയിക്കപ്പെട്ട് അസ്ഥിത്വത്തിന്റെ പ്രാന്തപ്രദേശങ്ങളെകുറിച്ചും മാനവികതയുടെ ക്ഷോഭജനകമായ സാഹചര്യങ്ങളെക്കുറിച്ചും പ്രതികരിക്കാനായി വെല്ലുവിളിക്കപ്പെടുന്നു; അത് നാം ഒറ്റയ്ക്ക് നടപ്പിൽവരുത്തുന്ന ഒന്നല്ല; അത് നാം നമ്മുടെ സഹോദരീസഹോദരന്മാരോടൊത്ത് എപ്പോഴും സഭാത്മക കൂട്ടായ്മയിൽ, സഭയുടെ അജപാലകരുടെ നേതൃത്വത്തിൽ നടത്തുന്നതാണ്. എന്തെന്നാൽ, അത് ദൈവത്തിന്റെ നിരന്തര സ്വപ്നമായിരുന്നു, അതായത്, നാം അവിടത്തോടുകൂടെ സ്നേഹകൂട്ടായ്മയിൽ ജീവിക്കണമെന്നത്.

### "ലോകസ്ഥാപനത്തിനുമുമ്പുതന്നെ തിരഞ്ഞെടുക്കപ്പെട്ടവർ"

അപ്പോസ്തലനായ പൗലോസ് നമ്മുടെ മുമ്പിൽ അസാധാരണമായ ഒരു ചക്രവാളം തുറന്നുവയ്ക്കുന്നു: പിതാവായ ദൈവം, ക്രിസ്തുവിൽ, "തന്റെ മുമ്പാകെ സ്നേഹത്തിൽ വിശുദ്ധരും നിഷ്കളങ്കരുമായിരിക്കാൻ ലോകസ്ഥാപനത്തിനുമുമ്പുതന്നെ നമ്മെ തിരഞ്ഞെടുത്തു. അവിടത്തെ തിരുമനസ്സിന്റെ പ്രീതിയനുസരിച്ച്, യേശുക്രിസ്തുവഴി തനിക്കുവേണ്ടി നമ്മെ ദത്തുപുത്രസ്ഥാനത്തേക്ക് അവിടുന്നു മുൻകൂട്ടി നിശ്ചയിച്ചു" (എഫേ 1, 4-5). ജീവിതത്തെ അതിന്റെ പൂർണ അർത്ഥത്തിൽ നോക്കിക്കാണാൻ ഈ വാക്കുകൾ നമ്മെ സഹായിക്കുന്നു: ദൈവം നമ്മെ "ഗർഭംധരിച്ചത്" തന്റെ ഛായയിലും സാദൃശ്യത്തിലുമാണ്; അവിടുന്നു നമ്മെ അവിടത്തെ പുത്രീപുത്രന്മാരാക്കാൻ ആഗ്രഹിക്കുന്നു. സ്നേഹത്താലും സ്നേഹത്തിനും സ്നേഹത്തോടൊപ്പവുമാണ് നാം സൃഷ്ടിക്കപ്പെട്ടത്; സ്നേഹത്തിനുവേണ്ടിയാണ് നാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്.

നമ്മുടെ ജീവിതത്തിന്റെ പന്ഥാവിൽ നമ്മുടെ അസ്തിത്വത്തിന്റെ ഇഴകളുടെ ഭാഗമായിരിക്കുകയും നമ്മുടെ സന്തോഷത്തിന്റെ രഹസ്യമായിരിക്കുകയും ചെയ്യുന്ന ഈ വിളി, നിരന്തരം പുതിയ വഴികളിലൂടെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ നമ്മുടെ മുമ്പിലേക്കു വരുന്നു. അത് നമ്മുടെ മനസ്സുകളെ പ്രശോഭിപ്പിക്കുന്നു; നമ്മുടെ ഇച്ഛാശക്തിയെ ബലപ്പെടുത്തുന്നു; നമ്മെ അത്ഭുതപാരവശ്യം കൊണ്ടു നിറയ്ക്കുന്നു; അത് നമ്മുടെ ഹൃദയങ്ങളെ അഗ്നികൊണ്ട് ജ്വലിപ്പിക്കുന്നു. ചില സമയങ്ങളിൽ, തീർത്തും അപ്രതീക്ഷിതമായ വിധത്തിൽ ആത്മാവ് നമ്മിലേക്കു വരുന്നു. 1953 സെപ്തംബർ മാസം 21-ാംതിയതി എനിക്ക് അപ്രകാരമായിരുന്നു സംഭവിച്ചത്. അന്ന് ഞാൻ ഞങ്ങളുടെ വിദ്യാലയത്തിന്റെ ഒരു വാർഷികാഘോഷത്തിനു പോകുംവഴി ഒരു ദേവാലയത്തിന്റെ മുമ്പിലെത്തുകയും അവിടെ കുമ്പസാരകൂദാശയ്ക്കു അണയാൻ ഇടയാകുകയും ചെയ്തു. ആ ദിവസം എന്റെ ജീവിതത്തെ പരിവർത്തനപ്പെടുത്തുകയും എന്റെമേൽ അന്ന് ഒരു മുദ്ര ചാർത്തപ്പെടുകയും ചെയ്തു. അത് ഇന്നുവരെ നിലനില്ക്കുന്നു. സ്വയദാനത്തിനായുള്ള ദൈവത്തിന്റെ വിളി സാവധാനമാണ് വെളിച്ചത്തുവരുന്നത്: ദാരിദ്ര്യവുമായി നാം കണ്ടുമുട്ടുന്ന വേളകളിൽ, പ്രാർത്ഥനയുടെ നിമിഷങ്ങളിൽ, സുവിശേഷത്തിന്റെ വ്യക്തമായ ഒരു സാക്ഷ്യം നാം കാണുമ്പോൾ, അല്ലെങ്കിൽ നമ്മുടെ മനസ്സിനെ സ്പർശിക്കുന്ന ഏതെങ്കിലും കാര്യം വായിക്കുമ്പോൾ. നമ്മൾ ദൈവവചനം കേൾക്കുകയും അത് നമ്മോട് നേരിട്ട് സംസാരിച്ചതായി നമുക്ക് അനുഭവപ്പെടുകയും ചെയ്യുമ്പോൾ, ഒരു സഹസഹോദരനോ സഹോദരിയോ നല്കുന്ന ഉപദേശം കേൾക്കുമ്പോൾ, രോഗത്തിന്റെയും ദുഃഖത്തിന്റെയും നിമിഷങ്ങൾ ഉണ്ടാകുമ്പോൾ ഈ വഴികളിലൂടെയെല്ലാം ദൈവം നമ്മെ വിളിക്കുന്നു; ദൈവം അനന്തമായ സർഗാത്മകതയാണ് ഇവിടെയെല്ലാം പുലർത്തുന്നത്.

ദൈവത്തിന്റെ ഈ സംരംഭവും അവിടത്തെ കരുണാർദ്രമായ സമ്മാനവും നമ്മുടെ ഭാഗത്തുനിന്ന് ഒരു പ്രത്യുത്തരം ആവശ്യപ്പെടുന്നു. ദൈവവിളിയെന്നത് "ദൈവികമായ ഒരു തെരഞ്ഞെടുപ്പും മനുഷ്യസ്വാതന്ത്ര്യവും തമ്മിലുള്ള ഒരു പരസ്പര പ്രവർത്തനമാണ്"; അത് ദൈവവും മനുഷ്യഹൃദയവും തമ്മിലുള്ള ചലനാത്മകവും ആവേശജനകവുമായ ഒരു ബന്ധമാണ്. നമ്മുടെ അസ്തിത്വമാകുന്ന ഭൂമിയിൽ പൊട്ടിമുളയ്ക്കുന്ന ഒരു ദൈവികവിത്താണ് ദൈവവിളി എന്ന ദാനം. അത് നമ്മുടെ ഹൃദയത്തെ ദൈവത്തിലേക്കും മറ്റുള്ളവരിലേക്കും തുറന്നുവയ്ക്കാൻ ഇടവരുത്തുന്നു; അങ്ങനെ നാംതന്നെ കണ്ടെത്തിയ നിധി അവരോടൊപ്പം പങ്കുവയ്ക്കാൻ നമുക്കു സാധിക്കും. ഇതാണ് ദൈവവിളി എന്നതിനെ ക്കുറിച്ച് നമുക്കു പറയാവുന്ന അടിസ്ഥാന ഘടന: ദൈവം തന്റെ സ്നേഹത്തിൽ നമ്മെ വിളിക്കുന്നു; നാമാകട്ടെ കൃതജ്ഞതാപൂർവം സ്നേഹത്തിൽ പ്രത്യുത്തരിക്കുന്നു. നാം നമ്മെത്തന്നെ ഏകപിതാവിന്റെ വത്സലപുത്രീപുത്രന്മാരാണെന്നു മനസ്സിലാക്കുന്നു; നാം പരസ്പരം സഹോദരീസഹോദരന്മാരാണെന്നും ഗ്രഹിക്കുന്നു. വിശുദ്ധ കൊച്ചുത്രേസ്യാ ഇക്കാര്യം "കണ്ടപ്പോൾ" വ്യക്തമായി ഉദ്ഘോഷിച്ചു; "ഇതാ അവസാനം ഞാൻ എന്റെ വിളി കണ്ടെത്തിയിരിക്കുന്നു: എന്റെ വിളി സ്നേഹമാണ്. ഇതാ, ഞാൻ യഥാർഥത്തിൽ സഭയിൽ എന്റെ ശരിയായ സ്ഥാനം കണ്ടെത്തിയിരിക്കുന്നു... എന്റെ മാതാവായ സഭയുടെ ഹൃദയത്തിൽ ഞാൻ സ്നേഹമായിരിക്കും."

## "ഈ ഭൂമിയിൽ ഞാൻതന്നെ ഒരു ദൗത്യമാണ്"

ദൈവത്തിന്റെ വിളി ഒരു "പറഞ്ഞയയ്ക്കൽ" ഉൾപ്പെട്ടതാണെന്നു നമ്മൾ പറഞ്ഞു. ദൗത്യമില്ലാത്ത ഒരു വിളി ഇല്ല. നമ്മൾ കണ്ടെത്തിയ പുതുജീവൻ മറ്റുള്ളവർക്ക് പകർന്നുകൊടുത്തില്ലെങ്കിൽ സന്തോഷവും പൂർണമായ ആത്മസാക്ഷാത്കാരവും ഉണ്ടാകില്ല. ദൈവത്തിന്റെ വിളി എന്നത് നമ്മെ നിശ്ശബ്ദരായിരിക്കാൻ അനുവദിക്കാത്ത ഒരനുഭവമാണ് നല്കുന്നത്. വിശുദ്ധ പൗലോസ് പറയുന്നു: "ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം" (1കോറി 9,16). യോഹന്നാന്റെ ഒന്നാം ലേഖനം ഇപ്രകാരമാണ് ആരംഭിക്കുന്നത്, "ഞങ്ങൾ കേട്ടതും കണ്ടതും, വീക്ഷിച്ചതും സ്പർശിച്ചതുമായ മാംസം ധരിച്ച വചനത്തെ ഞങ്ങളുടെ സന്തോഷം പൂർണമാക്കുന്നതിനായി ഞങ്ങൾ നിങ്ങളോട് പ്രഘോഷിക്കുന്നു" (1, 1-4 കാണുക).

അഞ്ചുവർഷംമുമ്പ് "*ആനന്ദിച്ച് ആഹ്ലാദിക്കുവിൻ*" എന്ന അപ്പസ്തോലിക ആഹ്വാനത്തിൽ ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവരോടുമായി ഞാൻ എഴുതി, "നിങ്ങളുടെ ജീവിതത്തെ മുഴുവനുമായി ഒരു ദൗത്യമായി കാണേണ്ടതുണ്ട്" (J. 23). അതേ, നാം ഓരോരുത്തരും ഇപ്രകാരം പറയുവാൻ പ്രാപ്തരാണ്, "ഞാൻ തന്നെയും ഈ ഭൂമിയിൽ ഒരു ദൗത്യമാണ്; അക്കാരണത്താ

ലാണ് ഞാൻ ഈ ഭൂമിയിൽ ആയിരിക്കുന്നത്" (*സുവിശേഷത്തിന്റെ സന്തോഷം*, J. 273).

ക്രിസ്ത്യാനികൾ എന്ന നിലയിൽ നാം എവിടെ ആയിരിക്കുന്നുവോ അവിടെ സന്തോഷപൂർവകമായ സാക്ഷ്യം ഒരുമിച്ച് നല്കുക എന്നതാണ് നമ്മുടെ ദൗത്യം. യേശുവിനോടും ഇതര സഭാംഗങ്ങളോടും ചേർന്നുനിന്നുകൊണ്ട് ഒരു സഭയെന്ന നിലയിൽ നമ്മുടെ അനുഭവം വാക്കിലും പ്രവൃത്തിയിലും പങ്കുവയ്ക്കുന്നതാണ് ഈ ദൗത്യം. ഇത് സാക്ഷാത്കരിക്കപ്പെടുന്നത് ഭൗതികവും ആത്മീയവുമായ കാരുണ്യപ്രവൃത്തികളിലാണ്; അതായത്, അന്യരെ സ്വാഗതം ചെയ്യുന്ന, സൗമ്യമായ ജീവിതശൈലി വഴിയായി. അത് പലതിനെയും പലരെയും പാഴ്വസ്തുവായി ഉപേക്ഷിക്കുന്നതിന്റെയും നിസ്സംഗതയുടെയും സംസ്കാരത്തിനുപകരം സാമിപ്യവും അനുകമ്പയും ആർദ്രതയും പ്രതിഫലിപ്പിക്കുന്നു. നല്ല സമറിയാക്കാരനെപ്പോലെ ഒരു അയൽക്കാരനായിത്തീർന്നുകൊണ്ട് (ലൂക്കാ 10, 25-37 കാണുക) ക്രിസ്തീയ ദൈവവിളിയുടെ മർമം നാം മനസ്സിലാക്കുന്നു: ശുശ്രൂഷിക്കപ്പെടുന്നതിലുപരി ശുശ്രൂഷിക്കാനായി വന്ന യേശുക്രിസ്തുവിനെ അനുകരിക്കുക എന്നത് (മർക്കോ 10, 45 കാണുക).

ഇവ്വിധമുള്ള പ്രേഷിതപ്രവർത്തനം നമ്മുടെ കഴിവുകളിൽ നിന്നോ, പദ്ധതികളിൽനിന്നോ ആലോചനകളിൽനിന്നോ ആവിർഭവിക്കുന്ന ഒന്നല്ല; സൽകൃത്യങ്ങൾ പരിശീലിപ്പിക്കുക എന്ന നമ്മുടെ കേവലം ഇച്ഛാശക്തിയിൽ നിന്നുമല്ല അതു വരുന്നത്; അത് യേശുവുമായി സഹവസിക്കുന്നതിന്റെ അഗാധമായ അനുഭവത്തിന്റെ അനന്തരഫലമാണ്. അപ്പോൾ മാത്രമാണ്, നമുക്കു ഒരു വ്യക്തിക്കുവേണ്ടി, ഒരു ജീവിതത്തിനുവേണ്ടി സാക്ഷ്യം നല്കാനാകൂ; അങ്ങനെ നാം "അപ്പോസ്തലന്മാരാകും." അപ്പോഴാണ്, "പ്രകാശം പരത്തുന്ന, ആശീർവദിക്കുന്ന, ഉജ്ജീവിപ്പിക്കുന്ന, ഉയിർപ്പിക്കുന്ന, സുഖപ്പെടുത്തുന്ന, സ്വതന്ത്രമാക്കുന്ന ഈ ദൗത്യംവഴിയായി മുദ്രിതരാക്കപ്പെട്ടവരും അടയാളപ്പെടുത്തപ്പെട്ടവരുമായി നാം നമ്മെത്തന്നെ മനസ്സിലാക്കുന്നത്" (*സുവിശേഷത്തിന്റെ സന്തോഷം* J. 273).

എമ്മാവുസിലേക്കു യാത്ര ചെയ്ത രണ്ടു ശിഷ്യരുടെ അനുഭവമാണ് ഇതിന്റെ സുവിശേഷ ചിത്രം. ഉത്ഥിതനായ യേശുവിനെ കണ്ടുമുട്ടിയശേഷം അവർ പരസ്പരം പറഞ്ഞു: "വഴിയിൽവച്ച് അവൻ നമ്മോടു സംസാരിച്ചുകൊണ്ടിരുന്നപ്പോഴും വിശുദ്ധലിഖിതങ്ങൾ വ്യാഖ്യാനിച്ചുകൊണ്ടിരുന്നപ്പോഴും നമ്മുടെ ഹൃദയങ്ങൾ ജ്വലിക്കുകയായിരുന്നില്ലേ?" (ലൂക്കാ 24, 32). "ഹൃദയം അഗ്നിയാൽ ജ്വലിക്കുക", "പാദങ്ങൾ നീങ്ങിക്കൊണ്ടിരിക്കുക" എന്നൊക്കെ പറയുന്നതിന്റെ അർഥമെന്താണെന്ന് ആ ശിഷ്യരിൽ നിന്നു നമുക്കു മനസ്സിലാക്കാനാകും. ലിസ്ബനിൽ നടക്കാനിരിക്കുന്ന ലോകയുവജനദിനത്തെ ഉന്നം

വച്ചുള്ള എന്റെ തീക്ഷ്ണമായ പ്രത്യാശ ഇതാണ്. ഞാൻ സന്തോഷപൂർവം ഈ ആപ്തവാക്യവുമായി അതിനായി കാത്തിരിക്കുന്നു: "മറിയം എഴുന്നേറ്റ് തിടുക്കത്തിൽ പോയി" (ലൂക്കാ 1,39). ഹൃദയം അഗ്നിയാൽ ജ്വലിച്ച് എഴുന്നേറ്റ് തിടുക്കത്തിൽ പോകാൻ എല്ലാ സ്ത്രീപുരുഷന്മാരും ക്ഷണിക്കപ്പെട്ടതായി അനുഭവപ്പെടട്ടെ എന്നതാണെന്റെ ആശംസ.

## ഒരുമിച്ച് വിളിക്കപ്പെട്ട് യോഗം ചേർക്കപ്പെട്ടവർ

പന്ത്രണ്ട് ശിഷ്യന്മാരെ ഓരോരുത്തരെയും യേശു തന്റെ പക്കലേക്ക് പേര് ചൊല്ലി വിളിച്ച നിമിഷത്തെ സുവിശേഷകനായ മർക്കോസ് വിവരിക്കുന്നു. തന്നോടുകൂടെ ആയിരിക്കാനും സന്ദേ ശം അറിയിക്കാനും രോഗങ്ങൾ സുഖപ്പെടുത്താനും പിശാചുക്കളെ ബഹിഷ്കരിക്കാനുംവേണ്ടി അയക്കപ്പെടാനുമായി അവിടന്ന് അവരെ നിയോഗിച്ചു (മർക്കോ 3,13 കാണുക). അങ്ങനെ കർത്താവ് തന്റെ പുതിയ സമൂഹത്തിന്റെ അടിസ്ഥാനങ്ങളിട്ടു. ആ പന്ത്രണ്ടുപേർ വ്യത്യസ്ത സാമൂഹ്യഗണത്തിലും തൊഴിലിലും പെട്ടവരായിരുന്നു; അതിൽ ഒരാൾപോലും സ്വാധീനശക്തിയുള്ളവനായിരുന്നില്ല. സുവിശേഷങ്ങൾ മറ്റൊരുതരം വിളികളെകുറിച്ചും പറയുന്നു, അതായത്, 72 ശിഷ്യരുടെ വിളി; അവരെ യേശു ഈരണ്ടുപേരെവച്ച് പറഞ്ഞയച്ചു (ലൂക്കാ 10,1 കാണുക).

സഭ ഒരു *എക്ലേസിയാ* ആണ്. ഒരുമിച്ച് വിളിക്കപ്പെട്ട് യോഗം ചേർക്കപ്പെട്ടവരുടെ ഗണം എന്നാണ് ഈ ഗ്രീക്ക് പദത്തിന്റെ അർഥം. ദൈവരാജ്യത്തിന്റെ വരവിനായി തങ്ങളുടെ ഇടയിൽ പരസ്പരം സ്നേഹം പങ്കുവയ്ക്കാനും ആ സ്നേഹം മറ്റുള്ളവരിലേക്കു പ്രസരിപ്പിക്കാനും (യോഹ 13,34; 15,12) അങ്ങനെ യേശുക്രിസ്തുവിന്റെ പ്രേഷിതശിഷ്യരുടെ ഒരു സമൂഹം സൃഷ്ടിക്കാനുമായിരുന്നു അത്. സഭയ്ക്കുള്ളിൽ നമ്മൾ എല്ലാവരും ഭൃത്യരാണ്; അത് നമുക്കു ലഭിച്ചിട്ടുള്ള വ്യത്യസ്തങ്ങളായ ദൈവവിളികളുടെയും സിദ്ധികളുടെയും (charisms) ശുശ്രൂഷകളുടെയും അടിസ്ഥാനത്തിലാണ്. സ്നേഹത്തിൽ നമ്മെത്തന്നെ സമർപ്പിക്കുക എന്ന നമ്മുടെ പൊ തുവായ വിളി വികാസംപ്രാപിക്കുന്നതും മൂർത്തമായ ഭാവം സ്വീകരിക്കുന്നതും അത്മായരായ സ്ത്രീപുരുഷന്മാരിൽ നാം കണ്ടെത്തുന്നു. അവർ കുടുംബത്തെ ഒരു ചെറിയ *ഗാർഹിക സഭ* എന്നപോ ലെ വളർത്തിയെടുക്കുകയും സമൂഹത്തിന്റെ വിവിധ വിഭാഗങ്ങളെ നവീകരിക്കാനായി സുവിശേഷത്തിന്റെ പുളിമാവായി പ്രവർത്തിക്കുകയും ചെയ്യുന്നു; ദൈവരാജ്യത്തിന്റെ പ്രവചനാത്മക സൂചന എന്നവിധം തങ്ങളുടെ സഹോദരീസഹോദരന്മാർക്കുവേണ്ടി ദൈവത്തിനു തങ്ങളെത്തന്നെ സമ്പൂർണമായി അർപ്പിച്ചിരിക്കുന്ന സമർപ്പിത സ്ത്രീപുരുഷന്മാരുടെ സാക്ഷ്യത്തിലും അതടങ്ങിയിരിക്കുന്നു; അഭിഷിക്തരായ ശുശ്രൂഷകർ - ഡീക്കന്മാർ പുരോഹിതർ, മെത്രാന്മാർ - വചനപ്രഘോഷണത്തിലൂടെയും പ്രാർഥനയിലൂടെയും ദൈവത്തിന്റെ പരിശുദ്ധ ജനത്തിന്റെ കൂട്ടായ്മ വളർത്താൻ

നടത്തുന്ന ശ്രമത്തിലും ഈ സാക്ഷ്യമുണ്ട്. മറ്റുള്ള എല്ലാവരുമായുള്ള ബന്ധത്തിൽ മാത്രമേ, സഭയിലെ ഏതൊരു പ്രത്യേക ദൈവവിളിയും അതിന്റെ യഥാർഥ സ്വഭാവവും സമ്പന്നതയും പ്രകടമാക്കുകയുള്ളൂ. ഈ വെളിച്ചത്തിൽ നോക്കുമ്പോൾ സഭ ഒരു ദൈവവിളികളുടെ "സ്വരലയം" (symphony) ആണ്. അതായത്, ഓരോ ദൈവവിളിയും വ്യത്യസ്തവും അതേസമയം സംയോജിച്ചതും, അങ്ങനെ ഐക്യത്തിലായിരുന്നുകൊണ്ട് ഒരുമിച്ച് ചേർക്കപ്പെട്ട് ദൈവരാജ്യത്തിന്റെ നവജീവൻ പ്രതിഫലിപ്പിക്കാൻ ലോകം മുഴുവനിലേക്കും ഇറങ്ങിപ്പുറപ്പെടുന്നതുമാണ്.

## കൃപയും ദൗത്യവും: ഒരു സിദ്ധിയും സാധനയും

പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ, ദൈവവിളി ഒരു സിദ്ധിയും സാധനയുമാണ്. പുതുജീവന്റെയും യഥാർഥ സന്തോഷത്തിന്റെയും ഉറവിടം ഈ ദിനത്തോടനുബന്ധിച്ച് നടത്തുന്ന പ്രാർത്ഥനയുടെയും പ്രവർത്തനത്തിന്റെയും സംരംഭങ്ങൾ നമ്മുടെ കുടുംബങ്ങളിലും, ഇടവക സമൂഹങ്ങളിലും സമർപ്പിത ജീവിത സമൂഹങ്ങളിലും, സഭാപരമായ സംഘടനകളിലും പ്രസ്ഥാനങ്ങളിലും ദൈവവിളിയെകുറിച്ചുള്ള അവബോധം ശക്തിപ്പെടുത്തട്ടെ. ഉത്ഥിതനായ കർത്താവിന്റെ ചൈതന്യം നമ്മുടെ നിർവികാരത നശിപ്പിക്കുകയും നമ്മുടെ സഹാനുഭൂതിയും തന്മയീഭാവവും ബലപ്പെടുത്തുകയും ചെയ്യുന്നു. അങ്ങനെ, സ്നേഹംതന്നെയായ ദൈവത്തിന്റെ (1 യോഹ 4, 16 കാണുക) മക്കളായി ഓരോ ദിവസവും പുനർജനിച്ചു ജീവിക്കാൻ നമ്മെ അവിടന്നു പ്രാപ്തരാക്കുന്നു; ആ സ്നേഹം മറ്റുള്ളവരുമായി പങ്കുവയ്ക്കാനും അവിടന്നു നമ്മെ കഴിവുറ്റവരാക്കുന്നു. അത് എല്ലായിടത്തും, ഏറെ പ്രത്യേകിച്ച് പുറന്തള്ളപ്പെടലും ചൂഷണവും, ദാരിദ്ര്യവും മരണവും ഉള്ളിടത്ത്, ജീവൻ പ്രസരിപ്പിക്കാൻ വേണ്ടിയാണ്; അതുവഴിയായി സ്നേഹത്തിന്റെ വിസ്തീർണം വർധിപ്പിക്കാനും അങ്ങനെ ദൈവത്തിന്റെ ഭരണം വർധമാനമാംവിധം ഈ ലോകത്ത് അനുഭവപ്പെടാനുമാണ്.

വിശുദ്ധ പോൾ ആറാമൻ 1964 ഏപ്രിൽ 11-ാംതീയതി ആദ്യ ത്തെ ലോക ദൈവവിളി ദിനത്തിനുവേണ്ടി രചിച്ച ഈ പ്രാർഥന നമ്മുടെ തീർഥാടനത്തിൽ നമ്മെ അനുയാത്ര ചെയ്യട്ടെ:

"ആത്മാക്കളുടെ ദിവ്യഇടയനായ യേശുവേ, നീ അപ്പോസ്തലന്മാരെ വിളിക്കുകയും അവരെ മനുഷ്യരെപ്പിടിക്കുന്നവരാക്കുകയും ചെയ്തുവല്ലോ! നിന്റെ അനുയായികളും നിന്റെ ശുശ്രൂഷകരുമാകാൻ യുവതീയുവാക്കന്മാരുടെ ഇടയിൽനിന്ന് തീക്ഷ്ണമതികളും ഉദാരമനസ്ക്കരുമായ ആത്മാക്കളെ തുടർന്നും നിന്നിലേക്കു വിളിക്കണമേ. എല്ലാവരുടെയും രക്ഷയ്ക്കായുള്ള നിന്റെ ദാഹത്തിൽ പങ്കുചേരാൻ അവരെ അനുവദിക്കണമേ. അവരുടെ മുമ്പിൽ ലോകം മുഴുവന്റെയും ചക്രവാളങ്ങൾ തുറന്നുവയ്ക്കണമേ. നിന്റെ വിളിക്ക് പ്രത്യു

ത്തരം നല്കിക്കൊണ്ട്, ഈ ഭൂമിയിലുള്ള നിന്റെ ദൗത്യം അവർ വിപുലമാക്കട്ടെ. അങ്ങനെ അവർ നിന്റെ മൗതികശരീരമാകുന്ന സഭയെ പണിതുയർത്തുകയും, 'ഭൂമിയുടെ ഉപ്പും' 'ലോക ത്തിന്റെ പ്രകാശവും' (മത്താ 5,13) ആയിഭവിക്കുകയും ചെയ്യുമാറാകട്ടെ."

കന്യകമറിയം നിങ്ങളെ കടാക്ഷിക്കുകയും സംരക്ഷിക്കുകയും ചെയ്യുമാറാകട്ടെ. നിങ്ങൾക്ക് എല്ലാവർക്കും എന്റെ ആശീർവാദം!

പെസഹാക്കാലത്തിലെ നാലാം ഞായറാഴ്ചയായ 2023 ഏപ്രിൽ 30-ാംതീയതി റോമിലെ വിശുദ്ധ ജോൺ ലാറ്ററൻ മഹാദേവാലയത്തിൽ വച്ച് നല്കപ്പെട്ടത്.

ഫ്രാൻസിസ് പാപ്പാ



# കച്ചേരിക്കാര്യം

**1. പുതിയ നിയമനങ്ങളും സ്ഥലം മാറ്റവും**

Rev. Fathers:

| | |
|---|---|
| Chakkittamuriyil Thomas Jr. | Muthappanpuzha |
| Cheeramattathil Sebastian | Kalkkundu |
| Chempukandathil Sebastian | Kondotty |
| Chemputhookil Mathew | Karimbu |
| Cheruvelil Mathew | Poozhithodu |
| Chethipuzha MCBS | Chathangottunada |
| Chilambattussery MCBS | Relieved from Koodaranji |
| Chirakandathil Jose | Leave |
| Chunayammackal Mathew | Paroppady Asst. |
| Chundayil Joseph | Kallanode |
| Eettathottathil Michael OSFS | Releived from Muthappanpuzha |
| Kalathil Joseph | Kottakkal |
| Kalathoor Varghese | Leave |
| Kandassamkunnel Mathew | Valillappuzha |
| Kanivelil Augustine CMI | Koodathai |
| Kannampilly Thomas | Principal, Oorakam School |
| Karakkunnel Jacob | Thekkumkutty & Parathodu |
| Kiliyamparambil Joseph | Asst. Paroppady |
| Kizhakkarakkattu Dantis | Kakkadampoyil |
| Kizhakkarakkattu Sudeep | Resident Manager Deepika - Kozhikkode, Director DFC |
| Kocheelath Johnson | Spritual Director, Minor Seminary |
| Kochupurayil Sharon OSFS | Relieved from Bethania |
| Koonanikkal Joseph | Chempanoda |
| Koramkottu Mathew | Manjumala, Director, Family Apostolate & Bible Apostolate |
| Kozhaliparambil Lonappan CMI | Vettathur |
| Kureekkattil Paul CMI | Devagiri |

| | |
|---|---|
| Kuzhimattathil James | Kuppayakkode |
| Kuzhivelil Dominic | Director, Communication Media (Addl.) |
| Maniyamkulath Emmanel OSFS | Adakkakundu |
| Mannanchery Jose | Tirur |
| Mattappilly Sebastian | Manjakunnu |
| Mazhuvanchery Abraham | Poothampara |
| Mukala Kuriakose | Manager, Alphonsa School, Tsy (Addl.) |
| Mulangasseril Mathew | Kattippara |
| Mundakkal Chacko | Study Leave |
| Mundackal George | Oorakam |
| Mundanatt George | Managing Director, Rashtra Deepika Ltd. |
| Muttathukudiyil Dominic | Kalikavu |
| Nandalath Johnson | Major Seminary, Kunnoth |
| Narivelil George | Asst. Vicar, Koodaranji |
| Nirappel Mathew | Malappuram |
| Oravunkara John | Mukkam |
| Palakkeel Kuriakose | Vice Rector, Minor Seminary |
| Panachikkal Alex | Study Leave |
| Parankulangara Thomas | Thalayad & Director LDS, Temperance Movement & Renewal, Jesus Youth |
| Payyappilly Sebastian CMI | Kadalundi |
| Pazhukkunnel Johnson | Pushpagiri |
| Plakkoottathil Jacob | In-Charge - Karuna Hostel |
| Ponganpara Cheriyan | Chancellor & Secretary PPF |
| Poovanikkunnel Jose CSsR | Confessor, Bethaniya Renewal Centre |
| Pulichamakkal Joseph | Kunnamangalam |
| Puthanpurakkal Joseph | Asst. Director, Vocation Bureau & Director, Pain & Palliative, Altar Servers |
| Puthenveetil Kuriakose | Valook |
| Puthoor Antony CSsR | Asst. Vicar, Koodaranji |

| | |
|---|---|
| Puthusseriputhenpura George | Valiyakolly |
| Thattil Davis CMI | Ponniyamkurissy |
| Thekkekkaramattathil Mathew | Acting Vicar, Valayam & Paloor |
| Thevadiyil Thomas | Chakkittapara |
| Thoomullil Mathew | Kattangal (Addl.) |
| Vadakkel Joseph | Vettilappara |
| Vadakkel Sebastian | Priest In-Charge - Nooramthodu |
| Valloppilly Simon | Retired, Priest Home, Clt. |
| Varakil Antony | Chamal & Eparchial Tribunal Judge. |
| Vayalil Abraham | Protosyncellus |
| Vellammakal Francis | Padathukadavu |
| Vellaramkalayil George | Director CML, Holy Childhood & Alphonsa School, Tsy |

**2. തിരുഹൃദയമാസം**

ജൂൺ മാസം ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ഠിതമായ മാസമാണല്ലോ. ഈശോയുടെ തിരുഹൃദയത്തോടുള്ള ഭക്തി പ്രചരിപ്പിക്കുവാനും തിരുഹൃദയ തിരുനാൾ ദിനമായ ജൂൺ 16-ാം തീയതി സമുചിതമായി ആചരിക്കുവാനും ശ്രദ്ധിക്കുമല്ലോ.

**3. മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവിന്റെ ചരമവാർഷികദിനം**

ജൂൺ 11 നമ്മുടെ രൂപതയുടെ പ്രഥമ മെത്രാനായിരുന്ന മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവിന്റെ 29-ാം ചരമവാർഷികദിനമാണ്. ജൂൺ 10-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ വി. കുർബാനയും മറ്റു ശുശ്രൂഷകളും നടക്കുന്നു. സാധിക്കുന്ന എല്ലാവരും ചടങ്ങുകളിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ചരമദിനം നേരത്തെ ഇടവകയിൽ അറിയിക്കുകയും ഇടവകകളിൽ പിതാവിനുവേണ്ടി അർപ്പിക്കപ്പെടുന്ന വി. കുർബാനയിൽ പങ്കെടുക്കുവാൻ വിശ്വാസികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്.

**4. വി. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ - ജൂൺ 29 കടമുള്ള ദിവസം**

സീറോ മലബാർ സഭയുടെ പ്രത്യേക നിയമപ്രകാരം, വി. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ ദിവസമായ ജൂൺ 29 കടമുള്ള ദിവസമാണെന്ന് ഓർമ്മിപ്പിക്കുന്നു. ഇക്കാര്യം ദൈവജനത്തെ അറിയിക്കേണ്ടതും അതനുസരിച്ച് വി. കുർബാനയുടെ സമയം ക്രമീകരിക്കേണ്ടതുമാണ്.

### 5. പത്രോസിന്റെ കാശ് പിരിവ്

ആഗോളസഭയുടെ പ്രവർത്തനങ്ങളിൽ വിശ്വാസികൾ എല്ലാവരും പങ്കാളികളാകുന്നതിന്റെ ഭാഗമായി വി. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ ദിനത്തോടനുബന്ധിച്ച് അന്നേദിവസമോ അതിനടുത്തുള്ള ഞായറാഴ്ചയോ വി. കുർബാനമദ്ധ്യേ എടുക്കുന്ന സ്തോത്രക്കാഴ്ച രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്.

### 6. ദുക്റാനത്തിരുനാൾ, സീറോ മലബാർ സഭാദിനം

നമ്മുടെ വിശ്വാസ പൈതൃകത്തിന്റെ പിതാവായ മാർ തോമാശ്ലീഹായുടെ മരണത്തിരുനാളായ ജൂലൈ 3 കടമുള്ള ദിവസമായി നാം ആചരിക്കുന്നു. ദുക്റാനത്തിരുനാളിന് ഒരുക്കമായി മുമ്പുള്ള ദിവസങ്ങളിൽ വിശുദ്ധനോടുള്ള നൊവേന ചൊല്ലുന്നത് ഉചിതമായിരിക്കും. നമ്മുടെ വിശ്വാസത്തിന്റെ പിതാവായ മാർ തോമാശ്ലീഹായുടെ ദുക്റാന തിരുനാളിന്റെ പ്രാധാന്യം വിശ്വാസികൾക്ക് പകർന്നുകൊടു ക്കുവാൻ ഇത് സഹായിക്കും.

നമ്മുടെ പിതാവായ വി. തോമാശ്ലീഹായുടെ തിരുനാൾ സീറോ മലബാർ സഭാദിനമായും ആചരിക്കുന്നു. സഭയ്ക്കുവേണ്ടിയും സഭയുടെ പ്രവർത്തനങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കുവാനും ഈ ദിവസം നാം മാറ്റിവെച്ചിരിക്കുന്നു. അന്നേദിവസം വി. കുർബാനമദ്ധ്യേ എടുക്കുന്ന സ്തോത്രക്കാഴ്ച സഭയുടെ പ്രവർത്തനങ്ങൾക്കുവേണ്ടി സീറോ മലബാർ സഭാകേന്ദ്രത്തിലേക്ക് അയച്ചുകൊടുക്കുന്നതാണ്. ആളൊന്നിന് 2 രൂപ പ്രകാരമാണ് ഓരോ ഇടവകയിൽ നിന്ന് സഭാദിനപ്പിരിവായി രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടത്.

### 7. അഭിനന്ദനങ്ങൾ

**ബഹു. ഫാ. മാത്യു കോരംകോട്ട്, ബഹു. ഫാ. കുര്യാക്കോസ് പാലക്കീൽ** എന്നീ വൈദികർ ഉപരിപഠനത്തിനും അജപാലന ശുശ്രൂഷകൾക്കും ശേഷം രൂപതയിൽ തിരിച്ചെത്തിയിരിക്കുന്നു. ബഹു. വൈദികരുടെ എല്ലാവിധ ശുശ്രൂഷകൾക്കും അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

### 8. നന്ദി, സ്വാഗതം, പ്രാർത്ഥനാശംസകൾ

രൂപതയുടെ അജപാലന പ്രവർത്തനങ്ങളിൽ നിന്ന് പുതിയ സേവന രംഗത്തേയ്ക്ക് മാറിപ്പോകുന്ന മുത്തപ്പൻപുഴ ഇടവക വികാരിയായിരുന്ന **ബഹു. ഫാ. മൈക്കിൾ ഈറ്റത്തോട്ടത്തിൽ OSFS**, കൂടത്തായി ഇടവക വികാരിയായിരുന്ന **ബഹു. ഫാ. ജോർജ് എഴാനിക്കാട്ട് CMI**, ദേവഗിരി ഇടവക വികാരിയായിരുന്ന **ബഹു. ഫാ. അഗസ്റ്റിൻ ചക്കാലയിൽ CMI**, കടലുണ്ടി ഇടവക വികാരിയായിരുന്ന **ബഹു. ഫാ. റാഫേൽ കൊക്കോടൻ CMI**, വെട്ടത്തൂർ ഇടവക വികാരിയാ

യിരുന്ന **ബഹു. ഫാ. വിൻസൺ മുയലൻ CMI**, പൊന്നിയാംകുറിശ്ശി ഇടവക വികാരിയായിരുന്ന **ബഹു. ഫാ. ജോർജ് പുത്തുൻചിറ CMI**, ചാത്തൻകോട്ടു നട ഇടവക വികാരിയായിരുന്ന **ബഹു. ഫാ. ജോർജ് കിഴക്കേമുറി MCBS**, ദേവഗിരി ഇടവക അസിസ്റ്റന്റ് വികാരിയായിരുന്ന ബഹു. **ഫാ. സിബി പുളിക്കൽ CMI**, കൂടരഞ്ഞി ഇടവക അസിസ്റ്റന്റ് വികാരിയായിരുന്ന **ബഹു. ഫാ. മാത്യു ചിലമ്പാട്ടുശ്ശേരി MCBS**, പുല്ലൂരാംപാറ ബഥാനിയ ധ്യാനകേന്ദ്രത്തിൽ ശുശ്രൂഷ ചെയ്തിരുന്ന **ബഹു. ഫാ. ഷാരോൺ കൊച്ചുപുരയിൽ OSFS** എന്നീ ബഹു. വൈദികർക്ക് രൂപതാസമൂഹത്തിന്റെ ഹൃദയം നിറഞ്ഞ നന്ദിയും പ്രാർത്ഥനാശംസകളും നേരുന്നു.

രൂപതയുടെ വൈദികകൂട്ടായ്മയിലേക്ക് കടന്നുവന്നിരിക്കുന്ന **ബഹു. ഫാ. ഇമ്മാനുവേൽ മണിയംകുളത്ത് OSFS, ബഹു. ഫാ. ജോസ് പൂവാനിക്കുന്നേൽ CSsR, ബഹു. ഫാ. സെബാസ്റ്റ്യൻ പയ്യപ്പിള്ളി CMI, ബഹു. ഫാ. അഗസ്റ്റിൻ കണിവേലിൽ CMI, ബഹു. ഫാ. ജോസഫ് ചെത്തിപുഴ MCBS, ബഹു. ഫാ. പോൾ കുരീക്കാട്ടിൽ CMI, ബഹു. ഫാ. ഡേവിസ് തട്ടിൽ CMI, ബഹു. ഫാ. ലോനപ്പൻ കൊഴലിപറമ്പിൽ CMI, ബഹു. ഫാ. മാത്യു ചുണയംമാക്കൽ CMF** എന്നീ വൈദികർക്ക് രൂപതാകൂട്ടായ്മയിലേക്ക് ഹൃദ്യമായ സ്വാഗതം.

### 9. വൈദികരുടെ വാർഷിക ധ്യാനം

ഈ വർഷത്തെ വൈദികരുടെ വാർഷികധ്യാനം 2023 ജൂലൈ 9 മുതൽ 14 വരെ പുല്ലൂരാംപാറ ബഥാനിയ ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തപ്പെടുന്നു. ധ്യാനം നയിക്കുന്നത് വിൻസെൻഷ്യൻ സന്യാസസമൂഹാംഗം ബഹു. ഫാ. ആന്റണി പറങ്കിമാലിൽ വി.സി. ആണ്. ധ്യാനത്തിൽ സംബന്ധിക്കാൻ ആർക്കെങ്കിലും കാര്യമായ അസൗകര്യം ഉണ്ടെങ്കിൽ മുൻകൂട്ടി രൂപതാകാര്യാലയത്തിൽ അറിയിക്കുകയും അനുവാദം വാങ്ങുകയും ചെയ്യേണ്ടതാണ്. പിന്നീട് വാർഷികധ്യാനം നടത്തിയ വിവരം രൂപതാകാര്യാലയത്തെ അറിയിക്കേണ്ടതുമാണ്. ധ്യാനത്തിനു വരുമ്പോൾ കുർബാനക്കണക്കുപുസ്തകം പരിശോധനയ്ക്കായി കൊണ്ടുവരുവാൻ ഓർമ്മിക്കുമല്ലോ.

### 10. ഫോൺ നമ്പറുകൾ

| | |
|---|---|
| ഫാ. മാത്യു കോരംകോട്ട് | - 9496321411 |
| ഫാ. കുര്യാക്കോസ് പാലക്കീൽ | - 8547312788 |
| ഫാ. ഇമ്മാനുവേൽ മണിയംകുളത്ത് OSFS | - 6361024658 |
| ഫാ. ജോസ് പൂവാനിക്കുന്നേൽ CSsR | - 9074238533 |
| ഫാ. ലോനപ്പൻ കൊഴലിപറമ്പിൽ CMI | - 8056450207 |
| ഫാ. ഡേവിസ് തട്ടിൽ CMI | - 9487129825 |

| | |
|---|---|
| ഫാ. സെബാസ്റ്റ്യൻ പയ്യപ്പിള്ളി CMI | - 8943062909 |
| ഫാ. മാത്യു ചുണയംമാക്കൽ CMF | - 8281082705 |
| ഫാ. അഗസ്റ്റിൻ കണിവേലിൽ CMI | - 9446955482 |
| ഫാ. പോൾ കുരീക്കാട്ടിൽ CMI | - 9497888113 |

### 11. ആദരാഞ്ജലികൾ

ബഹു. ജോസഫ് കളത്തിലച്ചന്റെ പിതാവ് **ആന്റണി കളത്തിൽ (76)** 2023 മെയ് 19 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. മാവൂർ ഇടവകയിൽ നടന്ന മൃതസംസ്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് കാർമ്മികത്വം വഹിച്ചു. സന്തപ്ത കുടുംബാംഗങ്ങളോടും പ്രത്യേകിച്ച് ബഹു.ജോസഫച്ചനോടും രൂപതാകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു. പരേതന്റെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

### 12. സ്മരണാഞ്ജലി

| | | |
|---|---|---|
| 04-06-1985 | - | റവ. ഫാ. സിറിയക് ചെമ്മാഴം |
| 08-06-1977 | - | റവ. ഫാ. തോമസ് കോട്ടൂർ |
| 09-06-1986 | - | റവ. ഫാ. ജോൺ വിയാനി സി.എം.ഐ. |
| 10-06-1994 | - | റവ. ഫാ. സെബാസ്റ്റ്യൻ പുളിയമ്മാക്കൽ |
| **11-06-1994** | **-** | **മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി** |
| **11-06-2005** | **-** | **റവ. ഫാ. ജോസഫ് അരഞ്ഞാണിപുത്തൻപുര** |
| **19-06-2006** | **-** | **റവ. ഫാ. പോൾ മൂശാരിയേട്ട്** |
| 21-06-2001 | - | മോൺ. ജേക്കബ് വാരിക്കാട്ട് |
| **21-06-2008** | **-** | **റവ. ഫാ. ജോസഫ് അടിപുഴ** |
| 24-06-1974 | - | റവ. ഫാ. സെബാസ്റ്റ്യൻ സി.എം.ഐ |
| **24-06-2009** | **-** | **മോൺ. സി. ജെ. വർക്കി കുഴികുളം** |
| 25-06-1970 | - | റവ. ഫാ. ഫുൾജെൻസിയൂസ് സി.എം.ഐ. |

**പ്രോട്ടോസിഞ്ചെല്ലൂസ്**

# സ്നേഹസ്മരണയ്ക്ക്




റവ. ഫാ. ജോസഫ്
അഞ്ഞാണിപുത്തൻപുര
11-06-2005



റവ. ഫാ. പോൾ
മൂശാരിയേട്ട്
19-06-2006



റവ. ഫാ. ജോസഫ്
അടിപുഴ
21-06-2008



മോൺ. സി. ജെ.
വർക്കി കുഴികുളം
24-06-2009

# വിശ്വാസപരിശീലനം

"ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പാലിച്ച് അവിടുത്തെ സ്നേഹത്തിൽ നിലനിൽക്കുന്നതുപോലെ, നിങ്ങൾ എന്റെ കല്പനകൾ പാലിച്ചാൽ എന്റെ സ്നേഹത്തിൽ നിലനിൽക്കും" (1 യോഹന്നാൻ 2: 17)

## വിശ്വാസപരിശീലന വർഷാരംഭം

ഞാൻ ജീവന്റെ അപ്പമാണ് (യോഹന്നാൻ 6: 48) മതബോധന പ്രമേയവുമായി 2023-2024 വിശ്വാസപരിശീലന വർഷം മെയ് 28 ഞായറാഴ്ച പന്തക്കുസ്താ ദിനത്തിൽ എല്ലാ ഇടവകകളിലും ആരംഭിച്ചു.

## പ്രധാനാധ്യാപക സംഗമം

2023-2024 അധ്യയന വർഷത്തിനു മുന്നോടിയായുള്ള പ്രധാനാധ്യാപക സംഗമം മെയ് 20 ശനി (മരുതോങ്കര, വിലങ്ങാട്, കൂരാച്ചുണ്ട് മേഖലകൾ @ മരുതോങ്കര) (താമരശ്ശേരി, കോടഞ്ചേരി, പാറോപ്പടി മേഖലകൾ @ MMPC ഓഡിറ്റോറിയം, താമരശ്ശേരി) മെയ് 21 ഞായർ (മലപ്പുറം, പെരിന്തൽമണ്ണ, കരുവാരകുണ്ട് മേഖലകൾ @ പെരിന്തൽമണ്ണ) മെയ് 23 ചൊവ്വ (തിരുവമ്പാടി, തോട്ടുമുക്കം മേഖലകൾ @ തിരുവമ്പാടി) എന്നീ തിയതികളിൽ വിവിധ മേഖലാകേന്ദ്രങ്ങളിൽ വച്ച് നടത്തി. സംഗമം നടത്തിയ മേഖലകളിലെ ഡയറക്ടർമാർ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. മതബോധന ഡയറക്ടർ 2023-2024 അധ്യയന വർഷത്തിലെ അറിയിപ്പുകൾ അവതരിപ്പിച്ചു. 3 സെന്ററുകളിലായി 118 പ്രധാനാധ്യാപകർ സംഗമത്തിൽ പങ്കെടുത്തു.

## ACC 14 അധ്യാപക സംഗമം

2023-2024 അധ്യയന വർഷത്തിലെ ACC 14 ക്ലാസിൽ പഠിപ്പിക്കുന്ന അധ്യാപകരുടെ സംഗമം ജൂൺ 10-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1.00 മണിവരെ താമരശ്ശേരി MMPC ഓഡിറ്റോറിയത്തിൽ വച്ച് ചേരുന്നതാണ്. എല്ലാ സൺഡേസ്കൂളുകളിലെയും ACC 14 ക്ലാസിൽ പഠിപ്പിക്കുന്ന മുഴുവൻ അധ്യാപകരും നിർബന്ധമായും പ്രോഗ്രാമിൽ സംബന്ധിക്കേണ്ടതാണ്.

## എമ്മാവൂസ് മീറ്റ് (മതാധ്യാപക സംഗമം)

2023-2024 അധ്യയന വർഷത്തിലെ മതാധ്യാപക സംഗമം പുല്ലൂരാംപാറ ബഥാനിയ ധ്യാനകേന്ദ്രത്തിൽ വച്ച് ജൂൺ 17 ശനിയാഴ്ച രാവിലെ 9.00 മണിക്ക് രജിസ്ട്രേഷനോടുകൂടി ആരംഭിച്ച് ഉച്ചകഴിഞ്ഞ് 4.00 മണിക്ക് അവസാനിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് Rs. 200/

| | | |
|---|---|---|
| 9.00 | - | രജിസ്ട്രേഷൻ |
| 9.45 | - | വി. കുർബാന |
| 10.45 | - | ബ്രേക്ക് |
| 11.00 | - | ക്ലാസ് |
| 12.30 | - | ദിവ്യകാരുണ്യ ആരാധന |
| 1.00 | - | ഉച്ചഭക്ഷണം |
| 2.00 | - | പൊതുസമ്മേളനം (ജൂബിലിയേറിയൻസിനെ ആദരിക്കൽ, സമ്മാനദാനം) |
| 4.00 | - | സീറോമലബാർ സഭാഗാനം |

## Power Cell (മതാധ്യാപക സംഗമം)

രൂപതയിലെ മുഴുവൻ വിശ്വാസപരിശീലകരെയും മേഖലാസെന്ററുകളിൽ ഒരുമിച്ചുകൂട്ടി നടത്തുന്ന പ്രോഗ്രാം. എല്ലാ മതാധ്യാപകരും നിർബന്ധമായും ഈ പ്രോഗ്രാമിൽ പങ്കെടുക്കേണ്ടതാണ്. ജൂൺ 22 വ്യാഴാഴ്ച കോടഞ്ചേരി ഫൊറോന ദൈവാലയത്തിൽ വച്ച് വൈകുന്നേരം 5.00 മണി മുതൽ 9.00 മണി വരെ ഈ അധ്യയനവർഷത്തെ ആദ്യത്തെ പവർ സെൽ നടത്തുന്നതാണ്. കോടഞ്ചേരി സെന്ററിൽ വച്ച് നടത്തുന്ന പ്രോഗ്രാമിൽ പങ്കെടുക്കേണ്ട ഇടവകകൾ: കോടഞ്ചേരി, ഈരൂട്, തെയ്യപ്പാറ, കണ്ണോത്ത്, കുപ്പായക്കോട്.

## Power Cell ജൂലൈ മാസത്തിൽ

| *തീയതി* | *സെന്റർ* | *പങ്കെടുക്കേണ്ട ഇടവകകൾ* |
|---|---|---|
| ജൂലൈ 12 (ബുധൻ) | മലപ്പുറം | കൊണ്ടോട്ടി, കോട്ടക്കൽ, മലപ്പുറം, ഊരകം, തിരൂർ |
| ജൂലൈ 19 (ബുധൻ) | മരിയാപുരം | മാലാപറമ്പ്, ചീരട്ടാമല, മരിയാപുരം, മങ്കട, വലമ്പൂർ, കുറ്റിപ്പുറം, പാലൂർക്കോട്ട |

### ACC 13 അധ്യാപക സംഗമം

2023-2024 അധ്യയന വർഷത്തിലെ ACC 13 ക്ലാസിൽ പഠിപ്പിക്കുന്ന അധ്യാപകരുടെ സംഗമം ജൂൺ 24-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1.00 മണിവരെ താമരശ്ശേരി MMPC ഓഡിറ്റോറിയത്തിൽ വച്ച് ചേരുന്നതാണ്. എല്ലാ സൺഡേസ്കൂളുകളിലെയും ACC 13 ക്ലാസിൽ പഠിപ്പിക്കുന്ന മുഴുവൻ അധ്യാപകരും നിർബന്ധമായും പ്രോഗ്രാമിൽ സംബന്ധിക്കേണ്ടതാണ്.

## ലൂമിന

2023-2024 അധ്യയന വർഷത്തെ 11, 12 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കു വേണ്ടിയുള്ള ലൂമിന പ്രോഗ്രാം ജൂൺ 25 ഞായറാഴ്ച വിലങ്ങാട് മേഖലയിൽ (വിലങ്ങാട് ഫൊറോന ദൈവാലയം) രാവിലെ 9.00 മണിക്ക് രജിസ്ട്രേഷനോടുകൂടി ആരംഭിക്കുന്നതാണ്. ജൂൺ 28 ബുധനാഴ്ച തിരുവമ്പാടി മേഖലയിലെ HCC I കുട്ടികളുടെ ലൂമിന തിരുവമ്പാടിയിൽ വച്ച് നടക്കുന്നതാണ്.

### *ലൂമിന-ജൂലൈ മാസത്തിൽ*

| | | |
|---|---|---|
| ജൂലൈ 8 (ശനി) | - | കോടഞ്ചേരി മേഖല @ കോടഞ്ചേരി |
| ജൂലൈ 9 (ഞായർ) | - | തോട്ടുമുക്കം മേഖല @ തോട്ടുമുക്കം |
| ജൂലൈ 23 (ഞായർ) | - | താമരശ്ശേരി മേഖല @ താമരശ്ശേരി |
| ജൂലൈ 28 (വെള്ളി) | - | കൂരാച്ചുണ്ട് മേഖല @ കൂരാച്ചുണ്ട് |

## ആമുഖസെമിനാർ

2023-2024 അധ്യയന വർഷത്തെ നവാഗതരായ അധ്യാപകർക്കുവേണ്ടിയുള്ള ആമുഖസെമിനാർ ജൂൺ 30 ജൂലൈ 01, 02 തീയതികളിൽ (വെള്ളി, ശനി, ഞായർ) മേരിക്കുന്ന് പി.എം.ഒ.സി യിൽ വച്ച് നടക്കുന്നതാണ്. ജൂൺ 30-ന് വൈകിട്ട് 5.00 മണിക്ക് രജിസ്ട്രേഷനോടുകൂടി ആരംഭിക്കുന്ന സംഗമം ജൂലൈ 02-ന് ഉച്ചയ്ക്ക് 1.00 മണിക്ക് സമാപിക്കുന്നതാണ്. സെമിനാറിനു വരുന്നവർ പഠിപ്പിക്കുന്ന ക്ലാസിലെ ടെക്സ്റ്റ് ബുക്ക്, അധ്യാപകസഹായി, ബൈബിൾ എന്നിവയും രണ്ട് ദിവസം താമസിക്കാനാവശ്യമായ ബെഡ്ഷീറ്റ്, മറ്റ് ടോയ്ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്. ആമുഖ സെമിനാറിൽ പങ്കെടുക്കുന്നവരുടെ പേരുവിവരങ്ങൾ ജൂൺ 25-നകം മതബോധന ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്. രൂപതയിൽ മതാധ്യാപകരായി സേവനം ആരംഭിക്കുന്നവർ നിർബന്ധമായും ആമുഖസെമിനാറിൽ പങ്കെടുക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് Rs. 500/-

## പ്രാഥമിക റിപ്പോർട്ട്, മതാധ്യാപക സർവേ, HCC, ACC ആപ്ലിക്കേഷൻ ഫോമുകൾ

പ്രാഥമിക റിപ്പോർട്ട്, മതാധ്യാപക സർവേ, HCC, ACC ആപ്ലിക്കേഷൻ ഫോമുകൾ ജൂലൈ 17-നകം മതബോധന ഓഫീസിൽ ഏൽപിക്കേണ്ടതാണ്.

## മീഡിയ കാറ്റക്കേസിസ്

അഭിവന്ദ്യ പിതാവിന്റെ വിശ്വാസപരിശീലന വർഷാരംഭ സന്ദേ ശം കാറ്റക്കിസം യുട്യൂബ് ചാനലിൽ സംപ്രേക്ഷണം ചെയ്തു.

മതാധ്യാപക തുടർപരിശീലന പരീക്ഷയിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനം നേടിയ അധ്യാപകരുടെ ഇന്റർവ്യൂ കാറ്റക്കിസം യുട്യൂബ് ചാനലിൽ സംപ്രേക്ഷണം ചെയ്തു.

## 2022-2023 അധ്യയന വർഷത്തെ സ്കോളർഷിപ്പ് വിജയികൾ

### STD IV

1st Prize: Levin Sunil Kezhaplackal - Koorottupara
2nd Prize: Eywah Biju Tharayil - Mankavu
3rd Prize: Amjith J. Jose Kuttiyanikkal - Adackakund

### STD VII

1st Prize: Ann Maria Byju Valiyaveetil - East Hill
2nd Prize: Alona Manoj Pottananickal - Koodaranji
3rd Prize: Christi Tharappil - Kannoth

### STD X

1st Prize: Anna Mezhukanal - Kannoth
2nd Prize: Jarard John Panthappillil - Maramchatty
3rd Prize: Cicil Mariya Kolattuveliyil - Kottackal

## 2022-2023 അധ്യയന വർഷത്തെ ACC 13 രൂപതാതല പരീക്ഷയിൽ വിജയികളായവർ

1 st Prize : Anumol Jose Muttathukunnel - Kunduthode
2 nd Prize : Prisca Maria Sebastian Paramattathil - Valillapuzha
3 rd Prize : Tom Marian Kochuparambil - Vettilappara
3 rd Prize : Alviya Elavumkal - Malaparambu

**സ്വാഗതം**

വിശ്വാസപരിശീലനത്തിന്റെ പുതിയ ഓഫീസ് സെക്രട്ടറിയായി ചാർജെടുത്ത സി. ആൻസ് മരിയ SH-ന് ഹൃദ്യമായ സ്വാഗതം.

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, വിശ്വാസപരിശീലനം

# ലിറ്റർജി കമ്മീഷൻ

## മർഗാനീസ ക്ലാസ് രണ്ടാം ഭാഗം

വിശുദ്ധ കുർബാനയാകുന്ന മഹാരഹസ്യത്തെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കാൻ വിശ്വാസികളെ സഹായിക്കുന്ന ഓൺലൈൻ പഠന പരമ്പരയായ മർഗാനീസയുടെ രണ്ടാം ഭാഗം ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു.

മെയ് 13 ശനിയാഴ്ച വൈകിട്ട് 8.30 മുതൽ 9.30 വരെ സൂം മീറ്റിലൂടെ നടന്ന ക്ലാസിന് താമരശ്ശേരി രൂപത ലിറ്റർജി കമ്മീഷൻ അംഗവും പ്രസിദ്ധ വാഗ്മിയുമായ ശ്രീ. ജോൺസൺ പൂവത്തിങ്കൽ നേതൃത്വം നൽകി. 'ഐക്കണുകൾ ആരാധനക്രമത്തിൽ : പ്രാധാന്യവും പ്രസക്തിയും' എന്ന ക്ലാസിന്റെ രണ്ടാം ഭാഗം അന്നും മെയ് 27 ശനിയാഴ്ച ക്ലാസിന്റെ മൂന്നാം ഭാഗവും നടത്തി. അമ്പതോളം വ്യക്തികൾ സൂം മീറ്റിലൂടെ ഈ ക്ലാസ്സുകളിൽ സംബന്ധിച്ചു.

ഈ ക്ലാസുകൾ നടത്താൻ ആവശ്യമായ എല്ലാ സാങ്കേതിക സഹായങ്ങളും നൽകിയ പോപ്പ് ജോൺപോൾ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ബഹു. കുര്യൻ പുരമഠത്തിലച്ചന് പ്രത്യേകം നന്ദി അർപ്പിക്കുന്നു.

ബഹു. അച്ചന്മാർ ഈ ക്ലാസുകളിൽ സംബന്ധിക്കാൻ ഇടവകാംഗങ്ങളെ പ്രോത്സാഹിപ്പിക്കുകയും ഇതുമായി ബന്ധപ്പെട്ട് അയച്ചുതരുന്ന പോസ്റ്ററുകൾ ഇടവക വാട്സ്ആപ്പ് കൂട്ടായ്മകളിൽ ഷെയർ ചെയ്യുകയും ചെയ്യുമല്ലോ.

## ഫീദെസ് ഫാമിലി ക്വിസ്

ഫീദെസ് ഫാമിലി ക്വിസിന്റെ ഫൈനൽ മത്സരം 2023 ജൂലൈ മാസത്തിലെ രണ്ടാം ശനിയാഴ്ചയാണ് (2023 ജൂലൈ 8) നടത്തുന്നത്. ആദ്യഘട്ട മത്സരത്തിൽ നിന്നും 34 കുടുംബങ്ങളാണ് രണ്ടാംഘട്ടത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്.

താമരശ്ശേരി രൂപത കലണ്ടർ (20%),
വിശുദ്ധകുർബാന പുസ്തകം റാസക്രമം (20%),

'സീറോ മലബാർ സഭയുടെ ആരാധനക്രമ വിശ്വാസ പരിശീലനം' 1,2,4 അദ്ധ്യായങ്ങൾ സീറോ മലബാർ സിനഡ് പ്രസിദ്ധീകരണം (50%), സഭാ സംബന്ധമായ പൊതു ചോദ്യങ്ങൾ (10%)

എന്ന രീതിയിൽ ആണ് ഫൈനൽ മത്സരത്തിലെ ചോദ്യ ഘടന.

**ഫാ. ജോസഫ് കളത്തിൽ**
കൺവീനർ, ലിറ്റർജി കമ്മീഷൻ

# ബൈബിൾ അപ്പോസ്തോലേറ്റ്

**ലോഗോസ് ക്വിസ് 2023**

സ്നേഹമുള്ളവരേ, ലോഗോസ് ക്വിസ് 2023 പരീക്ഷയെക്കുറിച്ചുള്ള വിശദവിവരങ്ങൾ താഴെക്കൊടുക്കുന്നു.

**1. പ്രായവിഭാഗങ്ങൾ**

മത്സരത്തിൽ പങ്കെടുക്കുന്നവരെ പ്രായത്തെ അടിസ്ഥാനമാക്കി A, B, C, D, E, F എന്നീ വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

A വിഭാഗം 1.1.2012 നും അതിനുശേഷവും ജനിച്ചവർ
B വിഭാഗം 1.1.2007 നും 31.12.2011 നും ഇടയ്ക്ക് ജനിച്ചവർ
C വിഭാഗം 1.1.1992 നും 31.12.2006 നും ഇടയ്ക്ക് ജനിച്ചവർ
D വിഭാഗം 1.1.1972 നും 31.12.1991 നും ഇടയ്ക്ക് ജനിച്ചവർ
E വിഭാഗം 1.1.1959 നും 31.12.1971 നും ഇടയ്ക്ക് ജനിച്ചവർ
F വിഭാഗം 31.12.1958 നും അതിനു മുമ്പും ജനിച്ചവർ

**2. പഠനഭാഗങ്ങൾ**

ജോഷ്വ 13–24, പ്രഭാഷകൻ 27–33, ലൂക്ക 1–8, 2 കോറിന്തോസ് 1–6

**3. പഠനത്തിനായി ഉപയോഗിക്കേണ്ട ബൈബിൾ:**

മലയാളം : പി.ഒ.സി. ബൈബിൾ
ഇംഗ്ലീഷ് : NRSV Catholic Edition

**4. രജിസ്ട്രേഷൻ**

ഓൺലൈൻ രജിസ്ട്രേഷൻ മുൻകൂട്ടി ചെയ്യേണ്ടതാണെന്ന് ഓർമിപ്പിക്കുന്നു. രജിസ്ട്രേഷൻ 2023 ജൂൺ 1 ന് ആരംഭിച്ച് 2023 ജൂലൈ 31 ന് അവസാനിക്കും. രജിസ്ട്രേഷൻ ഫീസ് 10 രൂപ. ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിക്കുന്ന മൂന്ന് ഇടവകകൾക്ക് സമ്മാനം ഉണ്ടായിരിക്കുന്നതാണ്.

**5. പരീക്ഷ തീയതികൾ**

രൂപതതലത്തിലുള്ള പൊതുപരീക്ഷ 2023 സെപ്റ്റംബർ 24 ഞായറാഴ്ച നടത്തപ്പെടുന്നു. തുടർന്ന് സെമിഫൈനൽ പരീക്ഷകൾ മൂന്ന് മേഖലകളായി (കോഴിക്കോട്, എറണാകുളം, കൊല്ലം) 2023 നവംബർ 5 നും, മെഗാഫൈനൽ പരീക്ഷ പി.ഒ.സി. യിൽ വച്ച് 2023 നവംബർ 18,19 തീയതികളിലും നടത്തപ്പെടു

ന്നു. ബൈബിൾ പഠിക്കുവാനുള്ള ഈ അവസരം ഏവരും ഉപയോഗപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു.

**കൃതജ്ഞതയോടെ...**

ബൈബിൾ അപ്പൊസ്തോലേറ്റ് രൂപത ഡയറക്ടർ ആയി കഴിഞ്ഞ 12 വർഷക്കാലം സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച ബഹു. അഭിലാഷ് ചിലമ്പിക്കുന്നേൽ അച്ചന് ഹൃദയം നിറഞ്ഞ നന്ദിയും പ്രാർത്ഥനാശംസകളും.

**ഫാ. മാറ്റസ് കോരംകോട്ട്**
ഡയറക്ടർ, ബൈബിൾ അപ്പോസ്തോലേറ്റ്

## സെമിനാരി വാർത്തകൾ

**വൈദിക വസ്ത്ര സ്വീകരണം**

റീജൻസി പൂർത്തിയാക്കിയ 2 വൈദിക വിദ്യാർത്ഥികളും ഡിഗ്രി പഠനവും ഫിലോസഫിയും കഴിഞ്ഞ 3 വൈദിക വിദ്യാർത്ഥികളും ഏപ്രിൽ 29 ശനിയാഴ്ച രാവിലെ 8 മണിക്ക് താമരശ്ശേരി മേരിമാതാ കത്തീഡ്രലിൽ വച്ച് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിൽനിന്ന് വൈദീക വസ്ത്രം സ്വീകരിച്ചു. വൈദികവസ്ത്ര സ്വീകരണത്തിന് ഒരുക്കമായി ഏപ്രിൽ 23 മുതൽ 28 വരെ സെഹിയോനിൽ വച്ച് നടന്ന ധ്യാനത്തിന് ഫാ. സാജൻ ഇലഞ്ഞിക്കൽ നേതൃത്വം നൽകി.

*വൈദീക വസ്ത്രം സ്വീകരിച്ചവർ*

1 പൂവത്തോലി അലൻ (ആന്റണി), പനംപ്ലാവ്
2 തൂനാട്ട് ഫിലിഫ്സ്, കൂരാച്ചുണ്ട്
3 കണ്ടച്ചാലിൽ സിബിൻ (ഇമ്മാനുവൽ), പൊയ്ലോംചാൽ
4 കൊല്ലേരിത്താഴത്ത് വിപിൻ (മാത്യു), വെറ്റിലപ്പാറ
5 തട്ടിൽ യാക്കോബ്, താമരശ്ശേരി

**ബെഞ്ചെമിൻസ് ക്യാമ്പ്**

2023-24 വർഷത്തിൽ രൂപതാ സെമിനാരിയിൽ ചേരാൻ ആഗ്രഹിച്ച കുട്ടികൾക്കായി ഏപ്രിൽ 21 മുതൽ 23 വരെ ക്യാമ്പ് നടത്തി.

## ഇന്റർവ്യൂ

2023-24 വർഷത്തിൽ രൂപതാ സെമിനാരിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട 15 കുട്ടികൾക്ക് മാതാപിതാക്കന്മാർക്കൊപ്പം അഭിവന്ദ്യ പിതാവുമായി ഏപ്രിൽ 24 ന് ഇന്റർവ്യൂ നടത്തി. കുട്ടികളെ തിരഞ്ഞെടുത്ത് വിട്ട എല്ലാ വികാരി അച്ചന്മാർക്കും നന്ദി.

## വർക്കിംഗ് ക്യാമ്പ്

ഈ വർഷത്തെ മേജർ സെമിനാരി വൈദിക വിദ്യാർത്ഥികളുടെ വർക്കിംഗ് ക്യാമ്പ് താമരശ്ശേരി അൽഫോൻസാ മൈനർ സെമിനാരിയിൽ വച്ച് മെയ് 16,17 തീയതികളിലായ് നടത്തി. 17-ാം തീയതി വർക്കിംഗ് ക്യാമ്പിന് ശേഷം പാത്തിപ്പാറയിലെ നമ്പികുളത്തേക്ക് ഒരു ട്രക്കിംങ്ങ് നടത്തി. ട്രക്കിങ്ങിന് പാത്തിപ്പാറ ഇടവക വികാരി ബഹു. ജോസഫ് പാലക്കാട്ടച്ചൻ എല്ലാ ക്രമീകരണങ്ങളും ചെയ്തു. ഏവരെയും നന്ദിയോടെ ഓർക്കുന്നു. 18 ന് രാവിലെ എട്ട് മണിക്ക് അഭിവന്ദ്യ പിതാവിന്റെ സാന്നിധ്യത്തിൽ ക്ലാസ് ആരംഭിച്ചു. അതിൽ Desiderio Desideravi എന്ന അപ്പസ്തോലിക ലേഖനത്തെ ആസ്പദമാക്കി മേജർസെമിനാരി വിദ്യാർത്ഥികൾ ക്ലാസ് എടുത്തു.

## കോൺഫ്രൻസ്

അഭിവന്ദ്യ റെമീജിയോസ് പിതാവുമായുള്ള മേജർ സെമിനാരി വൈദിക വിദ്യാർത്ഥികളുടെ കോൺഫറൻസ് ഏപ്രിൽ 19 ന് രാവിലെ  നടന്നു.

## ഒന്നാം വർഷ തത്ത്വശാസ്ത്ര - ദൈവശാസ്ത്ര വിദ്യാർത്ഥികൾ

ഈ വർഷം തത്വശാസ്ത്ര ദൈവശാസ്ത്ര പഠനത്തിനായി വിവിധ മേജർ സെമിനാരികളിലേയ്ക്ക് പോകുന്നവർ:

*തത്ത്വശാസ്ത്രം*

| | |
|---|---|
| കാവുംപുറത്ത് ജോയൽ (ജോസഫ്) | വടവാതൂർ |
| എമ്പ്രയിൽ ആൽബിൻ (ചെറിയാൻ) | മംഗലപ്പുഴ |
| കുശൂംമൂട്ടിൽ നിജിൽ (ജോസ്) | കുന്നോത്ത് |

*ദൈവശാസ്ത്രം*

| | |
|---|---|
| പൂവത്തോലിൽ അലൻ (ആന്റണി) | കുന്നോത്ത് |
| തൂനാട്ട് ഫിലിഫ്സ് | മംഗലപ്പുഴ |
| കണ്ടച്ചാലിൽ സിബിൻ (ഇമ്മാനുവൽ) | മംഗലപ്പുഴ |
| കൊല്ലേരിത്താഴത്ത് വിപിൻ (മാത്യു) | വടവാതൂർ |
| തട്ടിൽ യാക്കോബ് | സത്ന |

**നന്ദി, സ്വാഗതം**

താമരശ്ശേരി രൂപത മൈനർ സെമിനാരിയിൽ കഴിഞ്ഞ 3 വർഷ ക്കാലം വൈസ് റെക്ടറായി സേവനം ചെയ്ത് രൂപത ചാൻസിലറായി സ്ഥലം മാറിപോകുന്ന ബഹു. ചെറിയാൻ പൊങ്ങൻപാറയച്ചനും കഴിഞ്ഞ 3 വർഷക്കാലം സെമിനാരിയിൽ ആദ്ധ്യാത്മിക പിതാവായി സേവനം ചെയ്ത് സ്ഥലം മാറിപ്പോകുന്ന ബഹു. ജോർജ്ജ് വെള്ളാരംകാലായിൽ അച്ചനും ഏറെ സ്നേഹത്തോടെ നന്ദി പറയുന്നതോടൊപ്പം പുതിയ ശുശ്രൂഷാ മേഖലയിൽ എല്ലാവിധ നന്മകളും നേരുന്നു.

സെമിനാരിയിലേക്ക് പുതുതായി കടന്നുവന്നിരിക്കുന്ന ആദ്ധ്യാത്മിക പിതാവ് ബഹു. അബ്രാഹം കൊച്ചീലാത്ത് അച്ചനും വൈസ് റെക്ടർ കുര്യാക്കോസ് പാലക്കീൽ അച്ചനും വൊക്കേഷൻ പ്രൊമോട്ടറും സ്മാർട്ട് ഡയറക്ടറുമായ ബഹു. ജോസഫ് പുത്തൻപുരയ്ക്കൽ അച്ചനും ഹൃദ്യമായ സ്വാഗതം

**ഫാ. ജേക്കബ് അരീത്തറ**
റെക്ടർ, അൽഫോൻസ സെമിനാരി

## ഫാമിലി അപ്പോസ്തലേറ്റ്

**പ്രീകാനാ കോഴ്സുകൾ 2023**

ജൂൺ 8-10
ജൂലൈ 6-8
ഓഗസ്റ്റ് 10-12

കൂടുതൽ വിവരങ്ങൾക്കും ബുക്കിങ്ങിനും: 8714031056

**കൃതജ്ഞതയോടെ...**

ഫാമിലി അപ്പോസ്തോലേറ്റ് രൂപത ഡയറക്ടർ ആയി കഴിഞ്ഞ ഒരു വർഷക്കാലം സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച ബഹു. സെബാസ്റ്റ്യൻ കവളക്കാട്ട് അച്ചന് ഹൃദയം നിറഞ്ഞ നന്ദിയും പ്രാർത്ഥനാശംസകളും.

**ഫാ. മാറ്റസ് കോരംകോട്ട്**
ഡയറക്ടർ, ഫാമിലി അപ്പോസ്തലേറ്റ

# കമ്മ്യൂണിക്കേഷൻ മീഡിയ

## കൃതജ്ഞതയോടെ

താമരശ്ശേരി രൂപതയുടെ കമ്മ്യൂണിക്കേഷൻ മീഡിയ ഡയറക്ടറായി നാലു വർഷം സ്തുത്യർഹ സേവനം അനുഷ്ഠിച്ച മനോജ് കൊല്ലംപറമ്പിൽ അച്ചനെ കൃതജ്ഞതയോടെ ഓർക്കുന്നു. കോവിഡ് കാലം സൃഷ്ടിച്ച പ്രതിസന്ധികൾക്കിടയിലും കമ്മ്യൂണിക്കേഷൻ മീഡിയ പ്രവർത്തനങ്ങളെ മികച്ച രീതിയിൽ ഏകോപിപ്പിക്കാൻ അച്ചനു കഴിഞ്ഞു. ലോക്ഡൗൺ കാലത്ത് രൂപതയുടെ വിവിധ ഡിപ്പാർട്ടുമെന്റുകൾക്ക് ഓൺലൈൻ സേവനം ഒരുക്കുന്നതിലും പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിലും അച്ചന്റെ സേവനം എടുത്തു പറയേണ്ടതാണ്. മിഷൻ ലീഗുമായി സഹകരിച്ച് കമ്മ്യൂണിക്കേഷൻ മീഡിയ നടത്തി വരുന്ന ക്രിസ്മസ് കരോൾ ഗാന മത്സരം കോവിഡ് കാലത്തും മുടങ്ങാതെ ഓൺലൈനായി സംഘടിപ്പിച്ചത് അച്ചന്റെ ശ്രമഫലമായാണ്.

രൂപതാ മുഖപത്രമായ മലബാർ വിഷന് പുതിയ കെട്ടുംമട്ടും സമ്മാനിക്കാൻ അച്ചന് സാധിച്ചു. മലബാർ വിഷന്റെ പതിനാറ് പേജും കളറിൽ അച്ചടിക്കാൻ തുടങ്ങിയതും വായനക്കാർക്കായി പുതിയ പംക്തികൾ ആരംഭിച്ചതും വായനക്കാരുടെ പങ്കാളിത്തം വർധിപ്പിക്കുന്നതിനായി വിവിധ അവസരങ്ങളിൽ മത്സരങ്ങൾ നടത്തിയതും മലബാർ വിഷന് മുതൽക്കൂട്ടായിമാറി. കോവിഡ് പ്രതിസന്ധിയിലും മലബാർ വിഷൻ വായനക്കാരിലെത്തിക്കാൻ അച്ചൻ നടത്തിയ പരിശ്രമങ്ങൾ ഏറെ പ്രശംസനീയമാണ്. അച്ചന്റെ കർമ്മ വീഥിയിൽ എല്ലാ ആശംസകളും നേരുന്നു.

## സ്വാഗതം

കമ്മ്യൂണിക്കേഷൻ മീഡിയ അസി. ഡയറക്ടറായി നിയമിതനായ ജോബിൻ തെക്കേക്കരമറ്റത്തിൽ അച്ചനെ ഏറെ സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു.

**ഫാ. സിബി കുഴിവേലിൽ**
ഡയറക്ടർ, കമ്മ്യൂണിക്കേഷൻ മീഡിയ

# ചെറുപുഷ്പ മിഷൻലീഗ്

## ഗ്രാന്റ് മാസ്റ്റേഴ്സ് ക്യാമ്പ്

ഈ വർഷത്തെ രൂപത തല ക്യാമ്പ് PMOC യിൽ വെച്ച് ഏപ്രിൽ 18, 19, 20 ദിവസങ്ങളിൽ നടത്തി. വ്യക്തിത്വ വികസനവും മിഷൻ ലീഗ് ആധ്യാത്മികതയും നേതൃത്വ പരിശീലനവും പ്രധാന വിഷയമായ ക്യാമ്പിൽ 47 പേർ പങ്കെടുത്തു. പാറോപ്പടി ഫൊറോന വികാരി വെരി. റവ. ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം ചെയ്തു. ചെറുപുഷ്പ മിഷൻ ലീഗ് സംസ്ഥാന ഓർഗനൈസർ ശ്രീ. അരുൺ ജോസ് ക്യാമ്പ് നയിച്ചു. ഡയറക്ടർ ഫാ. പ്രിയേഷ് തേവടിയിൽ, പ്രസിഡണ്ട് ശ്രീ. ബാബു ചെട്ടിപ്പറമ്പിൽ, വൈസ് ഡയറക്ടർ സി. ആൻ മരിയ FCC, സെക്രട്ടറി, ശ്രീ. അനൂപ്, ജന. ഓർഗനൈസർ ശ്രീ. ജോയ് ജോർജ് എന്നിവർ നേതൃത്വം നല്കി. മറ്റു എക്സിക്യൂട്ടീവ് മെമ്പേഴ്സ്, സി. ജെസ്മി എന്നിവരും ക്യാമ്പിന് സാന്നിധ്യം നല്കി സഹകരിച്ചു.

## ജ്വാല 2K23 – മലബാർ റീജിയൺ സംഗമം

മലബാർ റീജിയൺ സംഗമം 'ജ്വാല 2K23' മാനന്തവാടി ദ്വാരകയിൽ വച്ച് 2023 ഏപ്രിൽ 24 ന് നടന്നു. രൂപത എക്സിക്യുട്ടീവ് അംഗങ്ങൾ ഈ സംഗമത്തിൽ പങ്കെടുക്കുകയും കഴിഞ്ഞ പ്രവർത്തന വർഷത്തെ റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

## മേഖല ക്യാമ്പ്

2023 ഏപ്രിൽ 18 ന് കൂരാച്ചുണ്ട് മേഖല ക്യാമ്പും, ഏപ്രിൽ 25 ന് കോടഞ്ചേരി മേഖല ക്യാമ്പും നടത്തി. ചെറുപുഷ്പ മിഷൻലീഗ് രൂപത വൈസ് ഡയറക്ടർ റവ. സി. ആൻ മരിയ FCC കോടഞ്ചേ രിയിൽ സന്ദർശനം നടത്തുകയും സംഘടന പ്രവർത്തനങ്ങളെ ക്കുറിച്ച് അവബോധം നൽകുകയും ചെയ്തു.

## രൂപത ദിനാഘോഷവും രൂപത കൗൺസിലും

ഏപ്രിൽ 28 ന് കോടഞ്ചേരിയിൽ വെച്ച് നടത്തപ്പെട്ട താമരശ്ശേരി രൂപത ദിനത്തോടനുബന്ധിച്ച് ഈ വർഷത്തെ രൂപത കൗൺസിൽ സംഘടിപ്പിക്കപ്പെട്ടു. യുപി സ്കൂൾ ഹാളിൽ വെച്ചു നടത്തിയ സെമിനാർ മാനന്തവാടി രൂപത ചെറുപുഷ്പ മിഷൻലീഗ് മുൻ പ്രസിഡണ്ട് ശ്രീ. തോമസ് കല്ലറയ്ക്കൽ നയിച്ചു. വിവിധ ശാഖകളിൽ നിന്ന് 356 ഭാരവാഹികൾ പങ്കെടുത്തു. സെമിനാറിനു ശേഷം അംഗങ്ങൾ എല്ലാവരും റാലിയായി പ്രധാന ഹാളിലേക്ക് പ്രവേശിച്ചു. ചെറുപുഷ്പ മിഷൻലീഗ് സംഘടനയിൽനിന്ന് സ്റ്റാർ സിങ്ങർ കുമാരി ആഗ്നസ് ബിനോയ് ഒറ്റലാങ്കൽ (കുറ്റിപ്പുറം ഇടവക) ഈ വർഷത്തെ രൂപത ദിനത്തിൽ പ്രത്യേകം ആദരിക്കപ്പെട്ടു.

### മിസ്സിയോ - ദൈവവിളി പ്രസംഗ മത്സരം

2013 മെയ് 20-ാം തീയതി താമരശ്ശേരി മാർ മങ്കുഴിക്കരി മെമ്മോ റിയൽ പാസ്റ്ററൽ സെന്ററിൽ വച്ച് മിസ്സിയോ - ദൈവവിളി പ്രസംഗ മത്സരം നടത്തി. ഇതിൽ സമ്മാനർഹരായവരുടെ പേരു വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| Ist prize | : | Riyona Maria Jaison Elayidath, Kodenchery |
| IInd Prize | : | Britto Sunny Mukalath, Pulloorampara |
| IIIrd Prize | : | Sera Maria Bijoy Kochuvelikkakam, Mankavu |

### വാർഷിക സമ്മേളനം

2023 മെയ് 20 ശനിയാഴ്ച താമരശ്ശേരി മാർ മങ്കുഴിക്കരി മെമ്മോ റിയൽ പാസ്റ്ററൽ സെന്ററിൽ വച്ച് രൂപത വാർഷിക സമ്മേളനവും, മാനേജിങ്ങ് കമ്മറ്റിയും, ശാഖ വൈസ് ഡയറക്ടേഴ്സ് സംഗമവും നടത്തി. കഴിഞ്ഞ പ്രവർത്തന വർഷത്തെ റിപ്പോർട്ട് അവതരിപ്പിക്കുക യും വിലയിരുത്തുകയും ചെയ്തു. ഈ സമ്മേളനത്തിൽ വച്ച് മുൻ ഡയറക്ടറായ റവ. ഫാ. പ്രിയേഷ് തേവടിയിൽ, വൈസ് ഡയറക്ടർ റവ. സി. ആൻ മരിയ FCC എന്നിവർക്ക് യാത്രയയപ്പ് നൽകി. കഴിഞ്ഞ പ്രവർത്തന വർഷത്തിൽ നടന്ന വിവിധ മത്സരങ്ങളുടെ സമ്മാനങ്ങൾ വിതരണം ചെയ്തു. റവ.ഫാ. ജോർജ്ജ് വെള്ളാരംകാലായിൽ (ഡയറക്ടർ) ഈ സമ്മേളനത്തിന് സ്വാഗതം ആശംസിക്കുകയും, ശ്രീ. ബാബു ചെട്ടിപ്പറമ്പിൽ (പ്രസിഡന്റ്) അധ്യക്ഷത വഹിക്കുകയും ചെയ്തു. വെരി. റവ. ഫാ. ചെറിയാൻ പൊങ്ങൻപാറ (രൂപത ചാൻസിലർ) ഉദ്ഘാടനം ചെയ്തു. ശ്രീ. ജിനോ തറപ്പുതൊട്ടിയിൽ (സംസ്ഥാന പ്രതിനിധി) നന്ദി പറഞ്ഞു.

### നന്ദി


കഴിഞ്ഞ വർഷങ്ങളിൽ ചെറുപുഷ്പ മിഷൻലീഗ് മേഖല ഡയറക് ടർമാരായി സ്തുത്യർഹ സേവനം ചെയ്ത റവ. ഫാ. ജേക്കബ് (ഷെറിൻ) പുത്തൻപുരയ്ക്കൽ (താമരശ്ശേരി മേഖല), റവ. ഫാ. സൈമൺ (അനൂപ്) കിഴക്കേക്കുന്നേൽ (തിരുവമ്പാടി മേഖല), റവ. ഫാ. ചാക്കോ (ലിൻസ്) മുണ്ടയ്ക്കൽ (കരുവാരകുണ്ട് മേഖല), റവ. ഫാ. സെബാസ്റ്റ്യൻ (ജോമോൻ) പാട്ടശ്ശേരി (പെരിന്തൽമണ്ണ മേഖല) എന്നിവർക്ക് ഹൃദയപൂർവ്വം നന്ദി നേരുന്നു. നിങ്ങളുടെ പുതിയ കർമ്മ മേഖലകൾ കൂടുതൽ തീക്ഷ്ണതയോടെ ചെയ്യുവാൻ ഈശോ നിങ്ങൾക്ക് കൃപ തരട്ടെയെന്ന് ചെറുപുഷ്പ മിഷൻലീഗ് കുടുംബം പ്രാർത്ഥിക്കുന്നു.

### പുതിയ മേഖല ഡയറക്ടേഴ്സിന് സ്വാഗതം

| | | |
|---|---|---|
| പെരിന്തൽമണ്ണ | - | റവ. ഫാ. പോൾ പൂവ്വത്തിങ്കൽ |
| മലപ്പുറം | - | റവ. ഫാ. മാത്യു തിട്ടയിൽ |
| കരുവാരകുണ്ട് | - | റവ. ഫാ. സെബാസ്റ്റ്യൻ ചീരമറ്റത്തിൽ |

| | | |
|---|---|---|
| തോട്ടുമുക്കം | - | റവ .ഫാ. അഗസ്റ്റിൻ (ഡാന്റിസ്) കിഴക്കരക്കാട്ട് |
| തിരുവമ്പാടി | - | റവ. ഫാ. ജോർജ്ജ് കരിന്തോലിൽ |
| കോടഞ്ചേരി | - | റവ. ഫാ. ജോസഫ് വിലങ്ങുപാറ |
| താമരശ്ശേരി | - | റവ. ഫാ. തോമസ് പുലയൻപറമ്പിൽ |
| പാറോപ്പടി | - | റവ. ഫാ. ജോസഫ് കിളിയൻപറമ്പിൽ |
| കൂരാച്ചുണ്ട് | - | റവ. ഫാ. ജേക്കബ് കോയിപുറത്ത് |
| മരുതോങ്കര | - | റവ. ഫാ. വർഗ്ഗീസ് പനയ്ക്കൽ |
| വിലങ്ങാട് | - | റവ. ഫാ. മാത്യു തെക്കേക്കരമറ്റത്തിൽ |

**ഫാ. ജോർജ്ജ് വെള്ളാരംകാലായിൽ**
ഡയറക്ടർ, ചെറുപുഷ്പ മിഷൻലീഗ്



# അൾത്താരാ സംഘടന (SMART)

## SMART സംഘടനക്ക് പുതിയ നേതൃത്വം

സ്മാർട്ടിന്റെ പുതിയ രൂപത ഡയറക്ടർ ആയി ബഹുമാനപ്പെട്ടജോസഫ് പുത്തൻപുരക്കൽ അച്ചൻ ചാർജ് എടുത്തു. അച്ചന് എല്ലാവിധ ആശംസകളും നേരുന്നു.

രൂപത ഡയറക്ടർ ആയി സ്തുത്യർഹ സേവനം നിർവഹിച്ച് സ്ഥാനം മാറിപ്പോകുന്ന ബഹു. ചെറിയാൻ പൊങ്ങൻപാറ അച്ചനും ഫോറോനാ ഡയറക്ടർമാരായി പ്രവർത്തിച്ചു സ്ഥാനം മാറുന്ന, ഫാ. ലിൻസ് മുണ്ടക്കൽ (കരുവാരകുണ്ട്) ഫാ. ബോബി മഴുവഞ്ചേരി (താമരശ്ശേരി) ഫാ. ജോബിൻ തെക്കേക്കരമറ്റത്തിൽ (പറോപ്പടി) ഫാ. ജോസഫ് പുത്തൻപുരക്കൽ (തിരുവമ്പാടി) ഫാ. ബിജോ പനച്ചിക്കൽ (വിലങ്ങാട്) എന്നീ അച്ചന്മാർക്ക് നന്ദി.

പുതിയ മേഖലാ ഡയറക്ടർമാരായി ഫാ. ജോബിൻ തെക്കേക്കരമറ്റത്തിൽ (വിലങ്ങാട്) ഫാ. സിബിൻ കിളിയംപറമ്പിൽ (പാറോപ്പടി) ഫാ. ജിതിൻ നരിവേലിൽ (തിരുവമ്പാടി) ഫാ. അരുൺ ചീരമറ്റം (കരുവാരക്കുണ്ട്) ഫാ. നിർമ്മൽ പുലയംപറമ്പിൽ (താമരശ്ശേരി) എന്നിവർ ചാർജ് എടുത്തു.

## അവധിക്കാല ക്യാമ്പുകൾ

### അൾത്താരാ സംഘടന സംഗമം 2023

(To Be Smart with Jesus Christ)

അൾത്താര ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികളുടെ വിശ്വാ സവും ഭക്തിയും വർദ്ധിപ്പിക്കുന്നതിനായി രൂപതയെ മൂന്ന് റീജനുകളായി തിരിച്ച് താമസിച്ചുള്ള ക്യാമ്പുകൾ സംഘടിപ്പിച്ചു.

*1. പുത്തനങ്ങാടി:*

ഏപ്രിൽ 17,18 തീയതികളിലായി മലപ്പുറം, പെരിന്തൽമണ്ണ, കരുവാരകുണ്ട് ഫൊറോനകൾക്കായി പുത്തനങ്ങാടി സെന്റ് മേരിസ് കോളേജിൽ വച്ചു നടന്ന ക്യാമ്പിൽ 103 അൾത്താര ശുശ്രൂഷികൾ പങ്കെടുത്തു.

*2. പേരാമ്പ്ര :*

മെയ് 1, 2 തീയതികളിലായി വിലങ്ങാട്, മരുതോങ്കര, കൂരാച്ചുണ്ട് ഫൊറോനകൾക്കായി പേരാമ്പ്ര സെന്റ് ഫ്രാൻസിസ് സ്കൂളിൽ വച്ചു നടത്തിയ ക്യാമ്പിൽ 141 അൾത്താര ശുശ്രൂഷികൾ പങ്കെടുത്തു.

*3. തിരുവമ്പാടി :*

മെയ് 4,5 തീയതികളിലായി താമരശ്ശേരി, പാറോപ്പടി, തിരുവമ്പാടി, കോടഞ്ചേരി, തോട്ടുമുക്കം ഫൊറോനകൾക്കായി തിരുവമ്പാടി അൽഫോൻസാ കോളേജിൽ വച്ച് നടന്ന ക്യാമ്പിൽ 284 അൾത്താര ശുശ്രൂഷികൾ പങ്കെടുത്തു.

ക്യാമ്പുകളിലേക്കു കുട്ടികളെ അയച്ച വികാരി അച്ചന്മാർക്കും ക്യാമ്പിന് സ്ഥലസൗകര്യങ്ങളും സാങ്കേതിക സഹായങ്ങളും നൽകിയ പുത്തനങ്ങാടി സെന്റ് മേരിസ് കോളേജ്, തിരുവമ്പാടി അൽഫോൻസാ കോളേജ്, പേരാമ്പ്ര സെന്റ് ഫ്രാൻസിസ് സ്കൂൾ എന്നിവിടങ്ങളിലെ അധികാരികൾക്കും ക്യാമ്പിന് നേതൃത്വം നൽകിയ താമരശ്ശേരി രൂപത വൈദികവിദ്യാർത്ഥികൾക്കും നന്ദി.

**ഫുട്ബാൾ മത്സരം**

അവധിക്കാലത്ത് അൾത്താര സംഘടനയിലെ കുട്ടികൾക്കായി ഒരു ഫുട് ബോൾ മത്സരം നടത്തി. മത്സരത്തിന്റെ പ്രാഥമിക തലംഫോറോന ഡയറക്ടേഴ്സി ന്റെ നേതൃത്വത്തിൽ ഓരോ ഫോറോനയിലും രൂപത തല മത്സരം താമരശ്ശേരി സനാതന MCBS സെമിനാരി ഫുട്ബോൾ ഗ്രൗണ്ടിലും വച്ചു നടത്തി. വിജയിക ളായ പന്തല്ലൂർ ഇടവക Altar boys ടീമിനും റണ്ണേഴ്സ്അപ്പ് ആയ കൂരാച്ചുണ്ട് ഫൊറോന ടീമിനും സെക്കന്റ് റണ്ണേഴ്സ് അപ്പ് ആയ വാളൂക്ക് ഇടവക ടീമി നും അഭിനന്ദനങ്ങൾ.

**ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ**
ഡയറക്ടർ, SMART

# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

...ശ്ശേരി രൂപതയിലെ കോഴിക്കോട് മേരിക്കുന്ന് ആസ്ഥാനമായി പ്രവർത്തിക്കുന്ന പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് ആൻഡ് സൈക്കോതെറാപ്പിയിൽ ഡയറക്ടർ ഫാ. കുരിയൻ പുരമഠത്തിലിന്റെ നേതൃത്വത്തിൽ കൗൺസിലിംഗ് കോഴ്സുകളും ദിവസേന കൗൺസിലിംഗും നടക്കുന്നു.

## കോൺ വൊക്കേഷൻ

പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് ആൻഡ് സൈക്കോതെറപ്പിയുടെ കീഴിൽ പരിശീലനം നേടി ഉന്നത വിജയം കരസ്ഥമാക്കിയ എം. എസ്.സി ഓഫ് ലൈൻ വിദ്യാർത്ഥികളുടെയും, എം.എസ്.സി. ഓൺലൈൻ വിദ്യാർത്ഥികളുടെയും ബിരുദദാന ചടങ്ങ്, മുഖ്യാതിഥി താമരശ്ശേരി ബിഷപ്പ് മാർ റെമീജിയൂസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു.

ഇന്ത്യക്ക് അകത്തും പുറത്തും നിന്നുള്ള എംഎസ്സി കൗൺസലിംഗ് സൈക്കോളജി കോഴ്സ് പൂർത്തിയാക്കിയ എൺപതോളം വിദ്യാർത്ഥികളാണ് കോട്ടണിഞ്ഞ് സത്യവാചകം ഏറ്റുചൊല്ലി സർട്ടിഫിക്കറ്റ് സ്വീകരിച്ചത്. അന്തർദേശീയ കോഡിൽ നടന്ന കോൺ വൊക്കേഷൻ പരിപാടിയിൽ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നിന്നും വിദ്യാർത്ഥികൾ സർട്ടിഫിക്കറ്റും അവാർഡും ഏറ്റുവാങ്ങി. റവ. ഡോ. കുര്യൻ പുരമഠം (ജെപിഐ ഡയറക്ടർ), റവ. ഫാ. ആന്റണി (എച്ച്.ഒ.ഡി ഓഫ് സൈക്കോളജി) എന്നിവർ ആശംസകളർപ്പിച്ചു. ഫാ. ബിന്നി തോമസ്, സിനി ഡൊമിനിക് എന്നിവർ തങ്ങളുടെ കോഴ്സ് അനുഭവങ്ങൾ പങ്കുവച്ചു.

- എംഎസ്സി ഇൻ കൗൺസലിംഗ് സൈക്കോളജി ഒന്നാം വർഷ രണ്ടാം വർഷ വിദ്യാർത്ഥികളുടെ യൂണിവേഴ്സിറ്റി എക്സാം നടക്കുന്നു.
- എം എസ് സി ഇൻ കൗൺസലിംഗ് സൈക്കോളജി (ഓഫ് ലൈൻ/ ഓൺലൈൻ) 2023-25 ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.
- കൗൺസലിംഗ് ആവശ്യമുള്ളവരും കൗൺസലിംഗ് കോഴ്സ് പഠിക്കാൻ താത്പര്യമുള്ളവരും താഴെ കൊടുത്തിരിക്കുന്ന നമ്പറിൽ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

**ബന്ധപ്പെടാനുള്ള ഫോൺ നമ്പർ : 9496575018, 9037379180**

**ഫാ. കുര്യൻ പുരമഠത്തിൽ**
ഡയറക്ടർ, പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

# അൽഫോൻസ കോളേജ് തിരുവമ്പാടി

## അഡ്മിഷൻ ആരംഭിച്ചു

ബിരുദ ബിരുദാനന്തര കോഴ്സുകളിലേക്കുള്ള 2023-24 വർഷത്തെ പ്രവേശന നടപടികൾ ആരംഭിച്ചു. വിവിധ പ്രോഗ്രാമുകളിലേക്കുള്ള മാനേജ്മെന്റ് സീറ്റിൽ പ്രവേശന നടപടിക്രമങ്ങൾ തുടങ്ങി. കോളേജ് ഓഫീസിൽ നിന്നും കോളേജ് വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന അപേക്ഷ ഫോറം പൂരിപ്പിച്ച് അപേക്ഷിക്കാവുന്നതാണ്.

1. ബി എ ജേർണലിസം & മാസ്സ് കമ്മ്യൂണിക്കേഷൻ
2. ബി എ ഇംഗ്ലീഷ്
3. ബിഎസ് സി സൈക്കോളജി
4. ബി കോം ഫിനാൻസ്
5. ബി കോം കമ്പ്യൂട്ടർ അപ്ലിക്കേഷൻ
6. ബിബിഎ ഫിനാൻസ്

എന്നീ ബിരുദ പ്രോഗ്രാമുകളിലേക്കാണ് അപേക്ഷ ക്ഷണിക്കുന്നത്.

**റവ. ഫാ. സ്കറിയ മങ്ങരയിൽ**
മാനേജർ, അൽഫോൻസ കോളേജ്

## എസ്.എസ്. എൽ.സി. പരീക്ഷാഫലം

ഈ വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷയിൽ താമരശ്ശേരി കോർപ്പറേറ്റിലെ 20 ഹൈസ്കൂളുകളും 100% വിജയംനേടി ചരിത്രം സൃഷ്ടിച്ചിരിക്കുകയാണ്. മുഴുവൻ വിഷയങ്ങൾക്കും A+ നേടിയവരുടെ എണ്ണത്തിലും ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പരീക്ഷയെഴുതി വിജയിച്ച 2507 കുട്ടികളിൽ 500 പേർ ഫുൾ A+ നേടിയവരാണ്. മികച്ച വിജയം നേടിയവർക്കും അതിനുപിന്നിൽ അദ്ധ്വാനിച്ചവർക്കും പ്രത്യേകം അഭിനന്ദനങ്ങൾ!

| SI. No. | Name of School | No. of Students | | | |
|---|---|---|---|---|---|
| | | Appeared | EHS | Full A+ | Total % |
| 1 | St. Joseph's HS Chempanoda | 118 | 118 | 29 | 100% |
| 2 | St. Mary's HS Kakkadampoil | 27 | 27 | 4 | 100% |
| 3 | St. Mary's HS Kallanode | 114 | 114 | 18 | 100% |
| 4 | St. Antony's HS Kannoth | 172 | 172 | 22 | 100% |
| 5 | Holy Family HS Kattippara | 154 | 154 | 28 | 100% |
| 6 | St. Joseph's HS Kodanchery | 191 | 191 | 37 | 100% |
| 7 | St. Sebastian's HS Koodaranhi | 231 | 231 | 55 | 100% |
| 8 | St. Thomas HS Koorachundu | 209 | 209 | 41 | 100% |
| 9 | St. George's HS Kulathuvayal | 167 | 167 | 37 | 100% |
| 10 | PTCM HS Kunduthode | 76 | 76 | 18 | 100% |
| 11 | Marygiri HS Maramchtty | 16 | 16 | 0 | 100% |
| 12 | St. Mary's HS Maruthonkara | 93 | 93 | 20 | 100% |
| 13 | St. John's HS Nellipoyil | 91 | 91 | 16 | 100% |
| 14 | Holy Family HS Padathukadave | 74 | 74 | 24 | 100% |
| 15 | St. Sebastian's HS Punnackal | 34 | 34 | 3 | 100% |
| 16 | St. Joseph's HS Pullurampara | 185 | 185 | 51 | 100% |
| 17 | Sacred Heart HS Thiruvambady | 260 | 260 | 42 | 100% |
| 18 | Holy Family HS Venappara | 106 | 106 | 13 | 100% |
| 19 | St. George's HS Vilangad | 83 | 83 | 20 | 100% |
| 20 | St. Thomas HS Thottumukkam | 106 | 106 | 22 | 100% |
| | **TOTAL** | **2507** | **2507** | **500** | **100%** |

### പ്രധാനധ്യാപക യോഗം

കോർപ്പറേറ്റ് സ്കൂളുകളിലെ പ്രധാനധ്യാപകരുടെ യോഗം 03/05/2023 ന് മാർ മങ്കുഴിക്കരി മെമ്മോറിയൽ പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ നടന്നു. സ്കൂൾ തുറക്കുന്നതിനുമുന്നോടിയായി നടത്തേണ്ട മുന്നൊരുക്കങ്ങൾ ചർച്ച ചെയ്തു. കുട്ടികളുടെ പ്രവേശന നടപടികൾ, സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, മുതലായവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കോർപ്പറേറ്റ് മാനേജർ നിർദ്ദേശം നൽകി.

### പ്ലസ് ടൂ കുട്ടികളുടെ ധ്യാനം

കോർപ്പറേറ്റിനു കിഴിലുള്ള ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്ലസ് വൺ പഠനം പൂർത്തീകരിച്ച കത്തോലിക്ക കുട്ടികൾക്കായി 4 ദിവസത്തെ ധ്യാനം സംഘടിപ്പിച്ചു. ബഥാനിയ റിന്യൂവൽ സെന്ററിൽവെച്ച് 3 ബാച്ചുകളിലായി നടന്ന ധ്യാനത്തിന് ഫാ. സെബാസ്റ്റ്യൻ പുളിക്കലിന്റെ നേതൃത്വത്തിലുള്ള ബഥാനിയ ടീം നേതൃത്വം നൽകി.

### അധ്യാപക നിയമനത്തിനുള്ള റാങ്ക് ലിസ്റ്റ് തയ്യാറാക്കി

കോർപ്പറേറ്റ് സ്കൂളുകളിൽ വിവിധ വിഷയങ്ങളിൽ അധ്യാപകനിയമനത്തിനായി അപേക്ഷിച്ച ഉദ്യോഗാർത്ഥികൾക്കായി എഴുത്തുപരീക്ഷ, പ്രായോഗിക അധ്യാപനം, കൂടിക്കാഴ്ച എന്നിവയടക്കമുള്ള സെലക്ഷൻ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് റാങ്ക് ലിസ്റ്റ് തയ്യാറാക്കി.

### ആദരാഞ്ജലികൾ

കോർപ്പറേറ്റ് സ്കൂളുകളിൽ ദീർഘകാലം സേവനമനുഷ്ഠിച്ചതിനുശേഷം വിശ്രമജീവിതം നയിച്ചിരുന്ന ശ്രീമതി കൊച്ചുറാണി എം.വി. (എച്ച്.എസ്.ടി, കുണ്ടുതോട് ഹൈസ്കൂൾ), ശ്രീമതി ലീലാമ്മ ടി.എസ്. (യു.പി.എസ്.ടി., കൂടരഞ്ഞി ഹൈസ്കൂൾ), ശ്രീമതി റോസമ്മ എം. (പി.ഇ.ടി, നെല്ലിപ്പൊയിൽ ഹൈസ്കൂൾ), ശ്രീ. ജെ. ജോസഫ് (യൂ.പി.എസ്.ടി., കണ്ണോത്ത് യൂ.പി. സ്കൂൾ), ശ്രീ. എം.എം. സ്കറിയ (എച്ച്.എം., കുളത്തുവയൽ എൽ.പി.സ്കൂൾ) എന്നിവർ കഴിഞ്ഞ നാളുകളിൽ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. ഈ അധ്യാപകശ്രേഷ്ഠർക്ക് പ്രാർത്ഥനാപൂർവ്വം ആദരാഞ്ജലികൾ അർപ്പിക്കുകയും ആത്മാവിന്റെ നിത്യശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## Plus Two Result - 2023

| SN. | Name of School | | SCIENCE No. Appeared | EHS | NHS | % | FULL A+ | COMMERCE No. Appeared | EHS | NHS | % | FULL A+ | HUMANITIES No. Appeared | EHS | NHS | % | FULL A+ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | KALLANODE HSS | | 60 | 54 | 6 | 90% | 13 | 46 | 38 | 8 | 82.6% | 4 | 45 | 25 | 20 | 55.6% | 1 |
| 2 | KATTIPPARA HSS | | 113 | 111 | 2 | 98.2% | 11 | | | | | | 57 | 42 | 15 | 73.7% | ... |
| 3 | KODENCHERY HSS | | 121 | 109 | 12 | 90.1% | 22 | 60 | 57 | 3 | 95.2% | 2 | 58 | 50 | 8 | 86.2% | 3 |
| 4 | KOODARANHI HSS | 01 | 120 | 114 | 6 | 95% | 24 | 56 | 39 | 17 | 70% | 3 | 58 | 37 | 21 | 64% | 5 |
| | | 05 | 42 | 31 | 11 | 74% | 2 | | | | | | | | | | |
| 5 | KOORACHUNDU HSS | | 60 | 58 | 2 | 96.6% | 12 | 56 | 52 | 4 | 92.9% | 4 | | | | | |
| 6 | KULATHUVAYAL HSS | | 120 | 114 | 6 | 95% | 18 | 59 | 49 | 10 | 83% | 2 | 56 | 42 | 14 | 75% | 3 |
| 7 | MARUTHOMKARA HSS | | 59 | 59 | 0 | 100% | 13 | 60 | 58 | 2 | 97% | 3 | 59 | 54 | 5 | 91% | 2 |
| 8 | PADATHUKADAVU HSS | | 60 | 60 | 0 | 100% | 19 | 56 | 49 | 7 | 87.5% | 2 | | | | | |
| 9 | PULLURAMPARA HSS | 01 | 60 | 59 | 1 | 98.3% | 21 | 52 | 47 | 5 | 90.4% | 4 | 60 | 53 | 7 | 88.3% | 2 |
| | | 05 | 51 | 44 | 7 | 86.3% | 5 | | | | | | | | | | |
| 10 | THIRUVAMPADY HSS | | 118 | 114 | 4 | 96.6% | 30 | 60 | 55 | 5 | 92% | 9 | 59 | 56 | 3 | 95% | 5 |
| 11 | VENAPPARA HSS | | 59 | 57 | 2 | 96.6% | 7 | 54 | 40 | 14 | 74.1% | 1 | | | | | |
| 12 | THOTTUMUKKAM HSS | | 59 | 59 | 0 | 100% | 11 | | | | | | 58 | 57 | 1 | 98.3% | ... |
| | **Total** | | **1102** | **1043** | **59** | **94.7%** | **208** | **559** | **484** | **75** | **86.5%** | **34** | **510** | **416** | **94** | **81.6%** | **21** |

## Corporate Level Result at a Glance

| Subject | No. Appeared | EHS | NHS | % | Full Mark | FULL A+ | 5 A+ 1A |
|---|---|---|---|---|---|---|---|
| Science (Biology) | 1009 | 968 | 41 | 95.9 | 1 | 201 | 59 |
| Science (Comp. Science) | 93 | 75 | 18 | 80.7 | 0 | 7 | 3 |
| Commerce | 559 | 484 | 75 | 86.6 | ... | 34 | 23 |
| Humanities | 510 | 416 | 94 | 81.6 | 0 | 21 | 20 |

ഫാ. ജോസഫ് വർഗീസ് പാലക്കാട്ട്
കോർപ്പറേറ്റ് മാനേജർ

# സ്റ്റാർട്ട്

## പ്ലസ് ടു വിന് ശേഷം സ്റ്റാർട്ടിൽ പഠിക്കാൻ സുവർണാവസരം...

പ്ലസ് ടു വിന് ശേഷം വിദ്യാർത്ഥികൾക്കായി താമരശ്ശേരി രൂപതയുടെ കീഴിൽ ഉന്നത വിദ്യാഭ്യാസ മുന്നേറ്റത്തിന് നേതൃത്വം നൽകുന്ന റിസർച്ച് ആൻഡ് ട്രെയിനിങ് സെന്ററായ STARTൽ ഏക വത്സര കോഴ്സായ MTC (Master Training Course) ലേക്ക് അഡ്മിഷൻ ആരംഭിച്ചു. പ്ലസ് ടു വിന് ശേഷം അഖിലേന്ത്യ തലത്തിലുള്ള എല്ലാ പ്രധാനപ്പെട്ട എൻട്രൻസ് പരീക്ഷകൾക്കും ഉള്ള കോച്ചിംഗാണ് ഈ കോഴ്സിൽ നൽകുന്നത്. പതിനെട്ടാം ബാച്ചിലേക്കുള്ള ക്ലാസുകൾ ജൂൺ 15ന് ആരംഭിക്കും. സ്വഭാവ വൈശിഷ്ഠ്യവും സാമൂഹിക പ്രതിബദ്ധതയും ഉയർന്ന ധാർമിക ബോധവുമുള്ള മുൻനിര നേതാക്കളെയും ഉദ്യോഗസ്ഥരെയും നിയമപാലകരെയും നമ്മുടെ ഇടയിൽ നിന്ന് ദേശീയ അന്തർദേശീയതലങ്ങളിൽ വളർത്തിയെടുക്കുക എന്നത് ഈ പരിശീലന പരിപാടിയുടെ മുഖ്യലക്ഷ്യമാണ്. അഖിലേന്ത്യാ തലത്തിൽ ഉന്നത നിലവാരംപുലർത്തുന്നകേന്ദ്ര സർവകലാശാലകളിലും മറ്റു പ്രീമിയർ ഇൻസ്റ്റിറ്റ്യൂട്ടുകളിലും അഡ്മിഷൻ നേടി മികവുറ്റ വിധം പഠനം പൂർത്തിയാക്കി നേതൃ പദവികളിൽ എത്തുവാൻ പ്ലസ് ടു വിന് ശേഷം കുട്ടികളെ ഒരുക്കുന്നകോഴ് സാണ് MTC. ഈ ഏക വത്സര പരിശീലനപരിപാടിയിൽ CUET, KEAM, CUSAT CAT, CLAT, IPM, NID, NDA -Technical & non-technical പരീക്ഷകളെ കേന്ദ്രീകരിച്ചു കൊണ്ടാണ് വിദ്യാർത്ഥികളെ ഒരുക്കുന്നത്.

ആധുനിക കാലഘട്ടത്തിന്റെ മാറ്റങ്ങളെ തിരിച്ചറിഞ്ഞുകൊണ്ട് കാലോചിതമായ പല കോഴ്സുകളും സ്റ്റാർട്ട് വിദ്യാർത്ഥികൾക്കായി നടത്തുന്നു. കഴിഞ്ഞ വർഷം മുതൽ ആരംഭിച്ച AI (Artificial Intelligence) and Computer programming with Python ഇതിനുദാഹരണമാണ്. ഈ വർഷം Data analysis എന്ന കോഴ്സ് കൂടി ഏകവർഷ വിദ്യാർത്ഥികൾക്കായി സ്റ്റാർട്ട് ഒരുക്കിയിട്ടുണ്ട്. സ്റ്റാർട്ടിലെ ഏകവത്സര കോഴ്സിൽ അഡ്മിഷൻ നേടുവാൻ ആഗ്രഹിക്കുന്നവർക്കായി ഒരു ഇന്റർവ്യൂ നടത്തപ്പെടുന്നതാണ്. ഇന്റർവ്യൂവിനെ കുറിച്ച് കൂടുതൽ അറിയുവാനും സ്റ്റാർട്ടിന്റെ കോഴ്സുകളെ പറ്റി കൂടുതൽ മനസ്സിലാക്കുവാനും സ്റ്റാർട്ടിന്റെ ഓഫീസുമായി ബന്ധപ്പെടുക.

### MTC Batch 2022-23 Valedictory and farewell ceremony

കോവിഡ് മഹാമാരി സമ്മാനിച്ച അനശ്ചിതത്വങ്ങളെയും ആശങ്കകളെയും മറികടന്നുകൊണ്ട് 2022 –2023 പതിനേഴാം ബാച്ച് വിജയകരമായി തങ്ങളുടെ പരിശീലന ജൈത്രയാത്ര പൂർത്തിയാക്കി. മാർച്ച് മാസം മുപ്പതാം തീയതി വ്യാഴാഴ്ച രാവിലെ 11 മണിക്ക് താമരശ്ശേരി രൂപതാ അധ്യക്ഷനും സ്റ്റാർട്ടിന്റെ രക്ഷാധികാ

രിയുമായ അഭിവന്ദ്യ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ മഹനീയ സാന്നിധ്യത്തിൽ ആയിരുന്നു 2022-23 Valedictory and farewell ceremony നടന്നത്. വിദ്യാർത്ഥികൾ ഒന്ന് ചേർന്ന് പ്രാർത്ഥനാ ഗാനത്തോടെ ആരംഭിച്ച ഈ ചടങ്ങിൽ സ്റ്റാർട്ടിന്റെ ഡയറക്ടർ റവ. ഡോ. സുബിൻ കിഴക്കേവീട്ടിൽ ഏവർക്കും സ്വാഗതം ആശംസിച്ചു. തുടർന്ന് സ്റ്റാർട്ടിൽ നിന്നും തങ്ങൾക്ക് കിട്ടിയ അനുഭവങ്ങളെയും തിരിച്ചറിവുകളെ കുറിച്ചും, അവ ജീവിതത്തിൽ ഉണ്ടാക്കിയ മാറ്റങ്ങളെ കുറിച്ചും, ജീവിതത്തെ തന്നെ സ്റ്റാർട്ട് എങ്ങനെ മാറ്റിമറിച്ചു എന്നതിനെക്കുറിച്ചും ഏഴോളം വിദ്യാർത്ഥികൾ സംസാരിച്ചു. അതിനിടയിൽ 'a video presentation of our life here' എന്ന പേരിൽ പതിനേഴാം ബാച്ച് വിദ്യാർത്ഥികൾ തയ്യാറാക്കി അവതരിപ്പിച്ച വീഡിയോ ഏറെ ഹൃദ്യകരമായിരുന്നു. സ്റ്റാർട്ടിൽ ഒരു വർഷത്തെ കോഴ്സ് വിജയകരമായി പൂർത്തിയാക്കിയ എല്ലാവർക്കും അഭിവന്ദ്യ പിതാവ് മെമെന്റോയും സർട്ടിഫിക്കറ്റും നൽകിയതിനു ശേഷം കുട്ടികളെ അഭിസംബോധന ചെയ്ത് സംസാരിച്ചു. ബഹുമാനപ്പെട്ട ജിതിൻ നരിവേലിൽ അച്ചൻ ചടങ്ങിന് നന്ദി പ്രകാശിപ്പിച്ചു. ചടങ്ങിൽ പങ്കെടുത്ത വിദ്യാർത്ഥികളും അവരുടെ മാതാപിതാക്കളും, സ്റ്റാർട്ടിന്റെ ബോർഡ് അംഗങ്ങളും, അധ്യാപകരും, ഒരുമിച്ച് സ്നേഹവിരുന്നിൽ പങ്കെടുത്തു.

## START - ARISE 2k23

ദേശീയ അന്തർദേശീയ തലങ്ങളിൽ നടത്തപ്പെടുന്ന ഓരോ മത്സര പരീക്ഷകൾക്കും തൊഴിൽ നിയമനങ്ങൾക്കുമെല്ലാം ഇംഗ്ലീഷ് ഭാഷയിലുള്ള പരിജ്ഞാനം ഒഴിച്ചുകൂടാനാവാത്തതാണ്. ഈ സാഹചര്യം മുന്നിൽ കണ്ടുകൊണ്ട് തന്നെ കഴിഞ്ഞ അഞ്ചു വർഷമായി സ്റ്റാർട്ടിൽ വിജയകരമായി നടത്തിവരുന്ന ഇംഗ്ലീഷ് തീവ്ര പരിശീലന കോഴ്സ് ഈ വർഷവും സമ്മർ അവധിക്കാലത്ത് നടത്തപ്പെട്ടു. 2023 ഏപ്രിൽ 16 ഞായറാഴ്ച്ച വൈകുന്നേരം 4 മണി മുതൽ ഏപ്രിൽ 30 ഞായറാഴ്ച്ച രാവിലെ 10 മണി വരെ നടത്തിയ ക്യാമ്പിൽ നൂറോളം കുട്ടികൾപങ്കെടുത്തു. ഈ കോഴ്സിൽ 3,4, ക്ലാസുകളിലെ വിദ്യാർത്ഥികൾക്കായി basic ലെവലും 5,6,7 ക്ലാസുകളിലെ വിദ്യാർത്ഥികൾക്കായി classic ലെവലും 8,9,10, ക്ലാസുകളിലെ വിദ്യാർത്ഥികൾക്കായി Advance ലെവൽ ക്ലാസുകളും 11,12 ക്ലാസുകളിലെ വിദ്യാർത്ഥികൾക്കായി Proficient ലെവലുമാണ് ഒരുക്കിയിരുന്നത്. കോഴിക്കോട് രൂപതയിൽ നിന്നും പതിനഞ്ചോളം വൈദീക വിദ്യാർത്ഥികൾ ഈ ക്യാമ്പിൽ പങ്കെടുത്തു. ഇംഗ്ലീഷിനു പുറമേ പത്താം ക്ലാസ് വരെയുള്ള കണക്ക്, ലോജിക്കൽ റീസണിംഗ്, വ്യക്തിത്വ വികസനം, ലക്ഷ്യബോധം, മെന്റൽ ഹെൽത്ത് ഫോർമേഷൻ തുടങ്ങിയ വിഷയങ്ങൾക്കും പ്രാധാന്യം നൽകി കൊണ്ട് നടത്തിയ ക്യാമ്പിൽ 14 അധ്യാപകർ ക്ലാസുകൾ നയിച്ചു. രണ്ട് ആഴ്ചകളിലായി താമരശ്ശേരി രൂപതയിലെ വൈദിക വിദ്യാർത്ഥികൾ ഈ ക്യാമ്പിന് സഹായിച്ചു. ഏവരെയും വളരെ പ്രത്യേകമായി ഓർക്കുകയും നന്ദിയോടെ സ്മരിക്കുകയും ചെയ്യുന്നു.

## START Career Workshop 2023

പ്ലസ് വൺ പ്ലസ് ടു കുട്ടികൾക്കായി സ്റ്റാർട്ടിന്റെ നേതൃത്വത്തിൽ പാറോപ്പടി, കൂരാച്ചുണ്ട്, മരുതോങ്കര, വിലങ്ങാട്, പെരിന്തൽമണ്ണ, മലപ്പുറം, തോട്ടുമുക്കം, തിരുവമ്പാടി എന്നീ ഫൊറോനകളിൽ കരിയർ വർക് ഷോപ്പ് സംഘടിപ്പിച്ചു. START Career Workshop 2023 ന്റെ ക്ലാസുകൾ നയിച്ചത് ഈ മേഖലയിൽ പ്രഗൽഭരായ പ്രൊഫ. ഷിജിത് തോമസ്, മിസ്റ്റർ അമൽ ജോയ് എന്നിവരാണ്.

ഓരോ ഫൊറോനയിലെയും ക്ലാസുകൾ നടത്തുന്നതിന് ക്രമീകരണങ്ങൾ ചെയ്തുതന്ന എല്ലാ ബഹുമാനപ്പെട്ട വികാരിയച്ചന്മാർക്കും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

## TeenQuip '23

2023 മെയ് 8 മുതൽ 13 വരെ START, EIKON, QUETZAL Society എന്നിവർ സംയുക്തമായി ഒരുക്കിയ TeenQuip '23 വിജയകരമായി പൂർത്തിയായി. മക്കളെ മിടുക്കരാക്കുവാനും അവധിക്കാലം ഗുണപ്രദമാക്കുവാനും നടത്തിയ ഈ ക്യാമ്പിൽ ലൈഫ് സ്കിൽസ്, ലേർണിംഗ് സ്കിൽസ്, ഇഫക്റ്റീവ് പബ്ലിക് സ്പീക്കിംഗ്, നാടൻ പാട്ട്, നാടക കളരി, കരിയർ ഗൈഡൻസ്, കൊളാഷ് മേക്കിങ്, പോലെ ഒട്ടനവധി ക്ലാസുകൾ ഉൾക്കൊണ്ടിരുന്നു. 35 വിദ്യാർഥികൾ പങ്കെടുത്ത ഈ training programme വളരെ ഗുണപ്രദവും അതോടൊപ്പം തന്നെ വിനോദകരവുമായിരുന്നു.

### നന്ദി, ആശംസകൾ

മൂന്നുമാസത്തെ സ്തുത്യർഹ സേവനത്തിനു ശേഷം സ്റ്റാർട്ടിൽ നിന്നും കൂടരഞ്ഞി ഇടവകയുടെ അസിസ്റ്റന്റ് വികാരിയായി സ്ഥലം മാറി പോയ ബഹു. ഫാ. ജിതിൻ നരിവേലിൽന് നന്ദിയുടെ നറുമലരുകളും അതോടൊപ്പം തന്നെ പുതിയ കർമ്മമണ്ഡലത്തിൽ എല്ലാവിധ ആശംസകളും നേരുന്നു.

ഒരു വർഷത്തെ ശുശ്രൂഷയ്ക്ക് ശേഷം സ്റ്റാർട്ടിൽ നിന്നും ഇരുട്ടിയിലേക്ക് സ്ഥലം മാറി പോയ സിസ്റ്റർ ഡെയ്സി SKD ക്ക് ഹൃദയപൂർവ്വം നന്ദിയും അതോടൊപ്പം എല്ലാവിധ ആശംസകളും നേരുന്നു.

സ്റ്റാർട്ടിന്റെ കോഴ്സുകളെ പറ്റി കൂടുതൽ മനസ്സിലാക്കുവാനായി സ്റ്റാർട്ടിന്റെ ഓഫീസുമായി ബന്ധപ്പെടുക.

**Contact Numbers: 0495 235 7843, 9037 107 843, 9744 458 111 (Director)**

**Web/mail to: www.startindia.org**

**contact@startindia.org or office@startindia.org**

**ഫാ. ജേക്കബ് കിഴക്കേവീട്ടിൽ**
അഡിമിനിസ്ട്രേറ്റീവ് ഡയറക്ടർ, സ്റ്റാർട്ട്

# എയ്ഡർ എഡ്യൂക്കെയർ

## ഫ്യൂച്ചറിസ്റ്റിക് എഡ്യൂക്കേഷൻ പ്രോജക്റ്റ്

2023 ജൂൺ മാസത്തോടെ എയ്ഡർ എഡ്യൂകെയർ പ്രൊജക്റ്റ് രൂപതയിൽ ആരംഭിക്കുകയാണ്. വേദപാഠം പ്ലസ് ടു പഠിക്കുന്ന കുട്ടി കളെ ഉൾപ്പെടുത്തിക്കൊണ്ട് ഈ വർഷം ആരംഭിക്കുന്ന ഈ പ്രോജക്ട് രൂപതയിൽ നിലവിൽ വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന സ്റ്റാർട്ട്, ആൽഫ മരിയ ആക്കാദമി, എൽ ഡി എസ് തുടങ്ങിയ സംരംഭങ്ങളോട് ചേർന്ന് നമ്മുടെ കുട്ടികളുടെ ശോഭനമായ വിദ്യാഭ്യാസവും തൊഴിലും ലക്ഷ്യമാക്കിയാണ് നടപ്പിലാക്കുന്നത്.

ഈ പ്രൊജക്ടിന്റെ നിർവഹണത്തിനും കുട്ടികളുമായി ബന്ധപ്പെടുന്നതിനുമായി ബഹു. സിസ്റ്റേഴ്സ് എയ്ഡർ എഡ്യൂ കണക്ട് എന്ന സംവിധാനത്തിൽ പ്രവർത്തിക്കുന്നു. സി. ടിസി എസ്. എച്ച്, സി. സ്നേഹ സി. എം. സി, സി. സജിനി ഡി.പി.എം.റ്റി., സി. ജിസ്ലറ്റ് എം. എസ്. ജെ, സി. ലിനി എം. എസ്. എം. ഐ, സി. സോന എഫ്. സി. സി. എന്നിവരാണ് ഈ മേഖലയിൽ സഹായിക്കുന്നത്.

വ്യക്തിപരമായി ഓരോ കുട്ടിക്കും ആവശ്യമായ കരിയർ കൗൺസിലിംഗ്, കരിയർ ഗൈഡൻസ്, അഭിരുചി നിർണയം, പഠന വൈകല്യങ്ങളെ മറികടക്കാനുള്ള സഹായങ്ങൾ, വ്യക്തിപരമായ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള സഹായങ്ങൾ, വിവിധ കോഴ്സുകളെക്കുറിച്ചുള്ള നിരവധിയായ സാധ്യതകളെ പരിചയപ്പെടുത്തൽ, സി വി ക്രിയേഷന്റെ പ്രാധാന്യം, ഇ ഡബ്ല്യു എസ് ന്യൂനപക്ഷ സ്കോളർഷിപ്പുകൾ എന്നിവ ലഭ്യമാകാനുള്ള വ്യക്തിപരമായ സഹായങ്ങൾ തുടങ്ങി നിരവധിയായ ലക്ഷ്യങ്ങൾ ഈ പ്രോജക്റ്റിലൂടെ സാധൂകരിക്കപ്പെടുന്നു.

ജൂൺ, ജൂലൈ മാസങ്ങളിൽ നടത്താൻ ആഗ്രഹിക്കുന്ന പ്രോജക്ടിന്റെ ആദ്യ ഘട്ടങ്ങൾ

1. എല്ലാ ഇടവകയിലെയും പ്ലസ് ടു വേദപാഠ അധ്യാപകരുടെ സഹായത്തോടെ ഈ വർഷം പ്ലസ് ടു വേദപാഠം പഠിക്കുന്ന വിദ്യാർ ത്ഥികളുടെ പേർവിവരങ്ങൾ ശേഖരിക്കുന്നു.

2. രൂപതയിൽ 2020 വർഷത്തിൽ നടത്തിയ സർവ്വേയുടെ മൂന്നുവർഷം കൂടുമ്പോൾ ഉദ്ദേശിച്ചിരുന്ന അപ്ഡേഷൻ ഇത്രയും കുട്ടികളുടെ വീടുമായി ബന്ധപ്പെട്ട് നടത്തുന്നു.

3. സർവ്വേ വെബ്സൈറ്റിൽ കുട്ടികളുടെ വിവരങ്ങൾ കൃത്യമായതിനു ശേഷം വിദ്യാപീഠം എന്ന വെബ്സൈറ്റിലേക്ക് കുട്ടികളുടെ പ്രൊഫൈൽ നിർമ്മിക്കാൻ നിർദ്ദേശം കൊടുക്കുന്നു.

4. ബഹു. സിസ്റ്റേഴ്സിന്റെ സഹായത്തോടെ എല്ലാ കുട്ടികളെയും നേരിട്ട് ബന്ധപ്പെട്ട് വെബ്സൈറ്റിൽ പ്രൊഫൈൽ നിർമ്മിക്കാനും പ്രോജക്റ്റിലേക്ക് എൻട്രോൾ ചെയ്യാനുള്ള സഹായവും നിർദ്ദേശങ്ങളും നൽകുന്നു.

5. സർവ്വേയുടെ അടിസ്ഥാനത്തിനുള്ള ഇൻഡിവിജ്വൽ ഐഡി നമ്പർ, മാമോദീസ തീയതി, പേര്, വീട്ടുപേര് എന്നിവയുടെ അടിസ്ഥാനത്തിൽ ആയിരിക്കും കുട്ടികൾക്ക് പ്രൊഫൈൽ നിർമ്മിക്കാൻ സാധിക്കുക.

6. വെബ്സൈറ്റിൽ പ്രൊഫൈൽ നിർമ്മിച്ചു തുടങ്ങിയാൽ കുട്ടികളുടെ സി. വി ക്രിയേഷൻ ആരംഭിക്കുകയാണ്. അവരുടെ ഇ ഡബ്ല്യു എസ് യോഗ്യത, സ്കോളർഷിപ്പുകൾക്കായുള്ള യോഗ്യത, മത്സര പരീക്ഷകൾ, വിവിധ കോഴ്സുകൾക്കായുള്ള സാധ്യതകൾ, നിലവിലുള്ള ജോലി സാധ്യതകൾ, ഇന്ത്യയിലെയും വിദേശത്തേയും മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അവിടെയുള്ള കോഴ്സുകൾ, ആഡ് ഓൺ കോഴ്സുകൾ തുടങ്ങി വിദ്യാഭ്യാസ തൊഴിൽ മേഖലകളിലെ വിപുലങ്ങളായ സാധ്യതകൾ കുട്ടികൾക്ക് വെബ്സൈറ്റിൽ നിന്ന് ലഭിക്കുന്നു. കൂടുതൽ വിവരങ്ങൾ ചോദിച്ച് മനസ്സിലാക്കാൻ സാധിക്കുന്നു.

7. ജൂൺ, ജൂലൈ മാസങ്ങളോടുകൂടെ പ്രൊഫൈൽ ക്രിയേഷൻ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു. ബഹുമാനപ്പെട്ട വികാരിയച്ചൻമാരുടെയും കാറ്റക്കിസം അധ്യാപകരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

**ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ**
ഏയ്ഡർ എഡ്യൂകെയർ



# കെ.സി.വൈ.എം. എസ്.എം.വൈ.എം

## ഹോളി കാരവൻ തിരുശേഷിപ്പ് പ്രയാണം

ഏപ്രിൽ, മെയ് മാസങ്ങളിലായി തിരുശേഷിപ്പ് പ്രയാണം താമരശ്ശേരി, കോടഞ്ചേരി, തിരുവമ്പാടി മേഖലകളിലെ മുപ്പത്തിയാറോളം ഇടവകകളിൽ പൂർത്തിയാക്കി. എല്ലാ ക്രമീകരണങ്ങളും ചെയ്തു തന്ന വികാരിയച്ചന്മാർക്കും മേഖല സമിതികൾക്കും യൂണിറ്റ് അംഗങ്ങൾക്കും ഫൊറോന വികാരിയച്ചന്മാർക്കും അനിമേറ്റർമാർക്കും ഹൃദയപൂർവം നന്ദി അറിയിക്കുന്നു.

ജൂൺ മാസത്തിൽ തോട്ടുമുക്കം, കരുവാരക്കുണ്ട്, പെരിന്തൽമണ്ണ, മലപ്പുറം, പാറോപ്പടി എന്നീ ക്രമത്തിൽ പ്രയാണം പൂർത്തിയാക്കാൻ ആഗ്രഹിക്കുന്നു ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ പരിപൂർണ്ണ സഹകരണം അഭ്യർത്ഥിക്കുന്നു.

## ഹൃദയപൂർവ്വം നന്ദി

വിലങ്ങാട് മേഖലയുടെ ഡയറക്ടറച്ചനായി കഴിഞ്ഞ രണ്ടു വർഷക്കാലത്തോളം സേവനം ചെയ്ത ഫാ. അലക്സ് പനച്ചിക്കലച്ചനും തിരുവമ്പാടി മേഖലയുടെ ഡയറക്ടറായി കഴിഞ്ഞ മാസങ്ങളിൽ സ്തുത്യർഹമായി സേവനം ചെയ്ത ഫാ. ജോസഫ് പുത്തൻപുര യ്ക്കൽ അച്ചനും കരുവാരക്കുണ്ട് മേഖലയുടെ അനിമേറ്ററായി കഴിഞ്ഞ മൂന്നു വർഷക്കാലത്തോളം സേവനം ചെയ്ത സി. വത്സക്കും താമരശ്ശേരി രൂപത കെ സി വൈ എം - എസ് എം വൈ എം കുടുംബത്തിന്റെ ഹൃദയംഗമമായ നന്ദി.

## സ്നേഹപൂർവ്വം സ്വാഗതം

തിരുവമ്പാടി മേഖലയുടെ ഡയറക്ടറച്ചനായി ചുമതലയേൽക്കുന്ന ഫാ. ജോസഫ് പന്തലാടിക്കൽ അച്ചനും വിലങ്ങാട് മേഖലയുടെ ഡയറക്ടറായി ചുമതല ഏൽക്കുന്ന ഫാ. കുര്യാക്കോസ് പുത്തൻവീട്ടിൽ അച്ചനും കരുവാരക്കുണ്ട് മേഖലയുടെ അനിമേറ്ററായി ചുമതലിക്കുന്ന സി. ഹിത സിഎംസിക്കും സ്നേഹപൂർവ്വം സ്വാഗതം.

## രൂപതാദിനം

ഏപ്രിൽ മാസം 28 ന് കോടഞ്ചേരിയിൽ വച്ച് നടന്ന താമരശ്ശേരി രൂപതയുടെ 37-ാമത് രൂപതാദിന ആഘോഷത്തിൽ മാർ മങ്കുഴിക്കരി നഗർ ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് യുവജനസംഗമം സംഘടിപ്പിച്ചു. വികാരി ജനറൽ മോൺ. ജോൺ ഒറവുങ്കര സംഗമം ഉദ്ഘാടനം ചെയ്തു. കെ.സി.വൈ.എം മുൻ സംസ്ഥാന പ്രസിഡന്റ് ശ്രീ. ഷിജോ ഇടയാലിൽ ക്ലാസുകൾ നയിച്ചു.

വിവിധ മേഖലകളിൽ നിന്നും ദേശീയ അന്തർദേശീയ തലങ്ങളിൽ മികവ് തെളിയിച്ച യുവജനങ്ങളായ റോസ് ട്രീസാ ബെന്നി (പെരിന്തൽമണ്ണ), ജിനോവി ജോസ് (വിളക്കാംതോട്), സുദീപ് സെബാസ്റ്റ്യൻ (കാക്കവയൽ), നവ്യാ ഹണി (മലപ്പുറം), ജോർജ് മാത്യു (ദേവഗിരി), ഡോ. ഐറിൻ ടി.ടി (മഞ്ചേരി), ജിയ ചെറുപുരയ്ക്കൽ (ഈസ്റ്റ് ഹിൽ), ജൻസൺ റോണി (കക്കാടംപൊയിൽ), തോമസ് കെ ജോർജ് (തോട്ടുമുക്കം), അമൽ ജെയ്സൺ (പുല്ലൂരാംപാറ), അഭയ ജോണി (കക്കയം), ബിലിൻ ജോർജ് ആന്റോ (ചക്കിട്ടപാറ), പി എ ജോസഫ് (മരിയാപുരം), അഖിൽ ആൻറണി (മരിയാപുരം), റിങ്കു ആൻറണി (മരിയാപുരം), സനയ് റെന്നിച്ചൻ (മരിയാപുരം), അമൽ ജോസ് (കൂരാച്ചുണ്ട്), ജെഫ്രിൻ അബ്രഹാം (തിരുവമ്പാടി), അലക്സ് മനോജ് (പരിയാപുരം), നോയൽ കൊല്ലറേട്ട് (മരിയപുരം), എന്നിവർ താമരശ്ശേരി രൂപത അധ്യക്ഷൻ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ പിതാവിൽ നിന്നും ആദരം ഏറ്റുവാങ്ങി.

### ബിജു തോണക്കര മെമ്മോറിയൽ അവാർഡ്

കെ.സി.വൈ.എം താമരശ്ശേരി രൂപതയുടെ മുൻകാല ഭാരവാഹികളുടെ നേതൃത്വത്തിൽ അകാലത്തിൽ വേർപിരിഞ്ഞ കെ സിവൈ എം മുൻ രൂപത വൈസ് പ്രസിഡണ്ട് ബിജു തോണക്കരയുടെ സ്മരണർത്ഥം നൽകിയ മികച്ച യൂണിറ്റ്, പ്രവർത്തകൻ, പ്രവർത്തക അവാർഡുകൾ പ്രഖ്യാപിച്ചു. പുല്ലൂരാംപാറ യൂണിറ്റ് മികച്ച യൂണിറ്റായും, അരുൺ ജോഷി (മഞ്ഞക്കുന്ന് യൂണിറ്റ്, വിലങ്ങാട് മേഖല) മികച്ച പ്രവർത്തകനായും, സിമി ആന്റണി (കൂടത്തായി യൂണിറ്റ്, താമരശ്ശേരി മേഖല)മികച്ച പ്രവർത്തകയായും തിരഞ്ഞെടുക്കപ്പെട്ടു. അഭിനന്ദനങ്ങൾ.

### യുവ ധർമ്മ മെഡിക്കൽ ക്യാമ്പ്

മുക്കം സെൻറ് ജോസഫ് ഹോസ്പിറ്റലിന്റെയും കെസിവൈഎം-എസ്.എം.വൈ.എം താമരശ്ശേരി രൂപതയുടെയും ആഭിമുഖ്യത്തിൽ മെയ് ആറാം തീയതി കെസിവൈഎം - എസ്.എം.വൈ.എം പുല്ലൂരാംപാറ യൂണിറ്റിന്റെ നേതൃത്വത്തിൽ യുവധർമ്മ സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. നൂറോളം പേർ പങ്കെടുത്തു.

### കക്കുകളി നാടകത്തിനെതിരെ പ്രധിഷേധാഗ്നി

സന്യാസത്തെ അവഹേളിക്കുന്ന അശ്ലീല (കക്കുകളി) നാടകത്തിനെതിരെ താമരശ്ശേരി രൂപത അധ്യക്ഷൻ മാർ റിമിജിയോസ് ഇഞ്ചനാനിയിൽ പിതാവിനോടൊപ്പം താമരശ്ശേരിയുടെ യുവത ശക്തമായ പ്രതിഷേധവുമായി എടച്ചേരി നാടക പ്രദർശന വേദിയിൽ പ്രതിഷേധാഗ്നി സംഘടിപ്പിച്ചു.

അഭിവന്ദ്യ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ പിതാവ് ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ എകെസിസി രൂപതാ പ്രസിഡണ്ട് ശ്രീ. ചാക്കോ കാളംപറമ്പിൽ, കെസിവൈഎം രൂപത പ്രസിഡണ്ട് ശ്രീ. അഭിലാഷ് കുടിപ്പാറ എന്നിവർ നേതൃത്വം നൽകി.

കെസിവൈഎം അസിസ്റ്റന്റ് ഡയറക്ടർ ഫാ. സബിൻ തൂമുള്ളിലിന്റെ നേതൃത്വത്തിൽ നടത്തിയ പ്രതിഷേധത്തിൽ 120 ഓളം ബഹുമാനപ്പെട്ട സിസ്റ്റേഴ്സും നൂറുകണക്കിന് യുവജനങ്ങളും അൽമായരും പങ്കെടുത്തു. വിലങ്ങാട്, മരുതോങ്കര ഫൊറോനകളിലെ ബഹുമാനപ്പെട്ട ഡയറക്ടർ അച്ചന്മാർക്കും ഫൊറോന വികാരിയച്ചന്മാർക്കും യുവജന നേതാക്കന്മാർക്കും ഹൃദയപൂർവം നന്ദി.

## അത്‌ലറ്റിക്കോസ് ഫുട്ബോൾ ടൂർണമെൻറ് : കരിയാത്തുംപാറ ജേതാക്കൾ

കെ.സി.വൈ.എം - എസ്.എം.വൈ.എം താമരശ്ശേരി രൂപത മെയ് മാസം ഇരുപതാം തീയതി കോടഞ്ചേരി ലൈഫ് ട്രാക്ക് ഇൻഡോർ സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച അത്‌ലറ്റിക്കോസ് 3.0 ഫുട്ബോൾ ടൂർണമെന്റിൽ കരിയാത്തുംപാറ യൂണിറ്റ് ടീം ജേതാക്കളായി. മുക്കം യൂണിറ്റ് ടീം രണ്ടാം സ്ഥാനം നേടി.രൂപതാ ഡയറക്ടർ ഫാ. ജോർജ് വെള്ളക്കാക്കുടിയിൽ വിജയികൾക്കുള്ള സമ്മാനങ്ങൾ വിതരണംചെയ്തു. ടൂർണമെന്റിൽ 52 ടീമുകൾ പങ്കെടുത്തു. പങ്കെടുത്ത എല്ലാ ടീമുകൾക്കും ഹൃദയപൂർവം നന്ദി. സഹകരിച്ച എല്ലാ വികാരിയച്ചന്മാർ ക്കും നന്ദി രേഖപ്പെടുത്തുന്നു. സ്പോർട് ഇൻ ചാർജ്ജും രൂപത ജനറൽ സെക്രട്ടറിയുമായ ജസ്റ്റിൻ സൈമൺ, സ്പോർട്സ് വിംഗ് കോർഡിനേറ്റർമാരായ സെബിൻ , ബേണി എന്നിവർ മത്സരത്തിനു വേണ്ട ക്രമീകരണങ്ങൾ നടത്തി.

രൂപത പ്രസിഡണ്ട് അഭിലാഷ് കുടിപ്പാറ, കോടഞ്ചേരി മേഖലാ ഡയറക്ടർ ഫാ. ജോസഫ് അന്തിനാട്ട്, രൂപത ട്രഷറർ ആൽബിൻജോസ്, ജോയൽ ആൻറണി, ഷാരോൺ, അരുൺ ജോസ്, മേഖലാ പ്രതിനിധി ബോണി തുടങ്ങിയവർ നേതൃത്വം നൽകി.

## അത്‌ലറ്റിക്കോസ് ബാസ്ക്കറ്റ്ബോൾ ടൂർണ്ണമെൻറ് കൂടരഞ്ഞി ജേതാക്കൾ

കെ.സി.വൈ.എം - എസ്.എം.വൈ.എം താമരശ്ശേരി രൂപത താമരശ്ശേരിയിൽ സംഘടിപ്പിച്ച അത്‌ലറ്റിക്കോസ് 3.0 ബാസ്ക്കറ്റ് ബോൾ ടൂർണമെന്റിൽ കൂടരഞ്ഞി ടീം ജേതാക്കളായി.വിളക്കാംതോട്, പുഴിത്തോട് ടീമുകൾ രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. രൂപത ചാൻസിലർ ഫാ. ചെറിയാൻ പൊങ്ങൻപാറ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡൻറ് ശ്രീ. അഭിലാഷ് കുടിപ്പാറ അധ്യക്ഷത വഹിച്ചു.

രൂപതാ ഡയറക്ടർ ഫാ. ജോർജ് വെള്ളയ്ക്കാക്കുടിയിൽ, ഫാ. ബിനു അരീത്തറ, ജനറൽ സെക്രട്ടറി ജസ്റ്റിൻ സൈമൺ, സെക്രട്ടറി മെൽറ്റോ മാത്യു, സംസ്ഥാന സിൻഡിക്കേറ്റ് അംഗം റിച്ചാൾഡ് ജോൺ തുടങ്ങിയവർ നേതൃത്വം നൽകി. ടൂർണമെന്റിൽ 12 ടീമുകൾ പങ്കെടുത്തു.

## ഹോളി ഫയർ പെന്തക്കുസ്താദിന ഒരുക്കം

മെയ് 28 പെന്തക്കോസ്ത ദിനത്തോടനുബന്ധിച്ച് 480 ഓളം വിശ്വാസികളുടെയും യുവജനങ്ങളുടെയും നേതൃത്വത്തിൽ ക്വാളിഫയർ വാട്സപ്പ് ഗ്രൂപ്പിൽ ഒരു ലക്ഷത്തോളം വിശ്വാസപ്രമാണങ്ങൾചൊല്ലി പൂർത്തിയാക്കി. കൂടാതെ അ

മ്പതിനായിരത്തോളം പരിശുദ്ധാത്മാവിന്റെ ജപങ്ങളും ചൊല്ലി പൂർത്തിയാക്കാൻ സാധിച്ചു. നേതൃത്വം നൽകിയ സ്പിരിചൽ ടീം കോഡിനേറ്റർമാരായ അലോണ ജോൺസൺ, ആഗി എന്നിവർക്ക് ഹൃദയപൂർവ്വം നന്ദി.

### നിലാവ് കൂട്ടങ്ങൾ

ഏപ്രിൽ 13 ന് പനംപിലാവ് ഇടവകയിലും മെയ് 14 ന് ചെമ്പനോട ഇടവകയിലും മെയ് 28ന് ചിപ്പിലിത്തോട് ഇടവകയിലും മെയ് 29ന് കട്ടിപ്പാറ ഇടവകയിലും നിലാവ് കൂട്ടങ്ങൾ നടത്തി. ബഹുമാനപ്പെട്ട വികാരിയച്ചന്മാർക്കും യൂണിറ്റ് ഭാരവാഹികൾക്കും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

### പ്രതിഷേധം

1. ബാലരാമപുരത്ത് മതപഠനശാലയിൽ ആത്മഹത്യ ചെയ്ത ആസ്മിയ എന്ന പെൺകുട്ടിയുടെ മരണത്തിൽ ജുഡീഷ്യൽ ഇൻവെസ്റ്റിഗേഷൻ പ്രഖ്യാപിക്കണമെന്ന നിലപാടിൽ യുവത ശബ്ദമുയർത്തി.

### യാത്രാമംഗളങ്ങൾ

താമരശ്ശേരി രൂപതയുടെ വികാരി ജനറലായി സേവനം ചെയ്ത് പുതിയ കർമ്മവീഥികളിലേക്ക് യാത്രയാകുന്ന മോൺ. ജോൺ ഒറവുങ്കരയ്ക്ക് പ്രാർത്ഥനാശംസകൾ അറിയിച്ചു.

താമരശ്ശേരി രൂപതയുടെ ചാൻസിലർ ആയി സേവനം ചെയ്തു പുതിയ കർമ്മവീഥികളിലേക്ക് യാത്രയാകുന്ന റവ. ഫാ. ബെന്നി മുണ്ടനാട്ടച്ചനും പ്രാർത്ഥനാശംസകൾ അറിയിച്ചു.

### ആശംസകൾ

1. വിവാഹ ജീവിതത്തിലേക്ക് പ്രവേശിക്കുന്ന 2022 പ്രവർത്തന വർഷത്തെ രൂപത ട്രഷറർ സെബിൻ സണ്ണിക്കും ജീവിതപങ്കാളി എയ്ഞ്ചൽ ജോസഫിനും പ്രാർത്ഥന ആശംസകൾ അറിയിച്ചു.

2. വിവാഹ ജീവിതത്തിലേക്ക് പ്രവേശിക്കുന്ന രൂപത സമിതി അംഗം ശ്രീമതി അലന്റ അബ്രഹാമിന് കെസിവൈഎം - എസ്എം വൈഎം രൂപത സമിതിയുടെ ആശംസകൾ.

### അറിയിപ്പുകൾ

#### 1. സംസ്ഥാനതല പരിസ്ഥിതി ദിനാഘോഷം

ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് താമരശ്ശേരി രൂപതയിൽ വച്ച് ജൂൺ 4 ഞായറാഴ്ച പരിസ്ഥിതി ദിനാഘോഷം സംഘടിപ്പിക്കുന്നു.

#### 2. യുവജന ദിനാഘോഷങ്ങൾ

ജൂലൈ 9 യുവജന ദിനത്തോടനുബന്ധിച്ച് വിപുലങ്ങളായ ആഘോഷ പ

രിപാടികൾ ഫൊറോന യൂണിറ്റ് തലങ്ങളിൽ സംഘടിപ്പിക്കുന്നു. ജൂൺ മാസം രണ്ടാം തീയതി മുതൽ ഒമ്പതാം തീയതി വരെ ഒരാഴ്ച നീണ്ടുനിൽക്കുന്ന പരിപാടികൾക്ക് ബഹുമാനപ്പെട്ട  വികാരിയച്ചന്മാർ നേതൃത്വം നൽകുമല്ലോ.

**ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ**
ഡയറക്ടർ, കെ.സി.വൈ.എം

# മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

## മലബാർ മേഖല പ്രോ-ലൈഫ് ജീവോത്സവം സംഗമം നടത്തി

കെ സി ബി സി പ്രോ-ലൈഫ് സമിതി മലബാർ മേഖലയിലെ വലിയ കുടുംബങ്ങളുടെ സംഗമം മാനന്തവാടി രൂപത ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് മാനന്തവാടി രൂപതാ അധ്യക്ഷൻ മാർ ജോസ് പൊരുന്നേടം ഉദ്ഘാടനം ചെയ്തു . മലബാർ മേഖല പ്രോ-ലൈഫ് സമിതി പ്രസിഡൻറ് ശ്രീ. സാലു അബ്രാഹം മേച്ചേരി അധ്യക്ഷനായിരുന്നു. കെ സി ബി സി മലബാർ മേഖല പ്രോ-ലൈഫ് സമിതി ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ മുഖ്യപ്രഭാഷണം നടത്തി. മാനന്തവാടി പ്രൊ-ലൈഫ് ഡയറക്ടർ ഫാ. ബിനു വടക്കേൽ, ബത്തേരി രൂപത ഡയറക്ടർ ഫാ. ജോൺ ചെറുവിള കെസിബിസി പ്രോ-ലൈഫ് സമിതി സെക്രട്ടറി ശ്രീമതി സിമിലി സുനിൽ. താമരശ്ശേരി രൂപത പ്രോ-ലൈഫ് പ്രസിഡൻറ് ശ്രീ. സജീവ് പുരയിടത്തിൽ ആനിമേറ്റർ സിസ്റ്റർ മെറിൻ എസ് എച്ച് തലശ്ശേരി രൂപത പ്രസിഡന്റ് ശ്രീ. സെലസ്റ്റിൻ ജോസഫ് എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തിൽ റിട്ടയേർഡ് ഡിവൈഎസ്പിയും തൃശ്ശൂർ പോലീസ് അക്കാദമിയിൽ ട്രെയിനറുമായ ഡിവൈഎസ്പി ജയ്സൺ എബ്രഹാം ‘ലഹരിയും സൈബർ കുറ്റകൃത്യങ്ങളും’ എന്ന വിഷയത്തെ ആധാരമാക്കി വിശദമായ ക്ലാസ് എടുത്തു . കോഴിക്കോട്, താമരശ്ശേരി, ബത്തേരി, കണ്ണൂർ, മാനന്തവാടി, തലശ്ശേരി എന്നീ രൂപതകളിൽ നിന്ന് അഞ്ചും അതിൽ കൂടുതലും മക്കളുള്ള കുടുംബങ്ങളുടെ സമ്മേളനമാണ് നടന്നത് വിവിധ രൂപതകളിൽ നിന്ന് നൂറിൽ കൂടുതൽ കുടുംബങ്ങളും അറുന്നൂറിൽപരം ആളുകളും പങ്കെടുത്തു. പങ്കെടുത്ത കുടുംബങ്ങൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. അഡ്വക്കേറ്റ്ജോസിന്റെ നേതൃത്വത്തിൽ മാനന്തവാടി രൂപത പ്രോ-ലൈഫ് സമിതിയാണ് ദ്വാരക സെന്ററിൽ സമ്മേളനത്തിന് നേതൃത്വം നൽകിയത്. വലിയ കുടുംബങ്ങൾ ജീവസംസ്കാരത്തിന്റെ വക്താക്കൾ ആണെ ന്നും സുവിശേഷപ്രഘോഷകരാണെന്നും സമ്മേളനം ഉദ്ഘാടനം ചെയ്ത അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് അഭിപ്രായപ്പെട്ടു.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

# ഇൻഫാം

## ഇൻഫാം കാക്കവയൽ കാർഷിക ഗ്രാമം നിലവിൽ വന്നു

കാക്കവയൽ കാർഷിക ഗ്രാമം രക്ഷാധികാരി ഫാ. രഞ്ജിത്ത് ചക്കുമ്മൂട്ടിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഇൻഫാം താമരശ്ശേരി കാർഷിക ജില്ല പ്രസിഡൻറ് ശ്രീ. അഗസ്ത്യൻ പുളിക്കകണ്ടത്തിൽ, കാർഷിക ജില്ല വർക്കിംഗ് സെക്രട്ടറി ശ്രീ. മാർട്ടിൻ തെങ്ങുംതോട്ടത്തിൽ എന്നിവർ പങ്കെടുത്തു. ഇൻഫാം യാഥാർത്ഥ്യമാക്കിയ താമരശ്ശേരി അഗ്രികൾച്ചറൽ ഫാർമേഴ്സ് സോഷ്യൽ വെൽഫയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് വിത്ത് ബാങ്ക്, കാർഷിക നഴ്സറി, ജൈവവളം, ഫാം ടൂറിസം, കാർഷിക ഗ്രാമം അംഗങ്ങൾക്ക് വേണ്ടി ഇൻഫാം നടത്തുന്ന മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളെ കുറിച്ച് അറിവ് നൽകുന്നതിനു വേണ്ടിയുള്ള വെള്ളാനിക്കര കാർഷിക യൂണിവേഴ്സിറ്റിയുടെ ഏകദിന പരിശീലനം, ഇൻഫാം യാഥാർത്ഥ്യമാക്കാൻ പോകുന്ന ചക്ക ഗ്രാമം പദ്ധതി, എന്നിവയെക്കുറിച്ച് ശ്രീ. അഗസ്റ്റിൻ വിശദമായ ക്ലാസ് നൽകി. തുടർന്ന് നടന്ന തെരഞ്ഞെടുപ്പിൽ പ്രസിഡൻറായി ഡേവിഡ് കട്ടിക്കാനയും സെക്രട്ടറിയായി തോമസ് മലാനയും ട്രഷററായി ഫിലിപ്പ് ഒരക്കുഴിയും എക്സിക്യൂട്ടീവ് അംഗങ്ങളായി ജോർജ് ഇട്ടിയപാറ, ഷാജു ജോൺ ചൂഴിക്കാവുങ്കൽ, ഷിനോജ് പിണക്കാട്ട്, ബിജു കാളംപറമ്പിൽ എന്നിവരും തിര ഞ്ഞെടുക്കപ്പെട്ടു.

## കാർഷിക നഴ്സറി ഉദ്ഘാടനം ചെയ്തു

താമരശ്ശേരി കാർഷിക ജില്ല ഇൻഫാമിന്റെ ആഭിമുഖ്യത്തിൽ തെയ്യപ്പാറ അഗ്രി ഫാമിൽ എല്ലാവിധ ഫലവൃക്ഷത്തൈകളുടെയും പൂച്ചെടികളുടെയും നഴ്സറി കോഴിക്കോട് രൂപത മെത്രാൻ അഭിവന്ദ്യ വർഗീസ് ചക്കാലക്കൽ പിതാവ് ഉദ്ഘാടനം ചെയ്തു. താമരശ്ശേരി രൂപത മെത്രാൻ മാർ റെമി ജിയോസ് ഇഞ്ചനാനിയിൽ വെഞ്ചരിപ്പ് കർമ്മം നടത്തി. തുടർന്ന് നടന്ന മീറ്റിങ്ങിൽ ഇൻഫാം താമരശ്ശേരി കാർഷിക ജില്ല ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ അധ്യക്ഷൻ ആയിരുന്നു. പ്രസിഡൻറ് ശ്രീ. അഗസ്ത്യൻ പുളിക്കകണ്ടത്തിൽ, സെക്രട്ടറി ജോൺ കുന്നത്തേട്ട് ട്രഷറർ ബ്രോണി നമ്പ്യാപറമ്പിൽ എന്നിവർ പ്രസംഗിച്ചു.

കൂടാതെ പെരിന്തൽമണ്ണ അമലാപുരി എന്നീ കാർഷിക ഗ്രാമങ്ങളിൽ നിന്നും മറ്റ് കാർഷിക ഗ്രാമങ്ങളിൽ നിന്നും വന്ന നിരവധി ഇൻഫാം പ്രവർത്തകർ സമ്മേളനത്തിൽ പങ്കെടുത്തു. അത്യാധുനിക പഴവർഗ ചെടികളുടെ വളരെ വിപുലമായ ശേഖരമാണ് തെയ്യപ്പാറ അഗ്രിഫാം നഴ്സറിയിൽ ഉള്ളത്. അബ്യൂ , ജബോട്ടിക്കാ, തുടങ്ങിയ വിദേശ പഴവർഗ്ഗ ചെടികളും വിവിധതരം ഗുണമേന്മയുള്ള ഹൈബ്രിഡ് പ്ലാവിൻ തൈകളായ വിയറ്റ്നാം സൂപ്പർ എർലി, ജാക്ക് 33, കമ്പോഡിയൻ ജാക്ക്, അരക്കില്ലാ വരിക്ക, സീഡ്ലെസ് ജാക്ക് എന്നിവയും അ

ത്യാധുനിക തെങ്ങിൻ തൈകളും കവുങ്ങിൻ തൈകളും മാവ്, ജാതി, നെല്ലി, പേര, നാരകം എന്നിവയുടെ വൈവിധ്യമാർന്നശേഖരവും നഴ്സറിയിൽ ഉണ്ട്. കൂടാതെ പച്ചക്കറികളുടെ വൈവിധ്യമാർന്ന വിത്തു കളും നടീൽ വസ്തുക്കളും നഴ്സറിയിൽ സുലഭമാണ്. ഓഡറുകൾക്ക് ബന്ധപ്പെടുക – 9447218586, 8547183300.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, ഇൻഫാം

# മാതൃവേദി

## ജനറൽബോഡിയോഗവും വാർഷിക സമ്മേളനവും

താമരശ്ശേരി രൂപത സീറോ മലബാർ മാതൃവേദിയുടെ ജനറൽ ബോഡിയോഗവും വാർഷിക സമ്മേളനവും 2023 ഏപ്രിൽ 1 ശനിയാഴ്ച താമരശ്ശേരി കത്തീഡ്രൽ ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. താമരശ്ശേരി രൂപത മെത്രാൻ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ സമ്മേളനം ഉത്ഘാടനം ചെയ്തു. രൂപത വികാരി ജനറാൾ മോൺസിഞ്ഞോർ ഫാ. ജോൺ ഒറവുംകര, സീറോ മലബാർ മാതൃവേദി രൂപത ഡയറക്ടർ ഫാ. ജോസഫ് അന്തീനാട്, സീറോ മലബാർ മാതൃവേദി രൂപത പ്രസിഡന്റ് ശ്രീമതി ലിസ്സി, രൂപത AKCC പ്രസിഡന്റ് ഡോ ചാക്കോ കാളാംപറമ്പിൽ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. ബെന്നി ലൂക്കോസ്, KCYM രൂപത പ്രസിഡന്റ് ശ്രീ. അഭിലാഷ് കുടിപ്പാറ എന്നിവർ സംസാരിച്ചു. ഫാ. വിൽസൺ ഇലവത്തിങ്കൽകൂനൻ (മുൻ ഡയറകടർ, ഇൻറർനാഷണൽ സീറോ മലബാർ മാതൃവേദി) ക്ലാസ് നയിച്ചു. വിവിധ മേഖലകളിൽ നിന്നുള്ള അമ്മമാരുടെ നേതൃത്വത്തിൽ നടന്ന കലാപരിപാടികൾ സമ്മേളനത്തിന് മാറ്റ് കൂട്ടി.

താമരശ്ശേരി രൂപത സീറോ മലബാർ മാതൃവേദിയുടെ 2022 പ്രവർത്തനവർഷത്തിലെ (ജനുവരി ഡിസംബർ) മികച്ച പ്രവർത്തനങ്ങൾ നടത്തിയ ഇടവക യൂണിറ്റുകളെ വിലയിരുത്തുകയും കൃത്യമായ മാനദണ്ഡങ്ങളിലൂടെ അവയെ കണ്ടെത്തുകയും ചെയ്തിരിക്കുന്ന വിവരം ഏറെ സന്തോഷത്തോടെ അറിയിക്കുന്നു. സമ്മാനർഹരായ ഇടവക യൂണിറ്റുകളെ പ്രത്യേകം അഭിനന്ദിക്കുന്നു. ഏറ്റവും മികച്ച യൂണിറ്റുകൾക്കു ശേഷം വരുന്നവയ്ക്ക് പ്രോത്സാഹന സൂചകമായി ഗ്രേഡ് നല്കിയിട്ടുണ്ട്.

### ഇടവക

Ist മഞ്ചേരി ഇടവക
IInd മാങ്കാവ് ഇടവക
IIIrd തിരുവമ്പാടി ഇടവക

### ഫൊറോന

Ist തോട്ടുമുക്കം ഫൊറോന
IInd പെരിന്തൽമണ്ണ ഫൊറോന
IIIrd മരുതോങ്കര ഫൊറോന

### A+ Grade

വേനപ്പാറ ഇടവക

### A Grade

വിലങ്ങാട് ഇടവക
കൂടത്തായി ഇടവക
കൽക്കുണ്ട് ഇടവക

### നന്ദി

മാതൃവേദിയെ സ്നേഹിക്കുകയും ഉത്തരവാദിത്വത്തോട് കൂടിമേഖലാ പ്രവർത്തനങ്ങളെ മുന്നോട്ടു നയിക്കുകയും ചെയ്ത പ്രിയപ്പെട്ട മേഖലാ ഡയറക്ടർ അച്ചന്മാരായ, ഫാ. മാത്യു നിരപ്പേൽ (കൂരാച്ചുണ്ട്), ഫാ. ഡോമിനിക്ക് മുട്ടത്തുകുടിയിൽ (തിരുവമ്പാടി), ഫാ. ബോബി മഴുവഞ്ചേരി (താമരശ്ശേരി) എന്നിവരെ സ്നേഹത്തോടുകൂടി ഓർക്കുകയും മാതൃവേദിയോട് കാണിച്ച സ്നേഹത്തിനും സഹകരണത്തിനും ആത്മാർത്ഥമായ നന്ദി രേഖപ്പെടുത്തുകയും ചെയ്യുന്നു. മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് ദൈവകരങ്ങൾ എപ്പോഴും ഇവരുടെകൂടെ ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുകയും എല്ലാവിധ ഭാവുകങ്ങളും നേരുകയും ചെയ്യുന്നു.

### മാതൃതീർത്ഥം സീസൺ II (വണക്കമാസ ആചരണ വീഡിയോ മത്സരം)

കഴിഞ്ഞ വർഷം എല്ലാവരും വളരെ നന്നായി ഈ സംരഭത്തോട് സഹകരിച്ചു. ഈ വർഷവും നിങ്ങളുടെ സഹകരണം പ്രതീക്ഷിക്കുന്നു.

### നിബന്ധനകൾ

1. മെയ് 31 ന് വണക്കമാസ ആചരണ സമാപനത്തോടനുബന്ധിച്ച് നടത്തപ്പെടുന്ന രൂപതതല മത്സരമാണിത്.

2. പരി. മാതാവിന്റെ അലങ്കരിച്ച രൂപത്തിനു മുമ്പിൽ കുടുംബമൊരുമിച്ച് പ്രാർത്ഥിക്കുന്ന വീഡിയോ റെക്കോർഡ് ചെയ്ത് മേഖലയിലേയ്ക്ക് അയയ്ക്കുകയാണ് (മേഖല ആനിമേറ്റർ) ചെയ്യേണ്ടത്. കുടുംബനാഥയാണ് പ്രാർത്ഥന നയിക്കേണ്ടത്. പ്രാർത്ഥനയുടെ ശൈലി, ഭക്തി, അർത്ഥം, ഭംഗി എന്നിവ പ്രത്യേകം ശ്രദ്ധി ക്കുന്നതാണ്.
3. ഒരു മേഖലയിൽ നിന്നും ഏറ്റവും മികച്ച 2 വീഡിയോ തിരഞ്ഞെടുത്ത് 9072062507 എന്ന ടെലഗ്രാം നമ്പറിൽ അയയ്ക്കുക. വാട്ട്സപ്പിൽ അയയ്ക്കരുത് എന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.
4. മൂന്നു മിനിറ്റിന്റെ എഡിറ്റു ചെയ്യാത്ത ഒരു വീഡിയോയാണ് മത്സരത്തിനായി അയയ്ക്കേണ്ടത്. 3 മിനിറ്റ് വീഡിയോയിൽ പ്രാർത്ഥന, ഗാനം, വണക്കമാസ ജപം എന്നിവ ഉൾക്കൊള്ളിക്കണം. ലളിതമായതും, എന്നാൽ പ്രാർത്ഥനയ്ക്ക് ഉചിതവുമായ വേഷവിധാനം, ഓഡിയോ വീഡിയോ ക്ലാരിറ്റി എന്നിവയും ഉണ്ടാവണം.
5. വീഡിയോയിൽ കുറഞ്ഞത് 3 അംഗങ്ങളെയെങ്കിലും ഉൾപ്പെടുത്തേണ്ടതാണ്.
6. വീഡിയോ ലഭിക്കേണ്ട അവസാന ദിവസം ജൂൺ 5. 9 pm.

## സെമിനാർ

പശുക്കടവ് ഇടവകയിലെ മാതൃവേദി അംഗങ്ങൾക്ക് വേണ്ടി 5.5.23 വ്യാഴം രാവിലെ 9.30 ന് മാതൃവേദി ഡയറക്ടർ ഫാ. ജോസഫ് അന്തീനാട് വി. കുർബ്ബാന അർപ്പിക്കുകയും സെമിനാർ നടത്തുകയും ചെയ്തു.

## അറിയിപ്പ്

കാലാനുസൃതമായി പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും, പുതിയ പ്രവർത്തന മേഖലകൾ തുറക്കുന്നതിനും, വിവിധ തലങ്ങളിൽ നിന്നും ഉയർന്നു വരുന്ന വെല്ലുവിളികളെ ക്രിയാത്മകമായി നേരിടുന്നതിനും പ്രവർത്തനശൈലിയുടെ നവീകരണം ആവശ്യമാണ്. രൂപതയിലെ മുഴുവൻ അമ്മമാരുടെയും ക്ഷേമവും സുസ്ഥിതിയും ഉറപ്പാക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യേണ്ടത് സംഘടനയുടെ ഉത്തരവാദിത്വമാണ്. ഇതിനോടനുബന്ധിച്ച് ഓരോ ഇടവകയിലും അമ്മമാർക്ക് ക്ലാസുകൾ/ സെമിനാറുകൾ സംഘടിപ്പിക്കാനായി പ്രത്യേകമായി ശ്രദ്ധിക്കുമല്ലോ. നിരവധി ഇടവകകളിൽ ക്ലാസുകളും സെമിനാറുകളും ഭംഗിയായി മുന്നോട്ടു കൊണ്ടുപോകുന്നുണ്ട്. മുൻകൂട്ടി അറിയിക്കുകയാണെങ്കിൽ ക്ലാസുകൾ നൽകാനായി രൂപതയിൽ നിന്നും ആളുകളെ അറേഞ്ച് ചെയ്യാനായി സാധിക്കും.

**ഫാ. ജോസഫ് അന്തീനാട്ട്**
ഡയറക്ടർ, മാതൃവേദി

# കരിസ്മാറ്റിക് മൂവ്മെന്റ്

## ശിഷ്യത്വ പരിശീലന കോഴ്സ്

കോഴിക്കോട് സോണിൽ പിഎംഒസി യിൽ വച്ച് മെയ് 5 ന് 4 മണിക്ക് തുടങ്ങി മെയ് 6 ന് 4 മണിക്ക് അവസാനിച്ച ശിഷ്യത്വപരിശീലന കോഴ്സ് നടത്തി. KCSC നേതൃത്വം നൽകിയ കോഴ്സിന് ക്ലാസ്സുകൾ നയിച്ചത് CNSC അംഗം ഷാജി വൈക്കത്ത്പറമ്പിൽ, KCSC അംഗം ബാബു എം വർഗീസ്, ശ്രീ എ റ്റി വർഗീസ് എന്നിവരുമാണ്. ബഹു. സോണൽ ആനിമേറ്റർ സൈമൺ വള്ളോപ്പിള്ളി അച്ചന്റെ ആമുഖ സന്ദേശത്തോടെയാണ് തുടങ്ങിയത്. വിവിധ സബ്സോണുകളിൽ നിന്നും 67 അംഗങ്ങൾ കോഴ്സിൽ പങ്കെടുത്തു. മെയ് 6 ന് രാവിലെ നിയുക്ത സോണൽ ആനിമേറ്റർ സായി പാറൻകുളങ്ങര അച്ചൻ വിശുദ്ധകുർബാന അർപ്പിച്ച് ഹൃദ്യമായ സന്ദേശം നൽകി. കോഴ്സ് അനുഗ്രഹപ്രദവും അനിവാര്യവും ആയിരുന്നു എന്ന് പങ്കെടുത്തവർ വിലയിരുത്തി.

## ക്രിസ്റ്റഫർ ട്രെയിനിംങ്ങ് പ്രോഗ്രാം

മെയ് 3 മുതൽ 6 വരെ തൊണ്ടിമ്മൽ സാൻജോ പ്രതീക്ഷഭവനിൽ വച്ചും മെയ് 11 മുതൽ 13 വരെ മഞ്ചേരി സെന്റ് ജോസഫ്സ് ദേവാലയത്തിൽ വച്ചും ക്രിസ്റ്റഫർ ട്രെയിനിംഗ് പ്രോഗ്രാം നടത്തി. സോണൽ കോർഡിനേറ്റർ ആന്റണി ചൂരപൊയ്കയിലിന്റെയും ബെന്നി കറുകമാലിയുടെയും ടീം അംഗങ്ങളുടെയും നേതൃത്വത്തിലാണ് പ്രോഗ്രാമുകൾ നടത്തപ്പെട്ടത്. സോണൽ ആനിമേറ്റർ സൈമൺ അച്ചനും നിയുക്ത ആനിമേറ്റർ സായി അച്ചനും കുട്ടികളെ സന്ദർശിക്കുകയും ആശംസകൾ അർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു.

## ഏകദിന പ്രാർത്ഥന കൂട്ടായ്മ

മെയ് 1 ന് മലപ്പുറത്ത് വച്ച് യുവജനങ്ങൾക്കായി ഏകദിനം നടത്തി. സബ്സോൺ കോർഡിനേറ്റർ ഷാജി അരിക്കത്തിലും ബ്ര. അനിലുമാണ് നേതൃത്വം നൽകിയത്.

## യാത്രയയപ്പ്

മെയ് 16 ന് പിഎംഒസി യിൽ വച്ച് കരിസ്മറ്റിക് ഡയറക്ടർ സ്ഥാനത്തു നിന്നും വിരമിക്കുന്ന ബഹു. സൈമൺ വള്ളോപ്പിള്ളി അച്ചന് സോണൽ സർവ്വീസ് ടീമിന്റെ നേതൃത്വത്തിൽ സ്നേഹോഷ്മളമായ യാത്രയയ്പ്പ് നൽകി. 10.30 ന് സൈമൺ അച്ചൻ കൃതജ്ഞതാ ബലി അർപ്പിച്ചു ദൈവം ചെയ്ത വലിയകാര്യങ്ങൾക്ക് നന്ദി അർപ്പിച്ചു. തുടർന്ന് നടന്ന പൊതുസമ്മേളനത്തിന് സോണൽ സെക്രട്ടറി സി.സി. മത്തായി സ്വാഗതം പറഞ്ഞു. ബഹു. സായി പാറൻകുളങ്ങര അച്ചൻ അദ്ധ്യക്ഷപ്രസംഗം നടത്തുകയും യോഗം നിയന്ത്രിക്കു

കയും ചെയ്തു. KCSC വൈസ് കോർഡിനേറ്റർ സന്തോഷ് തലച്ചിറ, സബ്സോൺ ആനിമേറ്റർമാരായ ഫാ. സിബി കളത്തൂർ, ഫാ. ബിജു ചെന്നിക്കര, സി. സുശീല എംഎസ്എംഐ പൗലോസ് ചീരംകുന്നേൽ രാജു മംഗലശ്ശേരി ബാബു കോതാനി സൈമൺ അച്ചന്റെ സഹോദരി ശ്രീമതി അക്കമ്മ ടീച്ചർ എന്നിവർ ആശംസകൾ നേർന്നു. സൈമണച്ചന്റെ മറുപടി പ്രസംഗത്തിനു ശേഷം കോർഡിനേറ്റർ സാജൻ അറക്കപറമ്പിൽ യോഗത്തിന് നന്ദി പറഞ്ഞു. കേക്ക് മുറിച്ച് മധുരം പങ്കുവെച്ചു. സ്നേഹവിരുന്നോടെ പ്രോഗ്രാം അവസാനിച്ചു.

**പന്തക്കുസ്താ ഒരുക്ക കൺവെൻഷൻ**

മലപ്പുറം സബ്സോണിൽ മെയ് 19 ന് പന്തക്കുസ്താ ഒരുക്ക കൺവെൻഷൻ സബ്സോണിലെ ദൈവജനത്തിനായി നടത്തി. ഫാ. റാഫേൽ കോക്കാടൻ കൺവെൻഷന് നേതൃത്വം നൽകി. സബ് സോൺ നേതൃത്വത്തിന് നന്ദി.

**ഫാ. തോമസ് പാറൻകുളങ്ങര**
ഡയറക്ടർ, കരിസ്മാറ്റിക് മൂവ്മെന്റ്

## ബഥാനിയ ധ്യാനകേന്ദ്രം

"അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു" (1 പത്രോ. 2:24).

എല്ലാ അവധിക്കാലങ്ങളും അനേകർ കുടുംബസമേതം ബഥാനിയായിലേക്ക് പ്രാർത്ഥനയ്ക്കായി വരുന്ന കാലങ്ങളാണ്. പതിവുപോലെ ഈ വേനൽ അവധിക്കാലത്ത് ധാരാളമാളുകൾ കുട്ടികളേയും കൂട്ടി ബഥാനിയായിൽ വന്ന് പ്രാർത്ഥിച്ചും ശുശ്രൂഷകളിൽ പങ്കെടുത്തും കടന്നുപോയി. കുഞ്ഞുങ്ങളെ സംബന്ധിച്ചിടത്തോളം ഇത് പുതിയ അധ്യയനവർഷത്തേക്കുള്ള ഒരുക്കത്തിന്റെ കാലവും കൂടിയാണ്.

**ഏകദിന കൺവെൻഷനുകൾ**

എല്ലാ വെള്ളിയാഴ്ചകളിലും ഏകദിന കൺവെൻഷനുകൾ നടന്നു. യുവജനങ്ങളുടെ വലിയ പങ്കാളിത്തം കൺവെൻഷനുകളിൽ ഉണ്ടായിരുന്നു എന്നത് എടുത്തു പറയേണ്ടതാണ്.

ആവേ മരിയ ഹാൾ നിറഞ്ഞുകവിഞ്ഞ വലിയ ഒരു ജനസഞ്ചയമാണ് ആദ്യ വെള്ളിയാഴ്ച ശുശ്രൂഷയിൽ പങ്കെടുത്തത്. കൺവെൻ ഷന്റെ ഭാഗമായ ദിവ്യകാരുണ്യ പ്രദക്ഷിണത്തിൽ ഹല്ലേലൂയ്യ സ്തുതികളോടെയാണ് ആയിരങ്ങൾ ഈശോയെ എതിരേറ്റത്.

രാവിലെ 9 മണിക്ക് ആരംഭിച്ച ശുശ്രൂഷയിൽ വി. മിഖായേൽ മാലാഖയോടുള്ള നൊവേന, വി. കുരിശിന്റെവഴി, ജപമാല, ഗാനശുശ്രൂഷ, ദിവ്യകാരുണ്യ ആരാധന സഭയുടെ ഔദ്യോഗിക ഡലിവറൻസ് ശുശ്രൂഷ വി. കുർബാന, വചന സന്ദേശം, വി. കുമ്പസാരം, സ്പിരിചൽ ഷെയറിങ്ങ് തുടങ്ങിയ ഉൾപ്പെടുത്തിയിരുന്നു. കൺവെൻഷനിൽ പങ്കെടുക്കുന്ന എല്ലാവരും നേർച്ച ഭക്ഷണവും കഴിച്ച് സന്തോഷത്തോടെയാണ് തിരിച്ചുപോകുന്നത്.

### ധ്യാനങ്ങൾ

ഏപ്രിൽ, മെയ് മാസങ്ങളിലായി ഏതാണ്ട് രണ്ടായിരത്തോളമാളുകൾ താമസിച്ചുള്ള ധ്യാനങ്ങളിൽ പങ്കെടുത്തു. മുതിർന്നവർക്കായി 3 ധ്യാനങ്ങൾ ഉണ്ടായിരുന്നു. സഭയുടെ ഔദ്യോഗിക ഡെലിവറൻസ് ശുശ്രൂഷ അധികാരത്തോടെയും അഭിഷേകത്തോടെയും നടത്തപ്പെടുന്ന ചുരുക്കം ചില സ്ഥാപനങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്ന സ്ഥാപനമാണ് ബഥാനിയ. ഈ ശുശ്രൂഷയെ അടിസ്ഥാനമാക്കി ഒരുക്കപ്പെട്ടിട്ടുള്ള ജീവിത വിശുദ്ധീകരണ ധ്യാനത്തിൽ പങ്കെടുക്കുവാൻ മിക്കവരും കുടുംബസമേതം വരുന്നു എന്നത് ഏറെ അനുഗ്രഹപ്രദമാണ്.

### കുട്ടികൾക്കായുള്ള ധ്യാനങ്ങൾ

ഈ അവധിക്കാലത്ത് കുട്ടികൾക്കായി പ്രത്യേകം ധ്യാനങ്ങൾ ക്രമീകരിച്ചിരുന്നു. 4,5,6,7 ക്ലാസ്സുകളിലെ കുട്ടികൾക്കായി ജോർദാനിയ ടീം തൃശ്ശൂർ നയിച്ച ധ്യാനത്തോടുകൂടിയാണ് കുട്ടികളുടെ ധ്യാനങ്ങൾ ആരംഭിച്ചത്. തുടർന്ന് നടന്ന 8,9,10,11 ക്ലാസുകളിലെ കുട്ടികൾക്കുള്ള ധ്യാനം നയിച്ചത് കറുകുറ്റി സസ്നേഹം ടീമായിരുന്നു.

താമരശ്ശേരി കോപ്പറേറ്റീവ് മാനേജ്മെന്റ് സ്കൂളിലെ 12-ാം ക്ലാസ്സിലെ കുട്ടികൾക്ക് മൂന്നു ബാച്ചുകളായിട്ടാണ് ധ്യാനം ഒരുക്കിയിരുന്നത്. ഈ ധ്യാനങ്ങൾ എല്ലാം ബഥാനിയ ടീം തന്നെയാണ് നയിച്ചത്.

ധ്യാനങ്ങളിൽ പങ്കെടുത്ത കുട്ടികൾ എല്ലാവരും വലിയ അഭിഷേകത്തോടെയാണ് കടന്നുപോയത്. പുതിയ നല്ല തീരുമാനങ്ങൾ എടുത്ത് നിറഞ്ഞ സന്തോഷത്തോടെയാണ് തങ്ങൾ പോകുന്നതെന്ന് അവർ തന്നെ പറയുകയുണ്ടായി.

### സ്പിരിചൽ ഷെയറിങ്ങ്

എല്ലാ ബുധനാഴ്ചകളിലും വെള്ളിയാഴ്ചകളിലും സ്പിരിചൽ ഷെയറിംങ്ങ് നടന്നു. പ്രത്യേകം പരിശീലനം ലഭിച്ച ബഹു. സിസ്റ്റേഴ്സും അത്മായരുമാണ് ഈ ശുശ്രൂഷ നയിക്കുന്നത്. അസ്വസ്തതകൾ നിറഞ്ഞ അനേകം ജീവിതങ്ങൾ സമാധാനവും സന്തോഷവും നിറഞ്ഞതാകുവാൻ ഈ ശുശ്രൂഷ കാരണമാകുന്നു.

### മദ്ധ്യസ്ഥപ്രാർത്ഥന

ബഥാനിയായിൽ മദ്ധ്യസ്ഥപ്രാർത്ഥനയ്ക്കായി മൂന്നു ചാപ്പലുകൾ ഉണ്ട്. സമർപ്പണ മനോഭാവത്തോടെ കടന്നുവരുന്ന പ്രത്യേകം തിരഞ്ഞെടുത്ത സഹോദരങ്ങൾ ഈ ചാപ്പലിൽ ഈശോയുടെ മുമ്പിലുരുന്ന് ലോകം മുഴുവനും വേണ്ടിയും അവർ സമർപ്പിക്കുന്ന പ്രാർത്ഥ നാ നിയോഗങ്ങൾക്കായും പ്രത്യേകം പ്രാർത്ഥിക്കുന്നു.

### യാത്രയയപ്പും സ്വീകരണവും

കഴിഞ്ഞ മൂന്നു വർഷം ബഥാനിയായുടെ അസിസ്റ്റ് ഡയറക്ടായിരുന്ന ബഹു. ഷാരോൺ കൊച്ചുപുരയിൽ അച്ചൻ OSFS സഭയിലേക്ക് തിരിച്ചുപോയി. ബഥാനിയായിൽ ബഹു. ഷാരോൺ അച്ചൻ ചെയ്ത എല്ലാ ശുശ്രൂഷകളേയും ബഥാനിയ കുടുംബം നന്ദിയോടെ ഓർക്കുകയും പ്രാർത്ഥനകൾ ആശംസിക്കുകയും ചെയ്തു.

മെയ് 15-ാം തീയതി ഫാ. ജോസ് പൂവനിൽകുന്നതിൽ CSSR പുതിയ അസിസ്റ്റന്റ് ഡയറക്ടറായി ചാർജ്ജെടുത്തു. ബഥാനിയ കുടുംബം ബഹു. ജോസച്ചനെ സ്നേഹപൂർവ്വം സ്വാഗതം ചെയ്തു.

### ജൂൺമാസത്തിലെ ശുശ്രൂഷകൾ

| | | |
|---|---|---|
| 2 ആദ്യവെള്ളി | - | ഏകദിന കൺവെൻഷൻ |
| 9 വെള്ളി | - | ഏകദിന കൺവെൻഷൻ<br>ജീവിതവിശുദ്ധീകരണ ധ്യാനം (9-12) |
| 16 വെള്ളി | - | ഏകദിന കൺവെൻഷൻ<br>ജീവിത വിശുദ്ധീകരണ ധ്യാനം (23-26) |
| 30 വെള്ളി | - | ഏകദിന കൺവെൻഷൻ |

**ഫാ. സെബാസ്റ്റ്യൻ പുളിക്കൽ**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

# വികസനവേദി

## വാർഷിക ആഘോഷവും, ലഹരി വിരുദ്ധ ബോധവൽക്കരണ സെമിനാറും

സി.ഒ .ഡി യുടെ കീഴിൽ പുല്ലൂരാംപാറയിൽ പ്രവർത്തിക്കുന്ന ബ്ലെസ്സഡ് കുഞ്ഞച്ചൻ സ്വാശ്രയ സംഘം വാർഷിക ആഘോഷവും, കുടുംബ സംഗമവും സജീവം പ്രൊജക്റ്റ് ഭാഗമായി, ബോധവൽക്കരണ സെമിനാറും നടത്തി. ആഘോഷ പരിപാടിയുടെ ഉദ്ഘാടനം പുല്ലൂരാംപാറ ഇടവക വികാരി ഫാ. സെബാസ്റ്റ്യൻ പുരയിടത്തിൽ നിർവഹിച്ചു. സി.ഒ.ഡി ഡയറക്ടർ ഫാ. ജോർജ്ജ് ചെമ്പരത്തിക്കൽ മുഖ്യപ്രഭാഷണം നടത്തി. സി.ഒ.ഡി കോർഡിനേറ്റർ ജോയ് കെ.സി, സജീവം പ്രൊജക്റ്റ് കോർഡിനേറ്റർ സിദ്ധാർഥ് എന്നിവർ ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസിനു നേതൃത്വം നൽകി. സംഘാഗങ്ങളും കുടുംബാഗങ്ങളുമായി 45 പേർ പരിപാടിയിൽപങ്കെടുത്തു. സ്വാശ്രയ ഭാരവാഹികൾ പരിപാടികൾക്ക് നേതൃത്വം നൽകി. പരിപാടിയിൽ സംഘത്തിലെ പ്രവർത്തനത്തിനും, കുട്ടികളുടെ പഠന മികവിനും സമ്മാനം നൽകി ആദരിക്കുകയും സ്നേഹ വിരുന്നോടെ പരിപാടി സമാപിക്കുകയും ചെയ്തു. ഏരിയ കോർഡിനേറ്റർ റെനി സാബു പരിപാടിക്ക് നേതൃത്വം നല്കി.

പുതുപ്പാടി ഗ്രാമവികസന സമിതി സജീവം പദ്ധതിയുടെ ഭാഗമായി ലഹരി വിരുദ്ധ ബോധവൽക്കരണക്ലാസ് സംഘടിപ്പിച്ചു. സി.ഒ.ഡി. യിൽ നിന്നും ഇന്റേൺഷിപ് സ്റ്റുഡന്റ് അമ്പിളി കെ.വി. (ക്രൈസ്റ്റ് കോളേജ് ഇരിങ്ങാലക്കുട) ക്ലാസ്സുകൾക്ക് നേതൃത്വം നല്കി. ഗ്രാമവികസന സമിതി അംഗങ്ങൾ, സ്വാശ്രയ സംഘം അംഗങ്ങൾ എന്നിവർ പങ്കെടുത്തു. സി. ഒ.ഡി ഏരിയ കോ-ഓർഡിനേറ്റർ ത്രേസ്യാമ്മ തോമസ്, ഗ്രാമ വികസന സമിതി പ്രസിഡന്റ് സബിത, സെക്രട്ടറി ഡെയ്സി ജോയ് എന്നിവർ സംസാരിച്ചു.

## സ്കിൽ ട്രെയിനിംഗ്

ചിരട്ടാമല ഗ്രാമ വികസന സമിതിയുടെ നേതൃത്വത്തിൽ ചെറു തേൻ വളർത്തലും, തേൻ ശേഖരണവും എന്ന വിഷയത്തിൽ പരിശീലന പരിപാടി നടത്തി. ജോസഫ് ചക്കുങ്കൽ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. തേനീച്ച വളർത്തേണ്ട രീതി, ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, തേൻ ശേഖരണം എന്നിവയെ കുറിച്ച് അംഗങ്ങൾക്ക് ധാരണ കൊടുത്തു. ഏരിയ കോർഡിനേറ്റർ തങ്കമ്മ സേവ്യർ പരിപാടിക്ക് നേതൃത്വം നൽകി.

## ആരോഗ്യ ബോധവൽക്കരണ ക്ലാസ്

വെറ്റിലപ്പാറ ഗ്രാമ വികസന സമിതിയുടെ നേതൃത്വത്തിൽ കാലാവസ്ഥയും, ആരോഗ്യ പ്രശ്നങ്ങളും എന്ന വിഷയത്തിൽ ബോധവൽകരണ സെമിനാർ നടത്തി. ഗ്രാമ വികസന ഓഫീസിൽ വെച്ച് നടത്തിയ പരിപാടിയിൽ പ്രസിഡന്റ് മേഴ്സി അ

ധ്യക്ഷത വഹിച്ചു. ആശവർക്കർ മിനിടൈറ്റസ് കണിയാംകുട്ടി ക്ലാസുകൾ നയിച്ചു. ഏരിയ കോർഡിനേറ്റർ ഷൈനി സിബി പരിപാടികൾക്കു നേതൃത്വം നൽകി. ഓടക്കയം ഭാഗത്തു പ്രവർത്തിക്കുന്ന കീർത്തി സ്വാശ്രയ സംഘം വാർഷിക ആഘോഷവും, പ്രായം ചെന്ന അംഗങ്ങളെ ആദരിക്കുകയും ചെയ്തു. ഏരിയ കോർഡിനേറ്റർഷൈനി സിബി പരിപാടികൾക്ക് നേതൃത്വം നൽകി.

**ഫാ. ജോർജ്ജ് ചെമ്പരത്തി**
ഡയറക്ടർ, വികസനവേദി



# യേശുനിധി

2023 ഏപ്രിൽ മാസത്തിൽ യേശുനിധിയിൽ നിന്ന് വിവിധ ആവശ്യ ങ്ങൾക്കായി നല്കിയ തുകയും ഇടവകയും താഴെചേർക്കുന്നു.

**Education**

| | | |
|---|---|---|
| 1 | Erude | 15,000.00 |
| 2 | Mariapuram | 15,000.00 |
| 3 | Nooramthode | 20,000.00 |
| 4 | Pulloorampara | 20,000.00 |

**Home**

| | | |
|---|---|---|
| 5 | Chakkittappara | 15,000.00 |
| 6 | Chempanoda | 15,000.00 |
| 7 | Kakkayam | 15,000.00 |
| 8 | Kakkayam | 15,000.00 |
| 9 | Kakkayam | 15,000.00 |
| 10 | Kakkayam | 15,000.00 |
| 11 | Mariapuram | 20,000.00 |
| 12 | Mariapuram | 15,000.00 |
| 13 | Panamplave | 15,000.00 |
| 14 | Payyanad | 15,000.00 |
| 15 | Thazhekode | 20,000.00 |

**Medical**

| | | |
|---|---|---|
| 16 | Anackampoil | 15,000.00 |
| 17 | Chamal | 15,000.00 |
| 18 | Chempanoda | 15,000.00 |
| 19 | Kakkayam | 10,000.00 |
| 20 | Kakkayam | 20,000.00 |
| 21 | Kannoth | 10,000.00 |
| 22 | Karimbu | 8,000.00 |
| 23 | Karimbu | 10,000.00 |
| 24 | Kodanchery | 10,000.00 |
| 25 | Koodathai | 10,000.00 |
| 26 | Koomamkulam | 15,000.00 |
| 27 | Koorachundu | 15,000.00 |
| 28 | Manjakunnu | 10,000.00 |
| 29 | Manjeri | 8,000.00 |
| 30 | Muthappanpuzha | 10,000.00 |
| 31 | Nooramthode | 15,000.00 |
| 32 | Padathukadave | 15,000.00 |
| 33 | Perinthalmanna | 10,000.00 |
| 34 | Pulloorampara | 20,000.00 |

**Marriage**

| | | |
|---|---|---|
| 35 | Chevayur | 20,000.00 |
| 36 | Koorachundu | 20,000.00 |
| 37 | Koorachundu | 20,000.00 |
| 38 | Perinthalmanna | 10,000.00 |
| 39 | Poozhithode | 20,000.00 |
| 40 | Thamarassery | 20,000.00 |
| 41 | Thottumukkam | 25,000.00 |
| 42 | Thottumukkam | 20,000.00 |

**Miscellaneous**

| | | |
|---|---|---|
| 43 | Kallanode | 10,000.00 |
| 44 | Nooramthode | 10,000.00 |
| | **Total** | **661,000.00** |

ഫാ. കുര്യാക്കോസ് മുകാല
ഫിനാൻസ് ഓഫീസർ

# അജപാലനക്കുറിപ്പുകൾ

**ഏപ്രിൽ**

28 രാവിലെ, കോടഞ്ചേരി സെന്റ് മേരീസ് തീർത്ഥാടന ദൈവാലയത്തിൽ 37-ാമത് രൂപതാദിനത്തോടനുബന്ധിച്ച് കൃതജ്ഞതാബലി അർപ്പിക്കുകയും പ്രതിനിധി സമ്മേളനങ്ങളിൽ പങ്കെടുക്കുകയും പൊതുസമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞ്, തെയ്യപ്പാറ ഇൻഫാം അഗ്രോഫാം സന്ദർശിക്കുകയും കാർഷിക നേഴ്സറിയുടെ വെഞ്ചരിപ്പ് അഭിവന്ദ്യ വർഗ്ഗീസ് ചക്കാലക്കൽ പിതാവിനോടൊപ്പം നിർവ്വഹിച്ചു.

29 രാവിലെ, താമരശ്ശേരി മേരി മാതാ കത്തീഡ്രലിൽ വൈദികപരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഏതാനും വൈദിക വിദ്യാർത്ഥികൾക്ക് വൈദികവസ്ത്രം ആശീർവദിച്ചു നൽകി.

രൂപതാഭവനിൽ മാർ മങ്കുഴിക്കരി ട്രസ്റ്റിന്റെ ഉപകാരികളുടെ സംഗമം ഉദ്ഘാടനം ചെയ്തു.

ഉച്ചകഴിഞ്ഞ്, രൂപതാഭവനിൽ കോർഡിനേഷൻ കമ്മറ്റി മീറ്റിങ്ങിൽ സംബന്ധിച്ചു.

30 രാവിലെ, മാനന്തവാടി രൂപതയിലെ പയ്യമ്പള്ളി ഫൊറോന ഇടവക തിരുന്നാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

വൈകുന്നേരം, മഞ്ഞുവയൽ ഇടവകയിൽ ബഹുമാനപ്പെട്ട ജോർജ്ജ് വെള്ളയ്ക്കാകുടിയിലച്ചന്റെ സഹോദരൻ സെബിന്റെ വിവാഹത്തോടനുബന്ധിച്ച് ഭവനം സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.

**മെയ്**

1 രാവിലെ, മാനന്തവാടി രൂപതയുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് ദ്വാരക പാസ്റ്ററൽ സെന്ററിൽ നടന്ന സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു.

2 രാവിലെ, ഈരൂട് ഇടവകയിൽ ദിവ്യബലിയർപ്പിക്കുകയും പുതുതായി നിർമ്മിച്ച പരി. മാതാവിന്റെ ഗ്രോട്ടോ വെഞ്ചരിക്കുകയും ചെയ്തു.

മേരിക്കുന്ന് എം.എസ്.ജെ. പ്രവിശ്യാ ഭവനത്തിൽ ഏതാനും സന്യാസിനികളുടെ രജത ജൂബിലിയോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

3 രാവിലെ, പെരിന്തൽമണ്ണ സെന്റ് അൽഫോൻസാ ദൈവാലയത്തിൽ ദിവ്യബലിയർപ്പിക്കുകയും ഏതാനും കുട്ടികൾക്ക് ആദ്യകുർബ്ബാന നൽകുകയും ചെയ്തു.

ഉച്ചയ്ക്ക്, ഊരകം ഇടവകയിൽ പരേതനായ ജോജോ കണ്ടത്തിൻ കരയുടെ ഭവനം സന്ദർശിച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

ഉച്ചകഴിഞ്ഞ്, കരിമ്പ് ഇടവകയിൽ പരേതനായ എൽവിൻ വണ്ടാനത്തിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

വൈകുന്നേരം, പുല്ലൂരാംപാറ ബഥാനിയ റിന്യൂവൽ സെന്ററിൽ മൂന്ന് വർഷം ബഥാനിയായിൽ ശുശ്രൂഷ ചെയ്ത ബഹു. ഷാരോൺ കൊച്ചുപറമ്പിൽ ഒ.എസ്.എഫ്.എസ്. അച്ചന്റെ യാത്രയയപ്പ് സമ്മേളനത്തിൽ സംബന്ധിച്ചു.

4 രാവിലെ, കുളത്തുവയൽ തീർത്ഥാടന കേന്ദ്രത്തിൽ ദിവ്യബലിയർപ്പിക്കുകയും ഏതാനും കുട്ടികൾക്ക് ആദ്യകുർബ്ബാന നൽകുകയും ചെയ്തു.

താമരശ്ശേരി മേരി മാതാ കത്തീഡ്രൽ ദൈവാലയത്തിൽ ഒരു വിവാഹം ആശീർവദിച്ചു.

വൈകുന്നേരം, കൂടത്തായി ദൈവാലയത്തിൽ ഒരു വിവാഹത്തിൽ സംബന്ധിച്ചു.

5 രാവിലെ, മുതുകാട് ഇടവകയിൽ ദിവ്യബലിയർപ്പിക്കുകയും നവീകരിച്ച ഗ്രോട്ടോ വെഞ്ചരിക്കുകയും ചെയ്തു.

കോഴിക്കോട് പി.എം.ഒ.സി. യിൽ വെച്ച് നടന്ന ദീപികയുടെ കോഴിക്കോട് മേഖല മാനേജർ ബഹു. തോമസ് പാറൻകുളങ്ങര അച്ചന് കോഴിക്കോട് യൂണിറ്റ് നൽകി യാത്രയയപ്പ് മീറ്റിങ്ങിൽ സംബന്ധിച്ചു.

6 രാവിലെ, കൂടരഞ്ഞി ഇടവകയിൽ ദിവ്യബലിയർപ്പിക്കുകയും പുതുതായി നിർമ്മിച്ച വൈദിക മന്ദിരം വെഞ്ചരിക്കുകയും ചെയ്തു.

തിരുവമ്പാടി ഇടവക ദൈവാലയത്തിൽ സി.എം.സി. സന്യാസിനി സമൂഹത്തിലെ ഒരു സന്യാസിനിയുടെ പ്രഥവ വൃത വാഗ്ദാനത്തിനോടും, ഏതാനും സന്യാസിനികളുടെ രജത ജൂബിലി ആഘോഷങ്ങളോടും അനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

വൈകുന്നേരം, പള്ളിക്കുന്ന് ഇടവകയിൽ ബൈബിൾ കൺവെൻഷനിൽ ദിവ്യബലിയർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

7 നെന്മേനി ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

8 രാവിലെ, ചാവറ ഹോസ്പിറ്റൽ കപ്പേളയിൽ ദിവ്യബലിയർപ്പിച്ചു.

വൈകുന്നേരം, കത്തോലിക്ക കോൺഗ്രസ് ഡയറക്ടർ ബഹു. ജിയോ കടവി അച്ചന് നൽകിയ ഓൺലൈൻ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു.

9 രാവിലെ, പുല്ലൂരാംപാറ ബഥാനിയ റിന്യൂവൽ സെന്ററിൽ ദിവ്യബലിയർപ്പിച്ചു.

വൈത്തിരിയിൽ വെച്ച്, ദീപിക മാർകറ്റിംഗ് വിഭാഗത്തിന്റെ പ്രതിവർഷ അവലോകന മീറ്റിങ്ങ് ഉദ്ഘാടനം ചെയ്തു.

പുല്ലാഞ്ഞിമേട്ടിൽ, പുതുതായി നിർമ്മിച്ച അൽഫോൻസ സ്കൂളിന്റെ ആൺകുട്ടികളുടെ ഹോസ്റ്റൽ കെട്ടിടത്തിന്റെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ചു.

ഉച്ചകഴിഞ്ഞ്, തിരുവമ്പാടി ഇടവകയിൽ, പരേതനായ ടി.ജെ. മാണി തോണിപ്പാറയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ഭവനത്തിൽ നേതൃത്വം നൽകി.

വൈകുന്നേരം, ദീപികയിൽ നിന്നും വിരമിക്കുന്ന ബഹു. തോമസ് പാറൻകുളങ്ങര അച്ചന് ദീപിക ഫ്രണ്ട്സ് ക്ലബ് ഓൺലൈനായി നൽകിയ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു.

10 രാവിലെ, പൂതംപാറ ഇടവകയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കി.

12 രാവിലെ, വെറ്റിലപ്പാറ ഇടവകയിൽ പരേതയായ സ്വമാതാവിന്റെ ചരമവാർഷികത്തോടുബന്ധിച്ച് വി. കുർബ്ബാന അർപ്പിച്ചു.

വൈകുന്നേരം, രൂപതാഭവനിൽ ബഹു. വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കരയുടെയും മറ്റ് വൈദികരുടെയും സന്യാസിനിയുടെയും വൈദിക വിദ്യാർത്ഥികളുടെയും യാത്രയയപ്പ് സമ്മേളനത്തിൽ സംബന്ധിക്കുകയും ആശംസകൾ നേരുകയും ചെയ്തു.

13 രാവിലെ, മുക്കം ഇടവകയിൽ ഒരു കുടുംബത്തിലെ 5-ാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കി.

തിരുവമ്പാടി ഇടവകയിൽ ഒരു വിവാഹ വാഗ്ദാന കർമ്മത്തിന് കാർമ്മികത്വം വഹിച്ചു.

വൈകുന്നേരം, പി.എം.ഒ.സി.യിൽ പ്രീ കാനാ കോഴ്സിൽ സംബന്ധിച്ചവർക്കുവേണ്ടി ക്ലാസ്സെടുത്തു.

മേരിക്കുന്ന് പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസലിംഗ് ആന്റ് സൈക്കോളജിയിൽ നടന്ന 2022-2023 വർഷത്തെ കോൺവോക്കേഷൻ സെറിമണിയിൽ സംബന്ധിച്ചു.

14 രാവിലെ, ഊരകം ഇടവക തിരുന്നാളിനോടനുബന്ധിച്ച് ദിവ്യബലിർപ്പിക്കുകയും ഏതാനും കുട്ടികൾക്ക് ആദ്യകുർബ്ബാന നൽകുകയും ചെയ്തു.

15 രാവിലെ, പുല്ലൂരാംപാറ ബഥാനിയ റിന്യൂവൽ സെന്ററിൽ ദിവ്യബലി അർപ്പിച്ചു.

ചേവായൂർ ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

ഉച്ചകഴിഞ്ഞ്, പുല്ലാഞ്ഞിമേട് സനാതന മേജർ സെമിനാരിയിൽ നടന്ന SMART (Syro Malabar Altar Servers Regional Association Eparchy of Thamarassery) ന്റെ നേതൃത്വത്തിൽ നടന്ന ഫുട്ബോൾ മത്സരത്തിന്റെ സമ്മാനദാനം നടത്തി.

കോടഞ്ചേരി ഇടവകയിൽ പരേതനായ പുതിയേടത്ത് ജോസഫിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

വൈകുന്നേരം, ചിപ്പിലത്തോട് സന്യാസ ഭവന കപ്പേളയിൽ ദിവ്യബലിയർപ്പിച്ചു.

17 ഇടുക്കി രൂപതയിലെ മാങ്കുളം സെന്റ് ജോർജ്ജിയ ഇടവകയിൽ സി. ആനി ജോർജ്ജിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് ദിവ്യബലി അർപ്പിക്കുകയും കുടുംബാംഗങ്ങളൊന്നിച്ച് ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

18 രാവിലെ, രൂപതാഭവനിൽ താമരശ്ശേരി രൂപതയിലെ വൈദികവിദ്യാർത്ഥികൾക്കായി ക്ലാസ്സെടുത്തു.

19 രാവിലെ, അൽഫോൻസ മൈനർ സെമിനാരിയിൽ, രൂപതയ്ക്കുവേണ്ടി വിവിധ സെമിനാരികളിൽ പരിശീലനം നടത്തുന്ന മേജർ സെമിനാരി വൈദിക വിദ്യാർത്ഥി

കൾക്കായി ദിവ്യബലി അർപ്പിച്ചു. തുടർന്ന് വൈദികവിദ്യാർത്ഥികളെ വ്യക്തിപരമായിക്കണ്ട് പഠനപുരോഗതി വിലയിരുത്തി.

20 രാവിലെ, ആനക്കാംപൊയിൽ ഇടവകയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കി.

ആനിക്കാംപൊയിൽ ഇടവകയിൽ, ബഹു. തോമസ് ചക്കിട്ടാമുറിയിൽ അച്ചന്റെ കുടുംബാംഗങ്ങളോടൊന്നിച്ച് കൃതജ്ഞതാബലിയർപ്പിക്കുകയും തുടർന്ന് പുതുതായി നിർമ്മിച്ച ഭവനം വെഞ്ചരിക്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞ്, മഞ്ചേരി ഇടവകയിൽ നസ്രത്ത് സന്യാസിനികളുടെ പുതിയ ഭവനവും കപ്പേളയും വെഞ്ചരിച്ചു.

21 രാവിലെ, ഈങ്ങാപ്പുഴ ഇടവകയിൽ ദിവ്യബലി അർപ്പിച്ചു.

ഉച്ചകഴിഞ്ഞ്, മാവൂർ ഇടവകയിൽ, പരേതനായ ആന്റണി ജെ. കളത്തിലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ഭവനത്തിൽ നേതൃത്വം നൽകി.

വൈകുന്നരം, ഒറവുംപുറം ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

22 ഉച്ചകഴിഞ്ഞ്, ചെറുപുഷ്പ സന്യാസ സഭയുടെ ജനറാൾ ബഹു. ജോജോ വരവുകാലായിൽ സി.എസ്.ടി. അച്ചനേയും മറ്റ് പ്രൊവിൻ ഷ്യൽ സുപ്പീരിയർ അച്ചന്മാരായ ഫാ. ജോബി എടമുറിയിൽ, ഫാ. സാബു കണ്ടംകെട്ടിയിൽ, ഫാ. ഷാജു കുത്തോടിപുത്തൻപുരയിൽ, ഫാ. ഫ്രാൻസിസ് ചിറ്റിനപ്പിള്ളി എന്നിവരെ രൂപതാഭവനിൽ സ്വീകരിച്ചു.

വൈകുന്നേരം, മേരിക്കുന്ന് പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ടിൽ ഇന്റർനാഷണൽ കൗൺസിലിംഗ് ട്രെയിനിംഗ് പ്രോഗ്രാം ഉദ്ഘാടനം ചെയ്തു.

23 രാവിലെ, പുല്ലൂരാംപാറ ബഥാനിയ റിന്യൂവൽ സെന്ററിൽ ദിവ്യബലി അർപ്പിച്ചു.

തിരുവമ്പാടി സേക്രഡ് ഹാർട്ട് യു.പി. സ്കൂളിന്റെ പുതുതായി നിർമ്മിച്ച ലൈബ്രറിയും പ്രവേശന കവാടവും ഉദ്ഘാടനം ചെയ്യുകയും തുടർന്ന് നടന്ന സമ്മേളനത്തിൽ സംബന്ധിക്കുകയും ചെയ്തു.

വാലില്ലാപ്പുഴ ഇടവകയിൽ ഒരു സന്യാസിനിയുടെ വ്രതവാഗ്ദാനത്തിന്റെ രജതജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് ദിവ്യബലി അർപ്പിച്ചു.

വൈകുന്നേരം, പാലൂർക്കോട്ട ഇടവകയിൽ എം.എസ്.എഫ്.എസ്. സന്യാസ സമൂഹത്തിന്റെ നേതൃത്വത്തിൽ നടത്തുന്ന സമർത്ഥരായ കുട്ടികൾക്ക് പരിശീലനം നൽകുന്ന പുതിയ കേന്ദ്രവും സന്യാസ ഭവനവും കപ്പേളയും വെഞ്ചരിച്ചു.

24 രാവിലെ, അമലാപുരി ഇടവകയിൽ തിരുഹൃദയ സന്യാസിനീ സമൂഹത്തിന്റെ പുതിയ ഹോസ്റ്റലും കപ്പേളയും വെഞ്ചരിച്ചു.

ഉച്ചകഴിഞ്ഞ്, അഗസ്ത്യമൂഴി സെന്റ് ജോസഫ്സ് ഹോസ്പിറ്റലിൽ പുതുതായി സ്ഥാപിച്ച സി.ടി. സ്കാനിങ്ങ് യൂണിറ്റ് വെഞ്ചരിച്ചു.

വൈകുന്നേരം, ആനിക്കാംപൊയിൽ ഇടവകയിൽ ഒരു ഭവനം വെഞ്ചരിച്ചു.

രൂപതാഭവനിൽ വെച്ച് നടന്ന എപ്പാർക്കിയൽ അസംബ്ലി സെൻട്രൽ കമ്മറ്റി മീറ്റിങ്ങിൽ സംബന്ധിച്ചു.

25 രാവിലെ, പുതുപ്പാടി ഫിലിപ്പ് നേരി സന്യാസസഭയുടെ ജനറൽ ഭവനത്തിൽ വി. ഫിലിപ്പ് നേരിയുടെ തിരുന്നാളിനോടനുബന്ധിച്ച് വി. കുർബ്ബാനയർപ്പിച്ചു.

വെറ്റിലപ്പാറ ഇടവകയിൽ പുതുതായി നിർമ്മിച്ച ഷോപ്പിംഗ് കോംപ്ലക്സ് വെഞ്ചരിക്കുകയും പുതിയ സംരംഭം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

വെറ്റിലപ്പാറ ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

ഊരകം, സെന്റ് അൽഫോൻസ സ്കൂളിന്റെ പുതുതായി നിർമ്മിക്കുന്ന ഹയർ സെക്കണ്ടറി ബ്ലോക്കിന്റെ തറക്കല്ല് വെഞ്ചരിച്ചു.

വൈകുന്നേരം, താമരശ്ശേരി സെന്റ് അൽഫോൻസാ സ്കൂളിൽ പുതുതായി നിർമ്മിച്ച കിന്റർ ഗാർഡൺ കെട്ടിടം വെഞ്ചരിക്കുകയും തുടർന്ന് വടകര എം.പി. കെ. മുരളീധരന്റെ സാന്നിദ്ധ്യത്തിൽ നടന്ന ചടങ്ങുകളിൽ സംബന്ധിക്കുകയും ചെയ്തു.

26 രാവിലെ, പി.ഒ.സി. യിൽ നടന്ന ഇൻഫാമിന്റെ കേന്ദ്ര കമ്മറ്റി മീറ്റിം ങ്ങിൽ സംബന്ധിച്ചു.

ഉച്ചകഴിഞ്ഞ്, കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന കത്തോലിക്കാ കോൺഗ്രസ്സിന്റെ ഗ്ലോബൽ വർക്കിംഗ് കമ്മറ്റി മീറ്റിങ്ങിൽ സംബന്ധിച്ചു.

27 രാവിലെ, രൂപതാഭവനിൽ വെച്ച് നടന്ന ചെറുപുഷ്പ മിഷൻ ലീഗിന്റെ രൂപത മാനേജിംഗ് കമ്മറ്റി മീറ്റിംഗിൽ  സംബന്ധിച്ചു.

രൂപതാഭവനിൽ വെച്ച് നടന്ന ഹയർസെക്കണ്ടറി സ്കൂളുകളുള്ള ഇടവക വികാരിമാരുടെ സമ്മേളനത്തിൽ പങ്കെടുത്തു.

രൂപതാഭവനിൽ നടന്ന എഫ്.എസ്.റ്റി. മീറ്റിങ്ങ് ഉദ്ഘാടനം ചെയ്യുകയും ക്ലാസ്സെടുക്കുകയും ചെയ്തു.

കാറ്റുള്ളമല ഇടവകയിൽ പരേതനായ ഫിലിപ്പ് പ്ലാത്തോട്ടത്തിൽ അച്ചന്റെയും അദ്ദേഹത്തിന്റെ മാതാപിതാക്കന്മാരുടെയും ചരമ വാർഷികത്തോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിച്ചു.

ഉച്ചകഴിഞ്ഞ്, തോട്ടുമുക്കം ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

വൈകുന്നേരം, പാറോപ്പടി ഇടവക ദൈവാലയത്തിന്റെ നവീകരിച്ച മുഖവാരം വെഞ്ചരിച്ചു.

28 പൂവാറംതോട് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.



# THE PASSION FOR EVANGELIZATION/ THE APOSTOLIC ZEAL OF THE BELIEVER



Dear brothers and sisters,

In this series of catechesis that we are undertaking, we place ourselves in the school of some of the saints who, as exemplary witnesses, teach us apostolic zeal. Let's recall that we are talking about apostolic zeal, which is what we must have in order to proclaim the Gospel.

Indeed, being a disciple of the Lord means following Him, following His path. And the Christian is by nature one who preaches and bears witness to Jesus. Every Christian community receives this identity from the Holy Spirit, and so does the whole Church, since the day of Pentecost (cf. Conc. Vat. II, Decr. Ad gentes, 2). It is from this Spirit that we receive the passion, the passion for evangelization, this great apostolic zeal; it is a gift of the Spirit Who gives. And even if the surrounding context is not favorable it does not change; on the contrary, it becomes even more valuable. Witnessing to the Gospel in times of persecution can bear much fruit for the faith.

No matter how difficult the situation may be and indeed, at times it may seem to leave no room for the Gospel message we must not give up and we must not forsake pursuing what is essential in our Christian life: namely, evangelization.

This is the path. And each of us can think to themselves: “But what about me, how can I evangelize?” But you look at these great ones and you consider your smallness, we consider our littleness: evangelizing the family, evangelizing friends, talking about Jesus but talking about Jesus and evangelizing with a heart full of joy, full of strength. And this is given by the Holy Spirit. Let us prepare to receive the Holy Spirit this coming Pentecost, and ask Him for that grace, the grace of apostolic courage, the grace to evangelize, to always carry the message of Jesus forward. Thank you.

# THAMARAMOTTUKAL

Registered with Registrar of Newspapers of India.

| RNI NO. 71212/99 | Date of Publication : 31-05-2023 |







**അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ്**
**26.04.2023ന് കൂദാശ ചെയ്ത പുതംപാറ ലിറ്റിൽ ഫ്ളവർ ദൈവാലയം**


Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor, Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral Thamarassery P.O., Kozhikode - 673 573 and published at Thamarassery. Editor : Fr. Abraham Kavilpurayidathil, Thamaramottukal Monthly, Volume 25, issue 06, June 2023, Pages 82.